# FINGER TIPS 2020

*The Touch of Creativity*



## DIGITAL MAGAZINE

little KITEs

## IJMHSS Kottiyoor

# ഐ.ജെ.എം.എച്ച്.എസ്.എസ്
# കൊട്ടിയൂർ

# FINGER TIPS 2020

*The Touch of Creativity*

## ഡിജിറ്റൽ മാഗസിൻ 2019-20

ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം

# സമർപ്പണം



**അക്ഷരദീപം തെളിച്ചുനൽകി അകാലത്തിൽ പൊലിഞ്ഞ ദീപപ്രഭ....അണയാത്ത അക്ഷരജ്യോതിയായി ഞങ്ങളുടെ മാനസകോവിലിൽ മായാതെ നിൽക്കുന്നു.**

**ഫിംഗർ ടിപ്പ് 2020 സാദരം സമർപ്പിക്കുന്നു.**

**ഞങ്ങളുടെ പ്രിയപ്പെട്ട**

**റസീനടീച്ചർക്ക് ഒന്നാം ചരമവാർഷികത്തിൽ തിരിച്ചുനൽകാൻ സ്നേഹത്തിൽ ചാലിച്ചകുറേ വർണ്ണങ്ങളും...വരകളും....**

# ആശംസ

**സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾ നൂതന വികാസപരിണാമങ്ങളിലൂടെ മുന്നേറുമ്പോൾ കൈയ്യെഴുത്തിൽ നിന്നും ഡിജിറ്റൽ മാഗസിനിലേക്കുള്ള യാത്ര അഭിനന്ദനീയമാണ്.**

**തൂലിക പോലെ പരമപ്രധാനമാണ് ഇന്ന് കമ്പ്യൂട്ടർ. പ്രസ്തുത സങ്കേതം ഐ ജെ എമ്മിന്റെ പൊന്നോമനകളുടെ ഹൈടെക് വൈദഗ്ധ്യം വിളിച്ചോതുന്നു.**

**വ്യത്യസ്ത സർഗചേതനകളെ വർണങ്ങളിലും വരകളിലും ചേതോഹരമാക്കിയ ഫിംഗർ ടിപ്സ് 2020 യ്ക്ക് ആശംസകൾ...**

**ഫാ. ഷാജി മുളകുടിയാങ്കൽ**

**സ്കൂൾ മാനേജർ**

## ആശംസ

പുതുയുഗത്തിന്റെ പ്രവണതകൾക്ക് അനുസരിച്ച് വായനയും എഴുത്തും പുതിയമാനങ്ങൾ സ്വായത്തമാക്കുമ്പോൾ ഉണർന്നും, ഉയർന്നും ചിന്തിച്ച് സർഗ്ഗാത്മക രചനകൾ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ മിഴിവുറ്റതാക്കിമാറ്റിയ ഫിംഗർ ടിപ്സ് 2020 എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ നേതൃത്വം നൽകിയ ലിറ്റിൽകൈറ്റ്സിന് അഭിനന്ദനങ്ങൾ. മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ടി. ടി. സണ്ണി
ഹെഡ്മാസ്റ്റർ



കുഞ്ഞുഹൃദയത്തിന്റെ
നിഷ്കളങ്കതയിൽ ഈ ചുമരിൽ തെളിയുന്നത്
ഫാന്റസിയുടെ ലോകമാണ്.
സൗഹൃദത്തിന്റെയും നന്മയുടെയും
സന്തോഷത്തിന്റെയും
ചായക്കൂട്ടുകൾ കലർത്തി
വർണ്ണം നൽകിയ ക്യാൻവാസിൽ
ഞങ്ങളുടെ ലോകം ആഹ്ലാദഭരിതമാണ്.
നിറമുള്ള താളുകളിൽ
വിസ്മയച്ചെപ്പുമായി
ഞങ്ങൾ പാറിപ്പറക്കാൻ തുടങ്ങിയിരിക്കുന്നു.
ഞങ്ങൾ പരത്തും
നന്മയുടെ, വസന്തത്തിന്റെ,
സന്തോഷത്തിന്റെ പൂത്തിരികൾ...

# എഡിറ്റോറിയൽ ബോർഡ്



രോഹിത് സക്കറിയാസ്
മിഷേൽ വർഗ്ഗീസ്
അലൻ തോമസ്
ആഷ്ന സോണി
അഭിലാഷ് സി എം
തേജസ് പി ദിനേശ്
ജോയൽ ടോം തോമസ്
ജസീന്ത കെ വി
ഷിൻസി തോമസ്

# മാഗസിൻ കമ്മിറ്റി

### ടൈപ്പിംഗ് കമ്മിറ്റി

രോഹിത് സക്കറിയാസ്
ആഷ്ന സോണി
ഡീന ജോൺസൺ
ആദി ജേക്കബ് ബിനോയ്
അനീറ്റ വിൽസൺ
ഡോയൽ വി ജോർജ്ജ്
ജോയൽ ടോം തോമസ്

### പെയിന്റിംഗ് കമ്മിറ്റി

അഭിലാഷ് സി എം
ക്രിസ്റ്റോ പി ജെ
മിന്നു സോണി
ഏയ്ഞ്ചൽ തോമസ്
തേജസ് പി ദിനേശ്
അനുഗ്രഹ് ജേക്കബ് ബിജോയ്
ശ്രീഹരി പി ബി

### പേജ് സെറ്റപ്പ് കമ്മിറ്റി

അലൻ തോമസ്
മിഷേൽ വർഗ്ഗീസ്
അലന്റീന എം മാത്യു
അലീന വി ജെ
ഫാത്തിമത് തസ്ലി
ജിനോമോൻ എം ജെ

### പേജ് അറേഞ്ച്മന്റ് കമ്മിറ്റി

സ്റ്റെഫിൻ ഒ എസ്
നിതിൻ ഷാജു
ക്രിസ്റ്റീൻ ഷിബു
അക്ഷയ് തോമസ്
ജോബിൻ സി ജെ
അശ്വിൻ സി കെ
ജോയൽ ജോജോ
ജോസഫ് ജോർജ്ജ്
ആകാശ് ഇ ബി
അക്ഷയ് കെ

കവർ പേജ് ഡിസൈൻ : സോണൽ സി ജോസഫ്



# ഉള്ളടക്കം


- കവിത — അമ്മേ...പ്രണാമം — സാന്ദ്ര ടിസി — 13
- യാത്രാവിവരണം — യാത്രകളുടെ കാൽവയ്പ് — അനഘ കെ എ — 14
- അനുഭവകുറിപ്പ് — എന്റെ മരം എന്റെ സ്നേഹവരമാണ് — സാന്ദ്ര എൻ എസ് — 16
- കവിത — കെട്ടിത്തൂക്കിയ ജീവൻ — ബിപാഷാ ബാബു — 17
- Poem — Healing Hands — Anwin Sanju Shaju — 18
- कविता — इस बारिश में — पूजा ऐम जी — 19
- സ്ഥല പുരാണം — കൊട്ടിയൂർ — ആദർശ് പി ബി — 20
- കവിത — വരൾച്ച — രശ്മി കെ ആർ — 22
- സെമിനാർ — അന്താരാഷ്ട്ര രസതന്ത്ര വർഷം – ഒരു വിചിന്തനം — ദിൽന ജോൺസൺ — 23
- കഥ — അച്ഛന്റെ വാത്സല്യം കിട്ടാത്ത മകൻ — ഗായത്രി — 26
- കവിത — കേരളം — അഭിനവ് എം യു — 27
- കഥാനിരൂപണം — കിറിപ്പൊളിഞ്ഞ ചകലാസ് — അലീന എം ടി — 30
- കവിത — വരൂ വരൂ മഴയേ — ക്രിസ്റ്റോ.പി.ജെ — 31
- ലഘുവിവരണം — അത്തം പത്തിനു തിരുവോണം — ആവണി സുനിൽ — 32
- ഉപന്യാസം — ഇന്ത്യ — അലന്റീന എം.മാത്യു — 34
- പഠനം — ഭൂമിയെന്ന ജലസംഭരണി — രോഹിത് സക്കറിയാസ് — 35
- കവിത — തമ്പുരാനൊത്തുള്ള ഓണം — സെബാൻ ഷാജി — 38
- കവിത — അമ്മയുടെ ശവദാഹം — സിപ്പി പള്ളിപ്പുറം — 39
- കഥാപാത്രനിരൂപണം — മോൺസിന്യേർ ബിയാങ് വെന്യൂ — ആൽബിൻ മാത്യു — 41
- കവിത — ജവാൻ — അലൻ തോമസ് — 43
- ലഘുവിവരണം — മഴ — അഭിലാഷ് സി.എം — 44

| | | | |
|---|---|---|---|
| • കവിത | നമ്മുടെ കേരളം | നന്ദന ശശി | 45 |
| • ലഘുവിവരണം | അന്തരീക്ഷ മലിനീകരണം | ടോം ബാബു | 46 |
| • ഉപന്യാസം | സ്നേഹത്തിൻെറ മുഖങ്ങൾ | അഭിനവ് ടി.എം | 48 |
| • അഭിനന്ദനങ്ങൾ | | | 49 |
| • കഥ | ഒറ്റയടിപ്പാതപ്പോരാളി | സോന ജോൺ ബിനോയ് | 52 |
| • കവിത | കൂടെ | അജന്യ അശോക് | 54 |
| • ഐതിഹ്യം | ഓണം | അനീറ്റ ബിജു | 55 |
| • യാത്രാവിവരണം | എന്റെ യാത്ര | നന്ദന ശശി | 56 |
| • ക്വിസ് | ഉത്തരം പറയാമോ? | ഗോവർദ്ധൻ . ജി | 57 |
| • ചിത്രീകരണം | പ്രകൃതി | | 58 |
| • പ്രസംഗം | ഓണം | രത്യ കെ.ആർ | 59 |
| • ലഘുവിവരണം | വിഷുപക്ഷി | ജോബിറ്റ് ജോണി | 60 |
| • കവിത | ആധുനിക ലോകത്തിന്റെ കൈപ്പിഴവ് | അതുല്യ സുരേഷ് | 61 |
| • നേട്ടം | സ്പോർട്സ് | | 62 |
| • ശൈലി | കഥകളി ശൈലികൾ | അക്ഷയ് കെ | 64 |
| • കവിത | കാലത്തിൻെറ നിറവ് | അനഘ കെ എ | 66 |
| • അനുസ്മരണം | കെ. പി. അപ്പൻ | അനഘ ജോസഫ് | 67 |
| • നേട്ടം | രാജ്യ പുരസ്കാർ സ്കൗട്ട് | | 68 |
| • ഓർമ്മക്കുറിപ്പ് | പണ്ടത്തെ ഓണസ്മരണകൾ | അനീറ്റ വിൽസൺ | 70 |
| • കവിത | വേർപാട് | അജിൻ ബെന്നി | 75 |
| • കഥ | മലയോരത്തിന്റെ ഒറ്റയടിപ്പാത | കീർത്തന എസ് നായർ | 77 |

| | | | |
|---|---|---|---|
| • റിപ്പോർട്ട് | എസ് പി സി 2019-20 | | 76 |
| • നാടകം | ശകുന്തള-2.5 | ഷഹ്മ ഹെന | 78 |
| • പേരുകളുടെ ചരിത്രം ചുങ്കക്കുന്ന്, നീണ്ടുനോക്കി, കൊട്ടിയൂർ, ഓരോ സ്ഥലപ്പേരിനും ഓരോ കഥയുണ്ട് | | മിന്നു സോണി | 83 |
| • കവിത | മനസ്സിനായി പെയ്തത് | ജോസ്ലിൻ ജെയ്സൺ | 85 |
| • നിർമ്മാണം | ഓഫീസ് ഫയൽ | | 87 |
| • റിപ്പോർട്ട് | ലിറ്റിൽ കൈറ്റ്സ് | | 88 |
| • പ്രസംഗം | അധ്യാപക ദിനം | അലീന മോൾ എം | 90 |
| • ആത്മകഥ | അമ്മ എന്ന സ്നേഹ ദേവത | ടെസ്സ തെരേസ് ലിജോ | 91 |
| • കവിത | പ്രളയം | ജഫ്രീന കെ ജോസഫ് | 93 |
| • ഉപന്യാസം | മഹാത്മാഗാന്ധി | അലന്റിന | 94 |
| • സെമിനാർ | കാട്ടുതീ – സസ്യജന്തു വൈവിധ്യത്തിന്റെ കലവറയായ വനങ്ങൾ നേരിടുന്ന ഭീഷണിയെക്കുറിച്ച് | ജോയൽ ടോം തോമസ് | 95 |
| • വിവരണം | സൈബർ കുറ്റകൃത്യം | ജോസഫ് ജോർജ്ജ് | 98 |
| • കവിത | എന്റെ അമ്മ | ആൽഗ്രിറ്റ് ആൻ ജോസഫ് | 99 |
| • Essay | Man Made Calamities | Deena Johnson | 100 |
| • കവിത | നമ്മൾ തൻ ജീവിതം | ആര്യ പീറ്റർ ബിനോയ് | 102 |
| • ഉപന്യാസം | വിദ്യാർത്ഥികളും അച്ചടക്കവും | ഡോൺ ജോസ് | 103 |
| • Poem | Equal As Real Mum | Deena Jose | 104 |
| • കവിത | എന്റെ വിദ്യാലയം | അജന്യ അശോക് | 106 |

| | | | |
|---|---|---|---|
| ഉപന്യാസം | കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ | അശ്വിൻ ഷാജി | 106 |
| Story | Fake | Nivin George M V | 108 |
| ഉപന്യാസം | ഹിരോഷിമ ദിനം | അബിൻ മാത്യു | 109 |
| कविता | शुभगमन | Aneeta Maria | 110 |
| Riddles | Seven Second Riddles | Abhinav M Biju | 111 |
| പ്രവർത്തനം | ജെ ആർ സി 2019 – 20 | | 112 |
| കവിത | പ്രളയം | അശ്വന്ത് പ്രമോദ് | 113 |
| കഥ | പ്രതിഫലം | സംഗീത് സിബി | 114 |
| മഹത് വചനം | ഗാന്ധിജി | | |
| കവിത | കണ്ണട | അജിൻ ജിമ്മി | 116 |
| ഉപന്യാസം | പ്രളയം | നിതിൻ ഷാജു | 117 |
| ക്വിസ് | കമ്പ്യൂട്ടർ പരിജ്ഞാനം | ഗോവർധൻ ജി | 119 |

2019 20 അക്കാദമിക് വർഷത്തിൽ സ്കൂളിൽ നടന്ന വിവിധ പ്രവർത്തനങ്ങൾ 130





കവിത

# അമ്മേ...പ്രണാമം

ഇളം ചുണ്ടിലാദ്യം മുലപ്പാലിനൊപ്പം
കിളിർക്കുന്ന ശബ്ദം അതാണെന്റെയമ്മ
ഇളം പാദമാദ്യം ചവിട്ടുന്ന നേരം
ചിരിച്ചുകൊണ്ടെന്നെ പിടിക്കുന്നതമ്മ
മടിത്തട്ടിൽ നിന്നും കളിക്കുന്ന നേരം
ശഠിക്കുന്ന വാത്സല്യദുഗ്ധം കുടിക്കും
മനസ്സിന്റെ സ്നേഹാർദ്ര സൗഭാഗ്യമമ്മ
പിടയ്ക്കുന്ന നെഞ്ചിന്റെ താളക്രമത്തിൽ
കിടക്കുന്ന കുഞ്ഞിന്റെ രോമാഞ്ചമമ്മ
ഇതാണെന്റെ അമ്മ, ഇതാണെന്റെ നന്മ
ഇതാണെന്റെ ധർമ്മം ഇതാണെന്റെ കർമ്മം
നമിക്കുന്നിതമ്മേ....ഭജിക്കുന്നിതമ്മേ....
ജപിക്കുന്നിതമ്മേ....സഹസ്രപ്രണാമം....
സഹർഷ പ്രണാമം....

-സാന്ദ്ര ടിസി



യാത്രാവിവരണം

# യാത്രകളുടെ കാൽവയ്പ്പ്

ജീവിതത്തിൽ ഇതുവരെയും ഉണ്ടാകാത്ത ഒരനുഭൂതിയാണ് സ്കൂളിൽ നിന്നുള്ള ഈ ഒരു യാത്രയിലൂടെ എനിക്ക് ലഭിച്ചത്. കുറെ ഓർമ്മകൾ സമ്മാനിച്ച യാത്രയായിരുന്നു മൂന്നാറിലേക്കുള്ള ഞങ്ങളുടെ കാൽവയ്പ്പ്. ഗ്രാമീണ തനിമ നിറഞ്ഞു നിൽക്കുന്ന നാടാണ് മൂന്നാർ. അവിടുത്തെ ഓരോ ഓർമ്മയും എന്നെ കുളിരണിയിപ്പിക്കുന്ന ഒന്നാണ്. ഓരോ യാത്രയും നമുക്ക് പല ഓർമ്മകളാണ് സമ്മാനിക്കുന്നത്. അതിൽ നിന്നെല്ലാം വ്യത്യസ്തമായി എന്റെ മനസ്സിൽ ഈ യാത്ര എന്നും ഉണർന്നിരിക്കും .



ഇത്രയും കാലത്തെ എന്റെ സ്കൂൾ ജീവിതത്തിൽ ഞാനേറെ സന്തോഷിച്ച നിമിഷങ്ങളാണ് ഇക്കഴിഞ്ഞ ദിവസങ്ങളത്രയും. മൂന്നാറിന്റെ പ്രത്യേകത എന്നു വച്ചാൽ ആരെയും ആകർഷിപ്പിക്കുന്ന തേയില തോട്ടങ്ങളും, മൂടൽമഞ്ഞും, വെള്ളച്ചാട്ടങ്ങളും, മലകളും. ഇതിന്റെയെല്ലാം പുറമേ എന്നെ ആകർഷിപ്പിച്ചത് ഇരവികുളം നാഷണൽപാർക്കാണ്. കറേ നടന്നുവേണം മേലെ ആ താഴ്വരയിൽ എത്തിച്ചേരാൻ. ആ മലയിലൂടെ നടക്കുമ്പോൾ നമുക്ക് പ്രത്യേക ഒരു കുളിർമ്മയാണ് ഉണ്ടാവുക. വഴിയിലൂടെ നടക്കുന്ന വരയാടുകളും വഴിയരികിൽ പൂത്തുനിൽക്കുന്ന കുഞ്ഞിപുഷ്പങ്ങളും മലയുടെ മുകളിൽ നിന്നൊഴുകി വരുന്ന തണുത്ത വെള്ളച്ചാട്ടങ്ങളും നമ്മെ വന്നു തലോടുന്ന ഇളംകാറ്റും നീലകുറിഞ്ഞി ചെടികളും ആരെയും ആകർഷിപ്പിക്കുന്ന ഒന്നുതന്നെയാണ്. ആരാണ് കാടിന്റെ ഭംഗി ആസ്വദിക്കാത്തത്! അത്രയും മനോഹരമാണ് ഈ ഓരോ സ്ഥലവും നമുക്കായി പങ്കുവയ്ക്കുന്നതത്രയും.

ആതിരപ്പള്ളി വെള്ളച്ചാട്ടം ഞങ്ങൾ കാണേണ്ട എന്നുവച്ച സ്ഥലമായിരുന്നു. സമയകുറവുമൂലമായിരുന്നു ഒഴിവാക്കാം എന്ന് തീരുമാനിച്ചത്. എന്നാൽ ഞങ്ങൾ സമയം ഉണ്ടാക്കി അങ്ങോട്ട് പോയി .അത് കണ്ടപ്പോഴാണ് ഇത് കണ്ടില്ലായിരുന്നെങ്കിൽ ജീവിതത്തിലെ ഏറ്റവും വലിയ നഷ്ടമായിരിക്കുമെന്ന് ഞങ്ങൾ മനസ്സിലാക്കിയത്. അത്രയ്ക്കും മനോഹരമായിരുന്നു ആ കാഴ്ച. മലയിൽ നിന്ന് ഒഴുകിവരുന്ന വെള്ള പുകപോലെയാണ് ജലം ഭൂമിയെ സ്പർശിക്കുന്നത്. ഒരു പ്രത്യേക അനുഭവം തന്നെയാണ് ആതിരപ്പള്ളി വെള്ളച്ചാട്ടം.

ഏറെ ആകർഷിച്ച യാത്രയാണ് മൂന്നാറിലേക്കുള്ള ഞങ്ങളുടെ ഈ ചുവടുവെപ്പ്. കൂട്ടുകാരുമായി ആടിയും പാടിയും സമയം പോയതേ അറിഞ്ഞില്ല. തിരിച്ചുപോകാനായ നിമിഷത്തിൽ വളരേ അധികം സങ്കടം വന്നു. ഇങ്ങനെയുള്ള നിമിഷങ്ങൾ ജീവിതത്തിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ.അത് നാം ഒരിക്കലും തള്ളികളയരുത്. വളരെ നഷ്ടമായിരിക്കും.

– അനഘ കെ എ

അനുഭവകുറിപ്പ്

## എന്റെ മരം എന്റെ സ്നേഹവരമാണ്

നാലാം ക്ലാസിന്റെ മതിപ്പിൽ എന്റെ വീട്ടിൽ ഞാനൊരു നെല്ലിമരം നട്ടു. അതിനെ എന്നാലാവുന്ന വിധം ഞാൻ പരിപാലിക്കുകയും ചെയ്തു. ഇന്നത് എന്നേക്കാൾ വലുതായി ഒരു വൃക്ഷമായി തലയെടുപ്പോടെ നിൽക്കുന്നു. എനിക്കും പ്രകൃതിയെ പരിപാലിക്കുവാൻ സാധിക്കും എന്ന തിരിച്ചറിവുണ്ടായപ്പോൾ എനിക്ക് അഭിമാനം തോന്നി. ശുദ്ധവായുവും കായ്ഫലങ്ങളും അന്നു ഞാൻ അതിനു നൽകിയ പരിപാലനത്തിനു പ്രതിഫലമായി ഇന്നത് എനിക്ക് തിരിച്ചുതരികയാണ്. നാം ഏതൊരു വൃക്ഷത്തെയും വേണ്ടവിധം പരിപാലിച്ചാൽ അത് നമുക്ക് അതിനാലാവുന്നവിധം കായ്ഫലങ്ങളും ശുദ്ധവായുവും തിരികെ തരും. അതു മനസ്സിലാക്കി പ്രകൃതിയെ തൊട്ടറിയുവാൻ സാധിക്കുന്നു എന്നതോർക്കുമ്പോൾ സന്തോഷം തോന്നുന്നു.

സ്നേഹവും കരുതലും പകർന്നു നൽകി വളർത്തിയ എന്റെ നെല്ലി. ഇന്നത് അത് വലിയ വൃക്ഷമാണ് . ഇപ്പോൾ ഞാൻ വളർത്തിയെടുത്ത മരം എന്ന രീതിയിൽ അതിന്റെ അടുത്തു നിൽക്കുമ്പോൾ പറഞ്ഞറിക്കുവാനാവാത്ത ഒരു സുഖം എനിക്ക് ലഭിക്കാറുണ്ട്. ഇന്ന് ഒരു ഓറഞ്ചുമരത്തെക്കൂടി ഞാൻ പരിപാലിക്കുന്നുണ്ട്. അതും എന്നെ നല്ലവണ്ണം പ്രീതിപ്പെടുത്തും എന്ന് എന്റെ മനസ്സ് എന്നോടുതന്നെ മന്ത്രിക്കുന്നത് ഞാനറിയുന്നുണ്ട്. എന്റെ മരം എന്റെ കൂട്ടുകാരൻ കൂടിയാണ് .

- സാന്ദ്ര എൻ എസ്

കവിത

# കെട്ടിത്തൂക്കിയ ജീവൻ

മുറ്റത്തെ മാവിൻ ചോട്ടിൽ
കളിക്കുന്ന പൈതലാം രണ്ടു
പേർ പെൺകുട്ടികൾ

ചിരിയും കളിയും തമാശയും
പിന്നെ അറിയാതെയുള്ള
പരാമർശവും.......


അമ്മയും അച്ഛനും കൺക്കളിർക്കെ
കണ്ടു അവരുടെ സ്നേഹ
വാത്സല്യങ്ങളും.... ചേച്ചി
അനിയത്തി എന്നു പറയുമ്പോൾ
വിടരുന്ന ആ ചെറു പുഞ്ചിരിയും....

അമ്മ മാനത്തേക്ക് നോക്കി
പറയുന്നു വട്ടം കറങ്ങുന്നു
പരുന്തുകളും...കോഴിക്കിടാങ്ങളെ
കൊത്തിപ്പറക്കുവാൻ കാത്തിരി
ക്കുന്നയാ പക്ഷികളും.......

– ബിപാഷാ ബാബു

**Poem**

# Healing Hands



When I was happy
She was there with me

When I was sad
She was there for me

When I was hot
The cool winds showed up

When it was cool
The sun showed up

When I cried
She also cried with me

When I was alone
She stood with me

She was my mother
And I was her sadness

Though she loved me
I hurt her

She was my medium of conversion
Sorrow to happy, death to life.

**-Anwin Sanju Shaju**

**कविता**

# इस बारिश में



आया है आया है
बारिश आया है|
बूंदों के रूप में
वर्षा आया है|

देखो देखो खुशी देखो
फल फूल का खुशी देखो|
बिजली आया हवा आया
सांसों से वर्ष आया|

देखो देखो धरती देखो
धरती कितनी सुंदर है|
आया है आया है
वर्षा आया है|

**पूजा ऐम जी**

സ്ഥല പുരാണം

# കൊട്ടിയൂർ

ദക്ഷയാഗത്തിന്റെ പര്യവസാനഘട്ടത്തിൽ ത്രിമൂർത്തികൾ മൂവരും കൂടിച്ചേർന്ന് ദർശനമേകിയ ഊരാണ് കൊട്ടിയൂർ. കൂടിച്ചേർന്ന ഊര് 'കൂടിയൂർ' എന്നും കാലക്രമേണ കൂടിയൂർ കൊട്ടിയൂരായി മാറുകയും ചെയ്തു. ത്രിശ്ശിരസ് തപസനുഷ്ടിച്ച പർവ്വതം ' ത്രിശിരാചലം' എന്ന പേരിലറിയപ്പെടുന്നു. ത്രിശിരസ്സിന്റെ ഭൗതീകശരീരം മണ്ണിലലിഞ്ഞു ചേർന്ന താഴ്വാരപ്രദേശം 'തൃച്ചെറുമന്ന' എന്നായിതീരുകയും ചെയ്തു.

ജനസഹസ്രങ്ങൾ പുണ്യം തേടിയെത്തുന്ന ഈ ശിവസന്നിധി 'ദക്ഷിണകാശി' എന്ന പേരിലറിയപ്പെടുന്നു. ശ്രീ കൊട്ടിയൂരിന് ദക്ഷിണകാശി എന്ന മഹനീയ പദവി നൽകിയത് ശ്രീ ശങ്കരാചാര്യരാണെന്ന് വിശ്വസിക്കുന്നു. കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ ഈ പുണ്യസങ്കേതത്തെ 'വടക്കീശ്വരം' ‘വടക്കുകാവ് ' എന്നിങ്ങനെയെല്ലാം പറയാറുണ്ട്.

ദക്ഷയാഗചരിതത്തിൽ ദക്ഷായണിയുടെ യാഗവേദിയിലേക്കുള്ള യാത്രാഘട്ടങ്ങളുമായി ബന്ധപ്പെട്ട് നിരവധി സ്ഥലനാമങ്ങൾ ഉണ്ട്. യാഗദർശനത്തിനായി കൈലാസേശ്വരന്റെ മുന്നറിയിപ്പുകൾ കാര്യത്തിലെടുക്കാതെ പുറപ്പെട്ടിറങ്ങിയ സതീദേവിക്ക് ഭവിഷത്തുകളെന്താവുമെന്ന് ആശങ്കയാൽ തിരിച്ച് പോയാലോ എന്ന ചിന്തയുണ്ടായി. തിരിച്ച് പോവാനും മനസ്സുവന്നില്ല. അങ്ങനെ കഠിന വേദനയാൽ മനംനൊന്ത് കണ്ണീർ പൊഴിച്ച സ്ഥലമാണ് 'കണ്ണീരാറ്റിൽ'. കണ്ണീർകണങ്ങൾ പതിച്ച പുഴ കണിച്ചാറെന്ന് അറിയപ്പെട്ടു.

യാത്രാവേളയിൽ ആലസ്യം പൂണ്ട ദേവിയും പരിവാരങ്ങളും നിരയായി ഇരുന്ന സ്ഥലമാണ് 'ആലസ്യംചാൽ'. ഇത് പരിണമിച്ച് 'ആയോത്തുംചാലായി' മാറി. മഹനീയമായ യാഗകർമ്മങ്ങൾ നടക്കുന്ന വേദിയിലേക്ക് അടയാഭരണങ്ങൾ കൂടുതൽ അണിഞ്ഞു പോവുന്നതിന്റെ അനൗചിത്യം മനസ്സിലാക്കികൊണ്ട് മടങ്ങിവരുമ്പോൾ തിരികെയെടുക്കാമെന്ന ചിന്തയോടെ ആഭരണങ്ങളെല്ലാമഴിച്ച്

ഒരുകിഴിയാക്കി പാലച്ചുവട്ടിൽ കുഴിച്ചിട്ടു. ഈ സ്ഥലത്തിന് പൊന്നരരിക്കും പാലാ എന്ന് പേരുവന്നു. യാത്രാവേളയിൽ മനസ്ഥാപത്തോടെ ഇരുന്ന തിണയാണ് മനസ്സിണ മനസ്സിണയായും പിന്നീട് അത് മണത്തണയായും രൂപാന്തരപ്പെട്ടു. ദേവിയെ അനുഗമിച്ച ഭൂതഗണങ്ങൾ വിശ്രമിച്ച തറയാണ് ഭൂതനാക്കുൽത്തറ. ഇന്നിത് പൂതനാക്കുൽത്തറ എന്ന് അറിയപ്പെടുന്നു. പരമശിവന്റെ വാഹനമായ കാള എത്തിയ അകമാണ് കാളകം. കാളകം ഇന്നു പ്രയോഗത്തിൽ കേളകം മഹത്വൽ കരിക്കപ്പെട്ടു. യാഗം കാണാനുള്ള ധൃതിയിൽ വേഗത്തിലോടിയ പ്രദേശം വേഗലോടിയായി. കാലക്രമേണ വേഗലോടി വെങ്ങലോടിയായി രൂപംപ്രാപിച്ചു. യാഗവേദിയുടെ ദൂരക്കാഴ്ച ആദ്യമായി ദർശിക്കുവാൻ കഴിഞ്ഞ ഇടമാണ് തലക്കാണി.




യാഗവേദി കാണാനുള്ള ആകാംഷയാൽ സതീദേവി തലയുയർത്തി നീണ്ടുനോക്കിയ സ്ഥലമാണ് നീണ്ടുനോക്കിയായി മാറിയത്. യാഗസ്ഥലമെത്താറായപ്പോൾ കുതിച്ചൊഴുകുന്ന ഒരുതോട്. എങ്ങനെയിത് മറകടക്കുമെന്ന് വ്യാകുലപ്പെട്ടപ്പോൾ ഒരു സർപ്പം പാലമായി കുറുകെകിടന്നു. ശിവഭൂഷണമായ പാമ്പിനെ ചവിട്ടുന്നത് നിന്ദയല്ലേ എന്ന ഭാവത്താൽ ഒന്നറച്ചുനിന്ന ഈ സ്ഥലമാണ് പാമ്പറപ്പാനും പാമ്പറപ്പാൻ തോടും. ദേവിയുടെ കൂടെയുണ്ടായിരുന്ന ഭൂതഗണങ്ങൾ യാഗവേദിയിലേക്ക് പോകാതെ പാമ്പറപ്പാൻ തോടുകഴിഞ്ഞതിനുശേഷം ഇന്നത്തെ ആയില്ല്യാർക്കാവ് പ്രദേശത്തുകൂടിനിന്ന്, ആയിരം വില്ലുകാരായ ഭൂതഗണങ്ങൾ കൂടി നിന്ന കാവാലായതിലാണ് ഇതിന് ആയില്ല്യാർക്കാവ് എന്നു പേരു വന്നത്. അവിടുന്നങ്ങോട്ട് ദേവി മന്ദം മന്ദം നടന്നുനീങ്ങീയ ചേരിയാണ് മന്ദംചേരി.

പരമശിവനും പാർവ്വതീദേവിയും ഇരുവരും പാലുകാച്ചിക്കുടിച്ച സ്ഥലമാണ് പാലുക്കാച്ചി. ശിവനും പാർവതിയും കാച്ചിക്കുടിച്ച പാലിൽ ബാക്കി വന്നത് മറിച്ചപ്പോൾ രൂപം പ്രാപിച്ച ചുരമാണ് പാൽചുരം.

**- ആദർശ് പി ബി**

കവിത

# വരൾച്ച

എവിടെയും കാണവാനില്ല ഒരു ജലകണിക പോലും
എല്ലായിടത്തും വറ്റിവരണ്ട കിണറുകൾ മാത്രം
ഒരു തുള്ളി ജലത്തിനായി മനുഷ്യൻ
ഭ്രമിക്കു ചുറ്റും നെട്ടോട്ടമോടുകയായി
എങ്ങുമില്ല...എങ്ങുമില്ല....
ഒരു തുള്ളി ജലം പോലും.

മനുഷ്യനിപ്പോൾ കെഞ്ചുന്നു ഒരു തുള്ളി ജലത്തിനായി
മൺനിലങ്ങളെല്ലാം ഒരു പൊട്ടിയ ഗ്ലാസു
പോൽ വിണ്ടുകീറിയിരിക്കുന്നു
പുഴയിലെ മണൽ തരികൾ കാറ്റിന്റെ ശക്തിയിൽ
ചാറാൻ തുടിക്കുന്നു



ഈറനണിഞ്ഞ മരങ്ങളൊക്കെ
വാടിത്തുടങ്ങാൻ ശ്രമിക്കുകയായി.
പുഴയിലെ ജീവജാലങ്ങളെല്ലാം
ശവമായ് തീർന്നിരിക്കുന്നു.

ഇനി മനുഷ്യർ മാത്രമെന്തേ
ജീവനവേണ്ടി തേടുന്നു
വരൾച്ചയായി വന്നകാലം നാടിന്റെ
ശാപമായി തീർന്നിരിക്കുന്നു.

– രശ്മി കെ ആർ

## സെമിനാർ അന്താരാഷ്ട്ര രസതന്ത്ര വർഷം – ഒരു വിചിന്തനം

ശാസ്ത്ര യുഗത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ജീവിതത്തിലെ സമസ്ത കോണുകളിലും അതിന്റെ സ്വാധീനം വ്യക്തമാണ്. ആദിമ മനുഷ്യനിൽ നിന്നും അത്യാധുനിക മനുഷ്യനിലേക്കുള്ള അത്ഭുതാവഹമായ പരിവർത്തനത്തിന് കേന്ദ്രബിന്ദു ശാസ്ത്രത്തിന്റെ വളർച്ചയാണ്. ആദിമ മനുഷ്യന്റെ ജീവിത സൗകര്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ആധുനിക മനുഷ്യൻ ഇന്ന് ദൈവ തുല്യനാണ്. ശാസ്ത്രം സംഭാവന ചെയ്ത ഒട്ടനവധി കാര്യങ്ങൾ മാനുഷിക ജീവിതത്തിന് വിലമതിക്കാനാവാത്ത സേവനമാണ് നൽകിക്കൊണ്ടിരിക്കുന്നത്. ശാസ്ത്രം വളർച്ചയുടെ പടവുകൾ കയറുമ്പോൾ മനുഷ്യ ജീവിതം കൂടുതൽ സുന്ദരവും സുഗമവുമായി മാറുകയാണ്.

ലോകത്തിന്റെ സമസ്ത മേഖലകളും ശാസ്ത്രതത്വങ്ങൾ കൊണ്ട് അമ്മാനമാടുന്ന ഇന്നിന്റെ ലോകത്ത് 2019 ഏറെ ശ്രദ്ധിക്കപ്പെടുന്നു. എന്താണെന്നല്ലേ... ലോകത്തെ ഏറ്റവും പ്രശസ്തമായ പട്ടിക ഏതാണെന്ന് ചോദിച്ചാൽ ഉത്തരം പറയാൻ സംശയിക്കേണ്ട രാസമൂലകങ്ങളുടെ പീരിയോഡിക് ടേബിൾ തന്നെ. അറിയപ്പെടുന്ന 118 മൂലകങ്ങളുടെ പട്ടിക യാണെന്ന് ലളിതമായി പറയാം. ആധുനിക രസതന്ത്രത്തിന് മൂലക്കല്ലായി മാറിയ ഈ പട്ടിക കണ്ടെത്തിയിട്ട് 150 വർഷം തികയുന്നു. 2019 ന് അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷം ആയി യു എൻ ആചരിക്കുന്നതിന് കാരണമിതാണ്. ആധുനിക ശാസ്ത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും സ്വാധീനം ചെലുത്തിയ തുമായ മുന്നേറ്റങ്ങളിൽ ഒന്നാണ് ആവർത്തനപ്പട്ടികയുടെ രൂപീകരണം.

രസതന്ത്രത്തിന്റെ വികാസ ചരിത്രത്തിൽ ആവർത്തനപ്പട്ടികയുടെ രൂപീകരണം ഒരു സുപ്രധാന നാഴികക്കല്ലാണ്. ഇതിലൂടെ യഥാർത്ഥത്തിൽ നമ്മൾ നോക്കുന്നത് മഹാ പ്രപഞ്ചത്തിലെ അറിയപ്പെടുന്ന മുഴുവൻ ആറ്റങ്ങളിലേക്കുമാണ്,

മുഴുവൻ മൂലകങ്ങളിലേക്കുമാണ്. വിശാലമായ അർഥത്തിൽ പുതിയ വാതായനം പ്രപഞ്ചത്തിലേക്ക് തുറന്ന തരികയാണ് പീരിയോഡിക് ടേബിൾ ചെയ്യുന്നതെന്ന്

സാരം. ആവർത്തനപ്പട്ടിക ഇന്നത്തെ രൂപത്തിൽ എത്തുന്നത് ഒന്നര നൂറ്റാണ്ടിലേറെ നീണ്ടുനിന്ന പരീക്ഷണ നിരീക്ഷണങ്ങളുടെയും നിരവധി ചിന്താധാരകളുടെയും യുക്തികളുടെയും ദർശനങ്ങളുടെയും ഫലമായാണ്.

1864 ഇൽ ജൂലിയസ് ലോതർ മേയർ എന്ന ജർമ്മൻ ശാസ്ത്രജ്ഞൻ എന്ന് അറിയപ്പെടുന്ന 44 മൂലകങ്ങളെ അവയുടെ സംയോജകത അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയ പട്ടിക ശ്രദ്ധേയമായ ഒരു ചുവടുവെപ്പായിരുന്നു. തുടർന്ന് 1869 ൽ റഷ്യൻ ശാസ്ത്രജ്ഞനായ ദിമിത്രി ഇവാനോവിച്ച് മെൻഡലീവ് ആണ് മൂലകങ്ങളെ ശാസ്ത്രീയമായി വർഗീകരിച്ചത്. ഒരേ തരത്തിലുള്ള ഗുണങ്ങളുള്ള മൂലകങ്ങളെ ഒരേ നിരയിൽ വരുന്ന രീതിയിലാണ് മെൻഡലീവ് ആവർത്തന പട്ടിക വിഭാവനം ചെയ്തത് പിന്നീടുള്ള പുതിയ മൂലകങ്ങളുടെ കണ്ടെത്തൽ പട്ടികയുടെ രൂപത്തിൽ കാലാനുസൃത മാറ്റങ്ങൾ വരുത്തി ലാവോസിയ 1770-89 ൽ ലോഹങ്ങൾ എന്നും അലോഹങ്ങൾ എന്നും വാതകങ്ങൾ എന്നും ഭൗമം എന്നും വ്യത്യസ്ത വിഭാഗങ്ങളിൽ 33 മൂലകങ്ങളുടെ പട്ടിക നിർമ്മിച്ചു എന്നാൽ അദ്ദേഹം തരംതിരിച്ച് പട്ടികയിലെ പല മൂലകങ്ങളും പിൽക്കാലത്ത് സംയുക്തങ്ങൾ ആണെന്ന് തെളിയിക്കപ്പെട്ടു.

ആവർത്തനപ്പട്ടികയിലെ പല മൂലകങ്ങളും മാനവകുലത്തിന് ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിൽ അത്യാവശ്യമാണ് മനുഷ്യന്റെ ജീവന്റെ നിലനിൽപ്പിന് വായു അത്യന്താപേക്ഷിതമാണ് അതുപോലെതന്നെ റോക്കറ്റുകളിൽ ഇന്ധനം നിറയ്ക്കുന്നതിന് ഓക്സിജനും ഹൈഡ്രജനും സഹായിക്കുന്നു വെൽഡിങ്ങിന് ഉപയോഗിക്കുന്ന ഓക്സി അസറ്റലീൻ വാതകത്തിന്റെ ഒരു ഘടകമാണ് ഓക്സിജൻ. അസെറ്റലിനെ കത്താൻ സഹായിക്കുക എന്നതാണ് ഓക്സിജൻ അധർമ്മം വായുവിന്റെ സാന്നിധ്യം ഓക്സീകരണ ത്തിന് കാരണമാകുന്ന പ്രവർത്തനങ്ങൾക്ക് വായുവിന് പകരമായി നൈട്രജൻ ഉപയോഗിക്കുന്നു ഇങ്ങനെ നിരവധി

ഉപയോഗങ്ങൾക്കും വികാസങ്ങളും ആവർത്തനപ്പട്ടികയിലെ മൂലകങ്ങൾ വിധേയമാകുന്നു.

ശാസ്ത്രം പുരോഗതിയിലേക്ക് നയിക്കുന്ന ആവണം മനുഷ്യന്റെ ഭൗതികവും ശാരീരികവും മാനസികവും ബൗദ്ധികവും ആദ്ധ്യാത്മിക പരവുമായ വളർച്ചയിൽ അതിനെ ഉപയോഗപ്പെടുത്തണം.ഇനിയും രസതന്ത്രത്തിലെ വളർച്ചയിൽ ആവർത്തന പട്ടിക കൂടുതൽ സംഭാവന നൽകട്ടെ.




– ദിൽന ജോൺസൺ

കഥ

# അച്ഛന്റെ വാത്സല്യം കിട്ടാത്ത മകൻ

ഒരിക്കൽ ഒരിടത്ത് ഒരു അമ്മയും മകനും ഉണ്ടായിരുന്നു. അമ്മ ഒരു വിധവയാണ്. മണിക്കുട്ടൻ എന്നാണ് എല്ലാവരും വിളിച്ചത്. അവൻ ഇപ്പോൾ ഒന്നാം ക്ലാസിൽ പഠിക്കുന്നു. ഇത്രയും കാലമായി അവന്റെ അച്ഛനെ കണ്ടിട്ടില്ല. പല വീട്ടിലും ജോലിക്ക് നിന്നാണ് അമ്മ മണിക്കുട്ടനെ പഠിപ്പിക്കുന്നത്. ഒരു ദിവസം അമ്മ ഒരു കമ്പനിയിൽ ജോലി ചെയ്യാൻ തുടങ്ങി. ഒരു മാസം കഴിഞ്ഞപ്പോൾ അമ്മയ്ക്ക് ശമ്പളം കിട്ടി. അപ്പോൾ അമ്മ അവനോടു ചോദിച്ചു:" മണിക്കുട്ടാ, നിനക്ക് എന്താണ് വേണ്ടത്? " അപ്പോൾ മണികുട്ടൻ പറഞ്ഞു: "എനിക്കൊന്നും വേണ്ട, പകരം ഈ സ്നേഹവും വാത്സല്യവും സംരക്ഷണം എന്നും ഉണ്ടായാൽ മതി."

അമ്മ അവനെ കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞു. അങ്ങനെ വർഷങ്ങൾ കഴിഞ്ഞു. മണിക്കുട്ടൻ ഒന്നാം റാങ്കിൽ ഡോക്ടറായി. അവൻ ആദ്യം അമ്മയെ കണ്ട് ഈ സന്തോഷവാർത്ത അറിയിച്ചു. അമ്മ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു കൊണ്ട് ചോദിച്ചു :"മണിക്കുട്ടാ, നിനക്ക് എന്താണ് വേണ്ടത്? "

മണിക്കുട്ടൻ പറഞ്ഞു: "ഞാൻ ഇന്ന് ഒരു പുതിയ കൂട്ടുകാരനെ കണ്ടു. ഞങ്ങൾ കൂടുതൽ അടുത്തറിഞ്ഞു. അവൻ എന്നോട് ചോദിച്ചു: "നിന്റെ അച്ഛൻ എന്താണ് ചെയ്യുന്നത്? "എന്റെ മനസ്സ് വളരെയധികം കരഞ്ഞു. ആ നിമിഷം എന്റെ മനസ്സിൽ തീപടർന്നു. അമ്മ തന്നെ എനിക്ക് പറഞ്ഞു തരൂ... അച്ഛൻ എവിടെ? " അമ്മ പറഞ്ഞു: "മണിക്കുട്ടാ... നിന്റെ അച്ഛൻ ഒരു ഡോക്ടറായിരുന്നു അച്ഛൻ ഒരു കാർ അപകടത്തിൽ മരിച്ചു."
അമ്മേ... ഞാൻ ഈ അവസരത്തിൽ അച്ഛനെ ഓർക്കുന്നു. നല്ലൊരു ഡോക്ടറായി ഞാൻ പ്രവർത്തിക്കും. ഇത് ഞാൻ അമ്മയ്ക്ക് തരുന്ന വാക്ക്. "

- ഗായത്രി

കവിത

# കേരളം

രാവു പുലരുമ്പോൾ ഭൂമിയും പുഴയായി
മരണം മുഖാമുഖം കാണുന്ന മനുഷ്യർ
ബന്ധങ്ങൾ പ്രളയം കൊണ്ടുപോയി
കുത്തിയൊഴുകുന്ന മലവെള്ള പാച്ചിലിൽ
ഉയരുന്ന ജീവൻെറ നിലവിളികൾ
രക്ഷാകൈകൾ നീട്ടി ധീരപുത്രൻമ്മാർ



ആരും വിളിക്കുന്ന
രക്ഷയുടെ കൈകൾ
നീണ്ടകടലിൻെറ മക്കൾ
മനുഷ്യന്റെ പാപങ്ങൾ
താങ്ങുവാനാകാതെ
പ്രകൃതിയുടെ കണ്ണീരായിരിക്കാം
ഇത്
ശാന്തമായി ഒരു രാവും
ഉറങ്ങുവാനാകുമോ
അറിയില്ല മനുഷ്യന് കേരളത്തെ

അതിജീവനത്തിന്റെ പാതയിൽ
കരകയറി മുന്നോട്ട് കേരളം.

– അഭിനവ് എം യു

കഥാനിരൂപണം

## കീറിപ്പൊളിഞ്ഞ ചകലാസ്

മനുഷ്യബന്ധങ്ങളിലെ ശൈഥില്യത്തെ പരിശോധിക്കുന്ന മാധവിക്കുട്ടിയുടെ ഒരു കഥയാണ് 'കീറിപ്പൊളിഞ്ഞ ചകലാസ് 'എന്നത്. കുടുബങ്ങൾ ഉൾപ്പെടെ എല്ലാത്തരം ബന്ധങ്ങളും ഒരുതരം കാട്ടിക്കൂട്ടലുകളായി മാറിയിരിക്കുന്നു. ഇന്നത്തെ ഈ തലമുറക്ക് വളരെയധികം കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്ന ഒരു കഥയാണ് 'കീറിപ്പൊളിഞ്ഞ ചകലാസ് 'എന്നത്.

ഓർമ്മശക്തിയു് ബുദ്ധിയും നഷ്ടപ്പെട്ട് വാർദ്ധക്യം ബാധിച്ച് വീട്ടിലെ ഒരു മുറിക്കുള്ളിൽ മരണത്തോട് മല്ലടിച്ച്കിടക്കുന്ന സ്നേഹനിധിയായ ഒരമ്മയാണ് കഥയിലെ നായിക. ആ അമ്മയെ നോക്കുന്നത് വിധവയായ മകളാണ്. ദൂരെ ദേശത്ത് നല്ല ഉദ്യോഗവും ഭാര്യയും മക്കളുമൊത്ത് സുഖമായി ജീവിക്കുന്ന ഒരു മകൻ കൂടി അമ്മക്കുണ്ട്. നാട്ടിൽ നിന്ന് പഠിച്ചിറങ്ങി വലിയ ജോലിവാങ്ങി ഡൽഹിയിൽ കഴിയുന്ന മകന്.

ഒരു ദിവസം തിരുവനന്തപുരത്ത് ജോലിസംബന്ധമായ കാര്യത്തിന് വന്നപ്പോൾ അമ്മയെ കാണാൻ വന്നു. ചില ഉദ്ദേശങ്ങൾ മനസ്സിൽ വച്ചുകൊണ്ടാണ് ഗോപി വന്നത്. ഓർമ്മക്കുറവുമൂലം അമ്മക്ക് തന്റെ മുന്നിൽ വന്നുനിൽക്കുന്ന സ്വന്തം മകനെ തിരിച്ചറിയാനാവുന്നില്ല. മകനോട് സ്നേഹവും വാത്സല്യവുമുള്ള അമ്മ വന്നതാരായിരുന്നാലും അയാളോട് ചോദിക്കുന്നതും പറയുന്നതും മകനെപ്പറ്റിയാണ്.

അമ്മ ഇടക്കിടെ ഗോപിയുടെ കത്ത് വന്നോയെന്ന് അന്വേഷിക്കും. മകൾ കമലം അമ്മയെ വിഷമിപ്പിക്കേണ്ട എന്നു കരുതി വന്നു, എല്ലാവർക്കും സുഖമാണ് എന്നു പറയും. തൻെറ വീട്ടിൽ വന്നിരിക്കുന്നത് മറ്റാരോ ആണെന്ന് കരുതി അമ്മ ഗോപി ഡൽഹിയിലാണെന്നും വലിയ ശമ്പളമുണ്ടെന്നും പറയുന്നു. അതോടൊപ്പം പഠിക്കുന്ന കാലത്ത് ഗോപി ഒരു ചുവന്ന ചകലാസ് വാങ്ങിക്കൊണ്ടുവന്നതും.

ഇന്ന് ഗോപി പഠനം നിർത്തി ജോലിയിൽ കടന്നു. കുടുംബമൊത്ത് വിദേശത്ത് ആഡംബരത്തോടെ കഴിയുകയാണ്. ജോലി തിരക്കുമൂലം അഞ്ചരക്കൊല്ലമായി ഗോപി നാട്ടിൽ വന്നിട്ട് ,അമ്മ ആവശ്യപ്പെടുന്നത് ഒരു ചുവന്ന ചകലാസാണ്. പണ്ട് ഗോപി വാങ്ങിക്കൊടുത്ത ചകലാസ് കീറിപ്പായിരിക്കുകയാണ്. ഇവിടെയാണ് നാം കഥയുടെ ശീർഷകം ഓർ മ്മിക്കേണ്ടത്.

പണ്ട് അതിരില്ലാതെ സ്നേഹിച്ചിരുന്ന അമ്മയുടേയും മകന്റെയും രക്തബന്ധത്തെ സൂചിപ്പിക്കുന്നതാണ് ചുവന്ന ചകലാസ്. ഇന്ന് അത് കീറിപ്പൊളിഞ്ഞിരിക്കുന്നു. അതിന്റെ അർത്ഥം അമ്മയും മകനും തമ്മിലുള്ള ബന്ധത്തിന്റെ അകലം കൂടിക്കൊണ്ടിരിക്കുന്നു. പുതപ്പിന്റെ ഓരോ നൂൽ വിട്ടഴിയുമ്പോഴും ആ അകലം നമ്മുക്ക് മനസ്സിലാകുന്നു.ഒരോ ദിവസം കഴിയുമ്പോഴും ഗോപി അമ്മയെ മറക്കുകയാണ്. ഏതൊരു അമ്മയ്ക്കും സ്വന്തം മക്കളെ എത്ര ഓർമ്മ ഇല്ലാതെ ആയാലും മറക്കാൻ കഴിയില്ല. അതുതന്നെയാണ് ഇവിടെ ഗോപിയുടെ അമ്മയിലൂടെയും നമുക്ക് കാണാൻ കഴിയുന്നത്.ജ്യേഷ്ഠത്തിയായ കമലം സംശയധീനതയോടെ ജ്യേഷ്ഠത്തിയുടെ ചോദ്യത്തിന് ഉത്തരമായി ഗോപി പറയുന്നത് ഇന്നത്തെ തലമുറയുടെ പ്രത്യേകതകൂടിയാണ്.


'വീട്ടിൽ മക്കളുടെ കാര്യവും വീട്ടുചിലവും ഒന്നും തന്നെ നേരായ മട്ടിൽ പോകുന്നില്ല. 'മറുപടിയുടെ ഔചിത്യം മനസ്സിലാക്കി കമലം ഗോപിയോട് ചോദിക്കുയാണ്. തൻെറ ഓഹരി തന്നിരിന്നെങ്കിൽ നീ അതും വാങ്ങി അങ്ങ് മടങ്ങിയേനെ. എങ്കിൽപ്പിന്നെ ഇപ്പോൾ വന്നതുപോലെ അഞ്ചരക്കൊല്ലവും ആറുകൊല്ലവും കഴിയുമ്പോൾ വന്നേനെ. മരണത്തോട് മല്ലടിച്ചുകിടക്കുമ്പോഴും നിന്നെക്കുറിച്ച് മാത്രം ചിന്തിക്കുന്ന അമ്മയെ കാണാൻപോലും നിനക്ക് തോന്നീലല്ലോയെന്ന് കമലം വളരെധികം വിഷമത്തോടെ ചോദിക്കുകയാണ്. അത് തൻെറ തെറ്റായികാണാതെ ന്യായീകരിക്കുകയാണ് ഗോപി ചെയ്യുന്നത്.

കമലത്തിന്റെ ചോദ്യത്തിന് ഗോപിയുടെ മറുപടി ഇതായിരുന്നു. "അമ്മക്ക് എന്നെ ഓർമ്മയില്ലല്ലോ." ഇതുകേട്ട ജ്യേഷ്ഠത്തി സങ്കടം സഹിക്കവയ്യാതെ "നിനക്ക് അമ്മയെ ഓർമ്മയുണ്ടോ?"എന്ന ഉത്തരം മുട്ടിക്കുന്ന ചോദ്യം ഗോപിയുടെ മുന്നിലേക്കിട്ടുകൊടുക്കുകയാണ്. ഇതോടെ കഥ അവസാനിച്ചു.

ഗോപിയും കമലവും രണ്ട് വ്യത്യസ്ത തലമുറകളുടെ പ്രതീകങ്ങളാണ്. ഇതിൽ കമലം അമ്മയെ നോക്കി വീട്ടിൽ തന്നെ കഴിയുന്ന പണ്ട് കാലത്തെ അനുസ്മരിപ്പിക്കുന്നു. ഗോപി സ്വന്തം സുഖം മാത്രം ലക്ഷ്യമിട്ട് ജീവിക്കുന്നു. ഇത് ഇന്നത്തെ തലമുറയിലുള്ളവർ. ഗോപിയെന്ന കഥാപാത്രത്തെ ഇന്നത്തെ തലമുറയോട് സാമ്യപ്പെടുത്തിയിക്കുന്നു.

അമ്മയെന്തന്നും അമ്മയുടെ സ്നേഹമെന്തന്നും അറിയാത്ത ഇന്നത്തെ തലമുറ മാധവിക്കുട്ടിയുടെ ഈ കഥ വായിക്കേണ്ടത് അത്യാവശമാണ്. അതുപോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് വിജയലക്ഷ്മിയുടെ പുതുവർഷം എന്ന കവിതയും. തന്റെ ചെറുപ്പകാലത്ത് താൻ അമ്മയോടൊത്ത് ചെയ്തതെല്ലാം രണ്ട് മൂന്ന് വരികളിൽ ഒതുക്കാതെ പുഴപോലെ നിറഞ്ഞൊഴുകുന്നു. ഇന്നത്തെ സമൂഹത്തിന് നന്മയിലേക്ക് മാറുവാനുള്ള ഒരു അവസരമായി ഈ കഥയും കവിതയും മാറട്ടെ.

**- അലീന എം ടി**



കവിത

# വരൂ വരൂ മഴയേ

കാർമുകിൽ മേഘമായ്  
വന്നെന്റെ മനസ്സിൽ  
മയിൽ പീലി പോൽ  
വന്ന ഈ ഭൂവിൽ



സ്വർണ്ണ സമ്മാനം പോൽ  
നീ എന്റെ മേൽ വന്നപ്പോൾ  
അമ്മ തൻ സ്നേഹം  
ഞാനോർപ്പൂ...

സന്തോഷത്തിന്റെ രാജ്ഞിയല്ലേ  
മഴയേ നീ എന്റെ ഭൂവിൽ വരൂ  
എൻ ഭൂമിയേ നീ ഒന്ന്  
അനുഗ്രഹിക്കൂ...

വരൂ വരൂ മഴയേ എൻ മഴയേ  
എൻ ഭൂവിൽ രാജ്ഞിയായ്

– ക്രിസ്റ്റോ.പി.ജെ

ലഘുവിവരണം

## അത്തം പത്തിന തിരുവോണം

അത്തം തുടങ്ങി പത്താം നാളാണ് തിരുവോണം.ഓണത്തിനു പ്രധാനം പൂക്കളമൊരുക്കലാണ്.അത്തം മുതലാണ് പൂക്കളമൊരുക്കുന്നത്.മുറ്റത്ത് തറയുണ്ടാക്കി ചാണകംമെഴുകി പൂക്കളമൊരുക്കുന്നു.നടുവിൽ ചാണകം ഉരുളയാക്കി വച്ച് അതിൽ തുളസിക്കതിരും തുമ്പക്കുടവും കുത്തിവയ്ക്കുന്നു. അത്തം നാളിൽ തുമ്പപ്പൂവ് മാത്രമേ പാടുള്ളൂ.ഒരു നിര പൂവുമാത്രമേ ഇടാവൂ. രണ്ടാം ദിവസം രണ്ടിനം പൂവ് .മൂന്നാം ദിവസം മൂന്നിനം പൂവ്,എന്നിങ്ങനെ...ഓരോ ദിവസവും പൂക്കളത്തിൻ്റെ വലിപ്പം കൂടി വരുന്നു.ചോതിനാൾ മുതൽ ചെമ്പരത്തിപ്പൂവ് ഇടാം.മൂലംനാളിൽ ചതുരാകൃതിയിൽ പൂക്കളമൊരുക്കണം.ഉത്രാടത്തിന് എല്ലാത്തരം പൂക്കളും ചേർത്ത് വലിയ പൂക്കളം ഉണ്ടാക്കുന്നു.

**ഓണപ്പൂക്കളിലെ കേമന്മാർ**

ഓണക്കാലം കേരളത്തിലെ വസന്തകാലമാണ്.ഓണക്കാലത്ത് അധികമായി പൂക്കുന്ന ചില ചെടികളുണ്ട്. എല്ലാക്കാലത്തും പൂക്കളുണ്ടാകുമെങ്കിലും ഓണക്കാലത്ത് കേരളത്തിലെവിടെയും ഇവരെ കാണാം. തുമ്പ, മുക്കുറ്റി, കദളി, അരിപ്പൂ, കൃഷ്ണകിരീടം, ചെത്തി, ചെമ്പരത്തി, കൊങ്ങിണി,കോളാമ്പി ഇവയെല്ലാം ഓണക്കാലത്ത് അധികമായി പൂക്കുന്നവയാണ്.

**ഓണക്കാലത്ത് പൂക്കളുടെ ഉത്സവം**

ഓണവും വിഷുവും തിരുവാതിരയും സംസ്കാരവും പ്രകൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നു.വിതയും കൊയ്ത്തും കഴിഞ്ഞ് കർഷകൻ ആനന്ദത്തിനും വിശ്രമത്തിനുള്ള വേളകൾ കണ്ടെത്തി അതിനനുകൂലമായ സാഹചര്യം പ്രകൃതിയും പൂക്കളും ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നു.നമ്മുടെ ദേശീയോത്സവമായ ഓണം വിളവെടുപ്പുമായി ബന്ധപ്പെട്ട ഉത്സവമാണ് ഓണം. സമൃദ്ധിയുടെ പ്രതീകമാണ് ഓണം.കുട്ടികൾ പൂവേ പൊലി എന്നാർത്തു കൂവിക്കൊണ്ട് പൂവട്ടിയുമായി കാടും

മേടം തേടി വീട്ടുമുറ്റത്ത് പൂവിടുന്ന ചടങ്ങിന് ഓണാഘോഷത്തിൽ സവിശേഷ പ്രാധാന്യമുണ്ട്.അങ്ങനെ പൂക്കളുടെ ഉത്സവമായി ഓണം മാറുന്നു.

കർക്കിടസ്സംക്രാന്തി മുതൽ ഓണത്തിന്റെ ഒരുക്കം തുടങ്ങും ദുർവിചാരങ്ങളുടെ വ്യത്തിഹീനതകളുടെയും ശുദ്ധീകരണത്തിന്റെയും ഏറെ പ്രാധാന്യമുള്ളതാണ് ഓണം. ചേട്ടയെകളയുക എന്നതാണ് ഏറ്റവും പ്രാധാന്യമുള്ളത്.

**ഓണപ്പതിപ്പ്**

ഓണത്തിന് മഹാബലി തന്റെ പ്രജകളെ കാണാൻ വരും എന്നാണ് പറഞ്ഞ് വരുന്നത്.മഹാബലിയെ വരവേൽക്കാനായി വീടുകളിൽ ഓണത്തിന് പൂക്കളം ഇടും.പലതരത്തിൽ ഭംഗിയുള്ള പൂക്കൾ ഉപയോഗിച്ച് അത്തം പത്തിന് തിരുവോണത്തിനാണ് ആഘോഷങ്ങൾ ഓണസദ്യ,പൂക്കളം,വാമനനെയാണ് അത്തത്തിന് നടക്ക് വെയ്ക്കാറ്.അത് കാണാൻ പ്രത്യേക രസമാണ്.പുലികളി കാണാൻ എന്ത് രസമാണ്.ഓണത്തിന് നാടൻ സദ്യ ആണ്.ശർക്കരവരട്ടി,കാവറുത്തത്,ചോറ്,കാളൻ,ഓലൻ,തീയൽ,സാമ്പാർ, അച്ചാർ, പഴം, പപ്പടം, പായസം എന്നിവയാണ്. ഇനിയൊരുപാട് ഓർമകൾ എന്റെ മനസ്സിൽ ഇപ്പോഴും നിറഞ്ഞ് നിൽക്കുന്നു.

**ഓണാഘോഷം**

മഹാബലി തൻെറ പ്രജകളെ കാണാൻ വരുന്നതാണ് ഓണം. ജാതി മത വ്യത്യാസം ഇല്ലാതെ എല്ലരും ഒണം ആഘോഷിക്കുന്നു. കർക്കടകമാസം മുതൽ അതിൻെറ ആഘോഷം തുടങ്ങുന്നു.ഈ മാസങ്ങളിൽ മനസിൻെറ നന്മയാണ്പ്രധാനം. ചിങ്ങമാസത്തിലെ തിരുവോണനാളിലാണ് ഓണം ആഘോഷിക്കുന്നത്.അത്തം മുതൽ പത്തുവരെ പൂക്കളം ഇട്ടാണ് ഓണം ആഘോഷിക്കുന്നത്.



**– എബിൻ റോബി**

**– അഭിനവ് പ്രസാദ്**

**– ആവണി സുനിൽ**

ഉപന്യാസം

# ഇന്ത്യ



ഇന്ത്യ ആദ്യം ബ്രിട്ടീഷുകാരുടെ കൈയിലായിരുന്നു. 1857 മെയ് 10-ന് ഒന്നാം സ്വാതന്ത്യസമരത്തിലെ മുഖ്യകേന്ദ്രമായിരുന്ന നാനസാഹിബ്. ഗാന്ധിജിയാണ് ഇന്ത്യയുടെ രാഷ്ട്രപിതാവ്. ഗാന്ധിജി ആദ്യമായി സത്യഗ്രഹം നടത്തിയത് 1906 സെപ്റ്റംബർ 11 ന് ആണ് .

ഗാന്ധിജിയുടെ കൂടെ രവിന്ദ്രനാഥ് ടാഗോർ ,സുഭാഷ് ചന്ദ്രബോസ് തുടങ്ങി ആയിരത്തോളം പേർ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തു. അദ്ദേഹത്തിന്റെ പരിശ്രമം കൊണ്ടാണ് ഇന്ന നമ്മൾ ഇന്ത്യയിൽ സഹവസിക്കുന്നത്.ഗാന്ധിജി ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു. അദ്ദേഹം ഇന്ത്യയുടെ ഏറെ സമരങ്ങൾക്ക് നേതൃത്വം നൽകി അങ്ങനെ നമുക്ക് 1941 ആഗസ്റ്റ് 15 ന് സ്വാതന്ത്രും ഗാന്ധിജി നമുക്ക് നേടി തന്നു. 1950 ജനവരി 26 ന്ഇന്ത്യ ഒരു റിപ്പബ്ലിക് ആയി മാറി. ജവഹർലാൽ നെഹറു പ്രധാനമന്ത്രിയായി. ഇങ്ങനെ നമ്മുടെ ഇന്ത്യ സ്വതന്ത്ര രാജ്യമായി മാറി.

**- അലന്റീന എം മാത്യു**

പാഠം

# ഭൂമിയെന്ന ജലസംഭരണി

## മാർച്ച് 22 ലോകജലദിനം

കണ്ടാൽ പാവമാണെങ്കിലും വെള്ളത്തിന് ഒരു കുസൃതിയുണ്ട്.
എന്തിനേയും അങ്ങ് ലയിപ്പിച്ചുകളയും. ഈ സ്വഭാവം കാരണം ഭൂമിയിൽ കൂടുതൽ ശുദ്ധജലമില്ല. ശുദ്ധജലം ഏറ്റവും കൂടുതൽ ലഭിക്കുന്നത് മഴവെള്ളത്തിൽ നിന്നായാതുകൊണ്ട് ജലദിനത്തിൽ മഴവെള്ള സംവരണമാകട്ടെ നമ്മുടെ ലക്ഷ്യം .

## കേരളത്തിലെ ശുദ്ധജലസമ്പത്ത്

. 44 നദികൾ
.152 ഉപനദികൾ
.950 പോഷകനദികൾ
.9000 ത്തോളം ചെറുത്തോടുകൾ
.എണ്ണമറ്റ കിണറുകളും കുളങ്ങളും

## കാല വർഷവും തുലാവർഷവും


കേരളത്തിൽ വർഷത്തിൽ രണ്ടു ഭാഗമായിട്ടാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ; കാലവർഷവും തുലാവർഷവും . കാലവർഷത്തിൽ തെക്ക് പടിഞ്ഞാറൻ കാറ്റും തുലാവർഷത്തിൽ വടക്കുകിഴക്കൻ കാറ്റുമാണ് , മഴമേഘങ്ങളെ കേരളത്തിനു മുകളിൽ എത്തിക്കുന്നത് .

## ജലസന്ദേശങ്ങൾ

.ജലം അമൂല്യമാണ് അത് പാഴാക്കരുത്.
. ഓരോ തുള്ളിയും അവ വീഴുന്നിടത്ത് ശേഖരിക്കുക.
. ജീവൻ ജലത്തിൽ നിന്നുണ്ടായി ജീവനും ജലത്താലാണ്.
. ജനങ്ങൾ ഒന്നിച്ചു ജനസ്രോതസുകൾ സംരക്ഷിച്ചു.
. വയലുകൾ നശിച്ചാൽ നാടു നശിച്ചു.
വയലുകൾ നാടിൻ തണ്ണീർത്തടങ്ങൾ.
. ജലപരിരക്ഷക്കായി കാടുകൾ സംരക്ഷിച്ചു.
. തണ്ണീർത്തടങ്ങൾ ഭൂമിയുടെ വൃക്കക്കൾ.
. പാഴ്ജലംപോലും പാഴാക്കാനുള്ളതല്ല
. കിനിഞ്ഞിറങ്ങട്ടെ ആവോളം മഴവെള്ളം, ഭൂമിയിൽ ഭൂമിത്തന്നെ
വലിയ സംഭരണി.
. ജലവിഭവങ്ങൾ വിവേകപൂർവ്വം വിനിയോഗിക്കുക.
. നീരുറവകൾ വറ്റാതെ നോക്കുക, അവ കാരുണ്യത്തിന്റെ ഉറവകൾ
. വേനലിൽ പംമ്പിംങ്ങ് ക്രമീകരിക്കുക,വരവിൽ കൂടുതൽ ജലം ചെലവഴിക്കരുത്.
. ജലം നാടിൻ സമ്പത്ത്.
. കുന്നുകൾ നാടിൻ അത്താണികൾ,കുന്നുകളില്ലങ്കിൽ നാടുനശിക്കും.
. ജലത്തേക്കാൾ വലിയ സമ്പത്തില്ല, ജലം ദൈവത്തിന്റെ ദാനമാണ്.


## ഭൂമിയിലെ ജലസമ്പത്ത്

കൃഷി,വ്യവസായം, ഗാർഹിക്കാവശ്യം എന്നിവയ്ക്ക്
ലഭ്യമായത്- 0.33% .
ഉപ്പുവെള്ളം- 97%
ശുദ്ധജലം- 3%



### വെള്ളം പാഴാക്കല്ലേ

ഭക്ഷ്യസാധന വിപണിയിൽ ഏറ്റവും കൂടുതൽ ആവശ്യക്കാർ ഉയർന്നവരുന്ന ഏക ഉത്പ്പന്നം വെള്ളമാണ്. ആഗോള ഹരിതജലോപയോഗത്തിൽ അമേരിക്കക്കാരാണ് മുൻപിൽ.ഒരു ദിവസം 578-ലിറ്റർ ശുദ്ധജലമാണ് ഓരോ ആൾക്കാരും ഉപയോഗക്കുന്നത്. മറ്റു കണക്കുകൾ നോക്കുകയാണെങ്കിൽ ഇംഗ്ലണ്ടിൽ ഇത് 334 ലിറ്ററും ആഫ്രിക്കയിൽ 46-ലിറ്ററും ഏഷ്യയിൽ 85-ലിറ്ററും എന്നരീതിലാണ് ഉള്ളത് .



### വെള്ളത്തിന്റെ ശുദ്ധത

വെള്ളത്തിന്റെ ജൈവഗുണം നിർണയിക്കുന്നവയാണ് കോളിഫോം. ഇ-കോളി സൂക്ഷ്മാണുക്കളാണ്. 100 മില്ലിലിറ്റർ വെള്ളത്തിൽ കോളിഫോമുകളുടെ എണ്ണം 10-ൽ കൂടുതലാവാൻ പാടില്ല . വെള്ളത്തിന്റെ ഓക്സിജന്റെ അളവുകുടുമ്പോഴും ജൈവരാസവസ്തുക്കൾ ക്രമാതീതമായി അലിഞ്ഞു ചേരുമ്പോഴും വെള്ളം മലിനമാവുന്നു. ഇന്ന് ലോകത്തിലെ 20 ശതമാനം ജനങ്ങൾക്കു മാത്രമേ ശുദ്ധമായ ജലം ലഭിക്കുന്നുള്ളൂ.

### ഓടുന്ന വെള്ളം മണ്ണിനടിയില്

. നീർച്ചാലുകൾ കല്ലുപ്പൊട്ടിച്ചടുക്കി നാടൻ തടയണ നിർമ്മിക്കാം കെട്ടിനിൽക്കുന്ന വെള്ളം മണ്ണിനടിയിലേക്ക് ഊർന്നിറങ്ങും
.മരങ്ങളുടെ ചുറ്റും തടമെടുത്താൽ തടിലൂടെ ഒഴുകിയിറങ്ങുന്ന വെള്ളം ഒലിച്ചുപോകാതെ മണ്ണിനിടയിലേക്ക് ചെല്ലും.
.കാവുകളെ സംരക്ഷിക്കാം.

– രോഹിത് സക്കറിയാസ്

കവിത

# തമ്പുരാനൊത്തുള്ള ഓണം



മാവേലിത്തമ്പുരാൻ കേരളത്തിൽ
വന്നെത്തും നാളിന്നി-
തോടിയെത്തി.....
ഓണപ്പുലരിയിൽ.....
തമ്പുരാനെ വരവേൽക്കാനായി
നല്ലൊരു പൂക്കളം തീർത്തുവെച്ചു....
ഓണക്കളിയിൽ രസിപ്പി-
ച്ചങ്ങ്... തമ്പുരാനെ വരവേറ്റിടുന്നു

ഓണസദ്യക്കൊപ്പം....
ചേർന്നിരുന്ന് പാലെഴും
പായസം നൽകിടുന്നു
ഒത്തൊരുമിക്കും,ജനസാഗരം......
സന്തോഷഭ്രരിതമായിടുന്നു....
ആർത്തുല്ലസിക്കും,കുട്ടികൾക്കെല്ലാം
ഓണക്കോടിയങ്ങ് നൽകിടുന്നു....
ഓണാശംസകളും നേർന്നുകൊണ്ട്...

തമ്പുരാൻയാത്രയായിടുന്നു
സന്തോഷത്തിൻ നാളുവന്നു
ചേരാനാശിക്കും,മലയാളിക്ക്
നല്ലൊരു ഓണംതന്നു....

– സെബാൻ ഷാജി

കവിത

## അമ്മയുടെ ശവദാഹം

അമ്മ മരിച്ച് കിടപ്പാണിറയത്ത്
ചുറ്റിലും കൂടിക്കിടക്കുന്ന റീത്തുകൾ
രാത്രിയിലെട്ടുമണിക്കാണ് സംസ്കാര-
മെന്നു കേട്ടെത്തി തിടുക്കത്തിൽ നാട്ടുകാർ!
എട്ടിന്റെ 'ഷിഫ്റ്റ്' കഴിഞ്ഞു; മകൻ ജോലി-
നോക്കുന്ന സ്വഫ്റ്റിലെ കൂട്ടരും വന്നതാ.
എന്നിട്ടുമെന്താണനാഥമായി ജഡം
കോലയിറയത്തു കിടക്കുവാൻ കാരണം?

വീട്ടുകാരൊക്കെയുമെങ്ങുപോയ്,പേരിനൊ-
രാളില്ല കഷ്ടമീപ്പൂമുഖത്തിണ്ണയിൽ
കണ്ണീർ തളംകെട്ടി നിൽക്കേണ്ട കോലായി-
ലില്ലൊരു കുഞ്ഞിൻ മിഴിനീരുപോലുമേ!

എന്തെന്നറിയുവാനാളുകളിൽ ചിലർ
പൂമുഖവാതിൽ തുറന്നങ്ങു ചെല്ലവേ
പെട്ടെന്നു കാണായി വീട്ടുകാരൊക്കെയും
ടീവിയ്ക്കു മുന്നിലിരിക്കുന്നു മോദമായ്.

'സറ്റാർ സിംഗർ' കണ്ടു രസിക്കവേ പാവങ്ങൾ
അമ്മതൻ 'സംസ്കാര' കാര്യം മറന്നുപോയി.
"എപ്പോഴാണാവോ ശവദാഹം?"മെന്നൊരാൾ
ചോദിച്ച തെല്ലൊരു ദേഷ്യഭാവത്തോടെ
പുലിപോലെ ചീറിട്ടും മരുമകൾ ഭാർഗവി
ചാടിയെണീറ്റുകൊണ്ടീവിധം ചൊല്ലിനാൾ:

"എട്ടരയ്ക്കുള്ള 'റിയാലിറ്റി ഷോ'വിന്റെ
അവസാന'സോങ്ങും' കഴിഞ്ഞിട്ടു പിന്നെയൊ
രെ'സ്സമ്മെസ്'കൂടിയയച്ചിട്ടേ ഞങ്ങടെ-
യമ്മതൻ ശവദാഹകർമ്മം നടന്നീടൂ.
അത്രയും കാക്കാൻ മനസ്സില്ലെങ്കിലോ
വെക്കം സ്ഥലം വിട്ടു പോയ്ക്കൊൾക കൂട്ടരെ!"

ശവദാഹകർമ്മത്തിയരോക്കെയും
ഇടിയേറ്റപോലെയങ്ങു സ്തബ്ധരായ് നിന്നുപോയ്
മറുപടിയൊന്നും പറയാൻ കഴിയാതെ
വന്നവരൊക്കെ മരവിച്ചു നിന്നുപോയ്!

**സിപ്പി പള്ളിപ്പുറം**



## കഥാപാത്രനിരൂപണം മോൺസിന്യേർ ബിയാങ് വെന്യൂ

പാവങ്ങൾ എന്ന കൃതിയിലെ പ്രധാന കഥാപാത്രമായ ഴങ് വാൽ ഴാങ്ങിനൊപ്പം തന്നെ നമ്മെ ആകർഷിക്കുന്ന കഥാപാത്രമാണ് മോൺസിന്യേർ ബിയാങ് വെന്യ എന്ന മെത്രാൻ. ഴാങ്ങിന്റെ മനുഷ്യത്വത്തിലേക്കുള്ള തിരിച്ചുവരവിന് കാരണക്കാരനായ മെത്രാൻ ചെറിയ കുറ്റങ്ങൾക്കുപോലും വലിയ ശിക്ഷകൾ ഉണ്ട് എന്ന വ്യവസ്ഥപോലെ തന്നെ കുറ്റങ്ങൾക്കും മാപ്പ് നൽകുന്ന വ്യവസ്ഥയും മനുഷ്യർക്കിടയിൽ ഉണ്ടെന്ന് ഴാങ്ങിനെ സ്വന്തം പ്രവർത്തിയിലൂടെ ബോധ്യപ്പെടുത്തി .മനുഷ്യസ്നേഹി എന്നാൽ ഇതൊന്നും തന്നെ മനുഷ്യപ്പൂർവ്വം ചെയ്യുന്നതല്ല എന്നും നാം മനസ്സിലാക്കുന്നു. മറ്റെല്ലാവരും ആട്ടിയോടിച്ച,ആരും അഭയം നൽകാഞ്ഞ കുറ്റവാളിയായ ഴാങ്ങിനെ സ്നേഹിത എന്ന് സംബോധനയോടെ സ്വീകരിക്കാനും സമഭാവനയോടെ പെരുമാറാനും ഭക്ഷണവും കിടക്കയും നൽകാനുമൊക്കെ അങ്ങനെയൊരു വ്യക്തിത്വത്തിനേ കഴിയൂള്ളൂ.

മഗാംമഗ്ലാർ എന്ന വേലക്കാരി വെള്ളി സമാനങ്ങൾ കൊട്ട മോഷണം പോയ വിവരം അറിയിച്ചപ്പോൾ മെത്രാന് അതിൽ ഒരു പരിഭ്രവം തോന്നിയില്ല. കൊട്ടയിലെ വെള്ളിസ്സാമാനങ്ങളാണ് അവരെ ബുദ്ദിമുട്ടിക്കുന്നത് എന്നു മാത്രമേ പ്രതികരിച്ചുള്ളു. എന്നാൽ കള്ളൻ വലിച്ചെറിഞ്ഞ കൊട്ട വീണ് തടത്തലെ ഒരു പൂച്ചെടി കേടുവന്നതിൽ അദ്ദേഹത്തിനു വ്യസനമുണ്ടാവുകയും ചെയ്യുന്നു. വിലപിടിപ്പുള്ള വെള്ളിസാമാനങ്ങളേക്കാൾ വിലയുള്ളതാണ് അദ്ദേഹത്തിന് ജീവനുള്ള ആ സത്യം. ജീവജാലങ്ങളോടുള്ള കാരുണ്യമല്ലേ അദ്ദേഹം പ്രകടമാക്കുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ആ വെള്ളിസാമാനങ്ങൾ വളരെക്കാലം സൂഷിച്ചിരുന്നു എന്നതുപോലും ശരിയായ കാര്യമല്ല. കാരണം അത് പാവങ്ങളുടേതാണ്.

ഒരു പുരോഹിതനു കിട്ടുന്ന സുഖസൗകര്യങ്ങളെല്ലാം പാവപ്പെട്ടവരുടെ സംഭാവനയാണ് എന്ന് അദ്ദേഹം തിരിച്ചറിയുന്നു. അത് അദ്ദേഹത്തിനല്ലാ പാവപ്പെട്ടവർക്ക് അർഹതപ്പെട്ടതാണ്. ഴാങ് വാൽ ഴാങാണെങ്കിൽ ഒരു പാവപ്പെട്ടവനാണ് താനും. അപ്പേൾ അയാൾ എടുത്തുകൊണ്ട് പോയത്

അയാൾക്ക് അർഹതപ്പെട്ടതുതന്നെയാണ്. എന്നുമാത്രമല്ല എന്തിനാണ് വെള്ളികൊണ്ടുള്ള മുള്ളും കൈലുമൊക്കെ. ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്ത് മുക്കുന്നതിന് മരം കൊണ്ടുള്ള മുള്ളും കൈലും ആവശ്യമില്ല. ആപ്പോൾ പിന്നെ ആ വെള്ളിസാമാനങ്ങൾ ആവശ്യവസ്തുക്കളല്ല. ആഡംബരങ്ങൾ മാത്രമാണ്. അവ സൂക്ഷിച്ച് വയ്ക്കാൻ ഒരു പുരോഹിതന് അത് മെത്രാൻ ആയാൽക്കൂടി ഒരവകാശവുമില്ല. ഇതാണ് ആ മെത്രാന്റെ വീക്ഷണം.

ഇങ്ങനെയൊക്കെ ചിന്തിക്കുന്ന മെത്രാന്റെ മുന്നിലേക്കാണ് ഒരു കള്ളനെ കൈയ്യോടെ പോലീസ് ഉദ്യോഗസ്ഥർ ഴാങ് വാൽ ഴാങ്ങുമായി എത്തുന്നത്. അദ്ദേഹത്തിന് കാര്യങ്ങൾ വ്യക്തമായിരുന്നു. അദ്ദേഹം ഴാങ്ങുനോട് ചോദിച്ചത് എന്തുകൊണ്ടാണ് താൻ നൽകിയ രണ്ടു മെഴുകുതിരിക്കാലുകൾ കൂടി മറ്റുള്ളവയോടൊപ്പം കൊണ്ടുപോകാഞ്ഞത് എന്നാണ്. പോലീസുകാർക്കാണ് തെറ്റു പറ്റിയിരിക്കുന്നത്. അവർക്ക് ഴാങ്ങിനെ സ്വതന്ത്രമാക്കാം.

മെത്രാൻ നീട്ടിയ വെള്ളമെഴുകുതിരിക്കാലുകൾ വിറയ്ക്കുന്ന കൈകൾ കൊണ്ട് ഒരു പാവയെപ്പോലെ ഏറ്റുവാങ്ങിയ ഴാങ്ങിന്റെ മനസ്സിൽ എന്തായിരിക്കാം?ഒരു കോടുങ്കാറ്റുതന്നെ വിശുന്നുണ്ടാവില്ലേ? ഒരു വലിയ കടൽക്ഷോഭം? എങ്ങനെയായിരിക്കണം ഒരു മെത്രാൻ മെത്രാന്റെ താമസസ്ഥലം,അവിടെ വസ്തുക്കൾ എന്ന് സ്വന്തം പ്രവർത്തിയിലൂടെ കാട്ടിത്തരുകയാണ് അദ്ദേഹം. അതൊരു മതപുരോഹിതനുമാത്രമല്ല എല്ലാവർക്കു കൂടിയുള്ള സന്ദേശമാണ്.കാരണം ഭൂമിയിലുള്ളതൊന്നു നമുക്ക് സ്വന്തമല്ല എന്നും എല്ലാവർക്കും കൂടിയുള്ളതല്ലേ.

ഇങ്ങനെയുള്ള മനുഷ്യർ ഇനിയെരിക്കലും സത്യലംഘനം നടത്തില്ല എന്ന പ്രതിജ്ഞ മറക്കരുത് എന്ന് ഓർമ്മപ്പെടുത്തുമ്പോൾ അത് അയാൾക്ക് പാലിക്കാനല്ലേ കഴിയൂ. ഴാങ് വാൽ ഴാങ് എന്ന കുറ്റവാളി അന്നു മുതൽ ഇല്ല. ഒരു പുതിയ മനുഷ്യൻ പിറവികൊള്ളുകയായി. അതിനു കാരണക്കാരനായ ചാൾസ് ഫ്രെഞ്ച് സ്വബിയാങ് വെന്യൂ എന്ന മെത്രാന്റെ പാത പിന്തുടരാൻ ഏവർക്കും കഴിഞ്ഞെങ്കിൽ...... എന്നാൽ ഈലോകത്ത് കുറ്റവാളികൾ ഉണ്ടാവുകയില്ല. സ്നേഹവും കാരുണ്യവും മാത്രമേ ഉണ്ടാവൂ.

**– ആൽബിൻ മാത്യു**

കവിത

# ജവാൻ



മഴയത്ത് പതറാതെ
വെയിലത്ത് വാടാതെ
ജന്മനാടിനെ കാക്കുന്ന
ധീര ജവാന്മാരെ  നിങ്ങൾ-
ക്കൊരായിരം അഭിനന്ദങ്ങൾ
ഒരായിരം അഭിനന്ദങ്ങൾ

ഒരോ ജവാനിലും,
ഒരേ ചിന്ത തൻ
മാതൃഭ്രമി തൻ പരിപാ-
ലനം,മാതൃഭ്രമി തൻ
പരിപാലനം,മാതൃഭമി തൻ
പരിപാലനം

ഉറ്റവരെ വിട്ട്  നാടിനുവേണ്ടി
പൊരുതി വീരമൃത്യം വരിച്ച
ജവാന്മാരെ നിങ്ങക്കൊരായിരം
ആദരാഞ്ജലികൾ,ആദരാഞ്ജലികൾ

– അലൻ തോമസ്

**ലഘുവിവരണം**

## മഴ

മഴ എന്നും നമ്മുടെ കൂട്ടുകാരനാണ്.എന്നാൽ ചിലസമയത്ത് ആരെയും പേടിപ്പിക്കുന്ന മഴയായും മാറാം. അങ്ങനെ പലകാലത്തും നടന്നിട്ടുണ്ട്. അതിനുശേഷം ഏറെനാൾ കഴിഞ്ഞാണ് 2018-ൽ ഇങ്ങനെ മഴയുണ്ടായത്. സാധാരണ ഒരു വർഷംകിട്ടേണ്ടതിനേക്കാൾ 18 ശതമാനമാണ് ഈ വർഷം കിട്ടിയത്. ഇത് കേരളത്തിൽ എല്ലായിടത്തും തന്നെ ബാധിച്ചു. തീരപ്രദേശങ്ങളിൽ എല്ലായിടത്തും വീടുകളിൽ വെള്ളം കയറി .പലർക്കും പണം നഷ്ടപ്പെട്ടു. എന്നാൽ ഇവർക്ക് ലഭിക്കുന്നത് തുച്ഛമായ തുകമാത്രമാണ്. കുട്ടനാട് തുടങ്ങിയപ്രദേശങ്ങളിലാണ് ജലം കൂടുതൽ കയറിയത് ഇടുക്കി അണക്കെട്ട് നിറഞ്ഞു. ഇങ്ങനെയാണ് ഈ വർഷത്തെ മഴ.



**- അഭിലാഷ് സി.എം**

കവിത

# നമ്മുടെ കേരളം



പുഴയും മലയും
വയലേലകളും
തിങ്ങും നല്ലൊരും
നാടാണേ നമ്മുടെ കേരളം

മധുരം കനിയും
പൊന്മലയാളം
ചൊല്ലും നല്ലൊരു
നാടാണെ നമ്മുടെ കേരളം

ഭാരത നാടിന്
പുളകം ചാർത്തും
കേരളമെന്നുടെ നാടാണെ

കേരം തിങ്ങും
കേരളനാടിന്
നേരാം നല്ലൊരു
ജന്മദിനം

– നന്ദന ശശി

ലഘുവിവരണം

# അന്തരീക്ഷ മലിനീകരണം

മലിനീകരണം പോലെ മനുഷ്യനാപത്തായിത്തീർന്നിരിക്കുന്ന മറ്റൊന്നിനെക്കുറിച്ച് നമ്മുക്ക് സങ്കൽപ്പിക്കാൻ പോലും സാധിക്കുന്നില്ല. മലിനീകരണം പല വിധത്തിലാണിന്ന് സംഭവിച്ചുക്കൊണ്ടിരിക്കുന്നത്. അന്തരീക്ഷ മലിനീകരണമാണ് അതിലേറ്റവും പ്രധാനം. ഫാക്ടറികളിൽ നിന്നും പൊങ്ങുന്ന വിഷാംശം കലർന്ന വാതകങ്ങളും അതിലടങ്ങിയിരിക്കുന്ന കരിയുടെ തരികളും ശ്വസിക്കുന്ന മനുഷ്യനെ പല തരത്തിലുള്ള രോഗങ്ങൾ ബാധിക്കുന്നു. കോഴിക്കോടിനടുത്തുള്ള മാവൂരിലെ റയോൺസ് ഫാക്ടറിയിൽ നിന്നു പൊങ്ങുന്ന വിഷവാതകം ശ്വസിക്കാനിടയാകുന്നവർക്ക് ഉദരരോഗം, നാഡീരോഗം, ശ്വാസകോശരോഗം, ക്ഷയം, ക്യാൻസർ, തുടങ്ങിയ രോഗം ബാധിക്കുന്നുവെന്ന് ആ പ്രദേശങ്ങളിൽ നടത്തിയ സർവ്വേയിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നു. ആ പ്രദേശങ്ങളിലുണ്ടായിരുന്ന ഫലസമൃദ്ധമായിരുന്ന വൃക്ഷങ്ങൾ പോലും ഇപ്പോൾ ഉണങ്ങിയും കരിഞ്ഞും പ്രേതങ്ങൾ പോലെ ഉയർന്നു നിൽക്കുന്നു. ഒരു ഫാക്ടറിക്ക് ഇത്രത്തോളം വിനാശങ്ങൾ അതിന്റെ പരിസര പ്രദേശങ്ങളിലുണ്ടാക്കാൻ കഴിയുമെങ്കിൽ പുകുഴലുകളിൽ ഇടത്തിങ്ങി കാണപ്പെടുന്ന വ്യാവസായ നഗരങ്ങളിൽ ജീവിക്കുന്ന മനുഷ്യർക്കുണ്ടാകുന്ന ആപത്ത് വിവരണാതീതമല്ലേ? അനുദിനം പെരുകി വരുന്ന വാഹനങ്ങളിൽ നിന്നു വമിക്കുന്ന പുകയും അന്തരീക്ഷത്തെ മലിനീകൃതമാക്കുന്നുണ്ട്. നമ്മുക്ക് അന്തീക്ഷത്തെ മലിനീകരണത്തിൽ നിന്നു രക്ഷിക്കാം.



– ടോം ബാബു

ഉപന്യാസം

# സ്നേഹത്തിന്റെ മുഖങ്ങൾ

സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം
സ്നേഹത്താൽ വൃദ്ദിതേടുന്നു
സ്നേഹം ഞാൻ ജീവിതം ശ്രീമൽ
സ്നേഹ വ്യാഹതി തന്നെ മരണം

എന്നു പാടിയത് മഹാ കവി കുമാരനാശാനാണ്. സ്നേഹം മനുഷ്യ ജീവിതത്തിന് ഊഷ്മളത നൽകുന്നു. സമൂഹസൃഷ്ടിപോലും സ്നേഹത്തിന്റെ അടിസ്ഥാനത്തിലാണ് സാധ്യമാകുന്നത്. എങ്കിലും ഈ സ്നേഹത്തിന് വിഭിന്നമുഖങ്ങളും വ്യത്യസ്ത ഭാവങ്ങളും ഉണ്ട്.മാതൃപുത്ര സ്നേഹവും പിതൃപുത്ര സ്നേഹവും സഹോദരി സഹോദര സ്നേഹവും ഭാര്യഭർത്തൃ സ്നേഹവും സുഹൃത്തുക്കൾ തമ്മിലുള്ള സ്നേഹവുമൊന്നും ഒരുപോലെയല്ലല്ലോ. ഇവയിൽ ചിലതിനെങ്കിലും പ്രയോജനാപേക്ഷയുണ്ട് എന്ന് കാണാം. എന്നാൽ 'സ്നേഹത്തിന്റെ ഫലം സ്നേഹം' എന്നു കരുതുന്ന സ്നേഹബന്ധങ്ങളുമുണ്ട്. ഇങ്ങനെ വ്യത്യസ്ത ഭാവങ്ങൾ ഉൾക്കൊള്ളുന്ന സ്നേഹത്തിന്റെ വ്യത്യസ്തതലങ്ങൾ വിശ്വരൂപം, പ്രിയദർശനം,എന്നീ പാഠഭാഗങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയാണിവിടെ.



ലളിതാംബിക അന്തർജനത്തിന്റെ വിശ്വരൂപം എന്ന ചെറുകഥ സ്ത്രീയുടെ മാഡംതലത്ത് എന്ന ഇതിലെ കഥാപാത്രം കുഞ്ഞുങ്ങളെ പ്രസവിച്ചു എന്നല്ലാതെ ഒരു മാതാവിന്റെ കടമകളൊന്നും നിർവഹിച്ചിട്ടില്ല. അവർ ഭർത്താവിന്റെ ഔദ്യോഗിക പ്രൗഡിക്കനുസരിച്ച് ജീവിച്ചു. നയതന്ത്ര പ്രതിനിധിയായ ഡോ.തലത്തിന്റെ കൂടെ വിദേശത്ത് താമസിച്ച അവർ പൗരസ്ത്യസംസ്കാരമാകെ മറന്ന് ഒരു 'ലേഡി'യായി. ഭർത്താവിന്റെ മരണശേഷം ഒറ്റയ്ക്കായപ്പോഴാണ് 'കൊടുത്തതേ കിട്ടൂ'എന്ന ബോധ്യം അവർക്കുണ്ടായത്. മക്കളോടൊപ്പം കഴിയേണ്ട പ്രായത്തിൽ ഒരു കൊച്ചു വീട്ടിൽ തന്റെ മാത്രം

യജമാനത്തിയായി അവർ ഏകാന്ത ജീവിതം നയിക്കുന്നു. അവർ തിരിച്ചറിയുന്ന "മാഡം തലത്ത് മരിച്ചുപോയി.......ഇത് അമ്മയാണ്,താഴത്ത് കുഞ്ഞിക്കുട്ടിയമ്മ" അവർ ഉപദേശിക്കുന്നു, "കുട്ടികളെ ബോർഡിങ്ങുകളിൽ അയയ്ക്കരുത്.അവർക്ക് ആയയെ വയ്ക്കരുത്. അമ്മ തന്നെ വളർത്തണം ശാസിക്കുകയും ലാളിക്കുകയും കൂട്ടുകൂടുകയും വേണം.എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമിത്തീരുകയുള്ളൂ." സാമൂഹ്യപ്രവർത്തക, ലേഡി, മാഡം എന്നതിൽ നിന്നൊക്കെ ഉയർന്ന ഒരു തലത്തിലാണ് അമ്മയുടെ സ്ഥാനം. ഈ സ്നേഹത്തിൽപ്രയോജതാപേക്ഷയിൽ ആധുനികമായ കാമുകി കാമുക സ്നേഹമാണ് 'നളിനി'യിൽ 'നിന്നെടുത്ത പ്രിയദർശനം' അവതരിപ്പിക്കുന്നത്.

നളിനിയും ദിവാകരനും കളിക്കൂട്ടുകാരായിരുന്നു. എന്നാൽ ദിവാകരന് സന്യാസത്തിൽ താത്പര്യമുണ്ടാവ്കയും നാടുവിട്ടുപോവുകയും ചെയ്തു. നളിനി ദിവാകരനെയോർത്ത് കാത്തിരുന്നു. മാതാപിതാക്കാൾ മറ്റൊരു വിവാഹം നിശ്ചയിച്ചപ്പോൾ വീടുവിട്ടുപോയി. പൊയ്കയിൽ ചാടി ജീവനൊടുക്കാൻ ശ്രമിച്ച അവളെ ഒരു യോഗിനി രക്ഷപ്പെടുത്തി. ദിവാകരൻ വരുന്ന എന്ന സ്വപ്ന ദർശനം ഉണ്ടായ അവൾ ഹിമാലയസാനുവിലൊരിടത്തുവച്ച് തൻെറ പ്രിയനെ കണ്ടുമുട്ടി. അവൾ തൻെറ പ്രണയം ഓർമ്മിപ്പിക്കുമ്പോഴും അതിനെ ശൈശവ ചാപല്യമായി കാണാനാണ് ആ യുവയോഗി തുനിഞ്ഞത്. ദിവാകരൻ ആ അവസ്ഥയൊക്കെ തരണം ചെയ്തു കഴിഞ്ഞിരുന്നു. "അതിജീവനതകി സ്വജീവിതം ധന്യമാക്കുമല്ലേ വിവേകികൾ" എന്ന് ഉപദേശിക്കുകയാണ്. അദ്ദേഹം സ്വർത്ഥപ്രണയത്തിൽ നിന്നും ലോക സ്ന്ഹത്തിലേക്ക് ഉയരുന്ന അവസ്ഥയാണ് ഇവിടെ കാണുന്നത്.

ഇങ്ങനെ സ്നേഹത്തിന് ഇനിയുമെത്രയോ മുഖങ്ങൾ.നമ്മുടെ സാഹിത്യം ആകെ പരിശോധിച്ചാൽ സ്നേഹത്തിൻേറയും സ്നേഹനൈരാശ്യത്തിന്റെയും കഥകളാണ് പറയുന്നതെന്ന് കാണാം.

**- അഭിനവ് ടി.എം**

**അഭിനന്ദനങ്ങൾ**


ഐ.ജെ.എം. ഹയർ സെക്കണ്ടറി സ്കൂൾ
കൊട്ടിയൂർ
അഭിനന്ദനങ്ങൾ
ദേശീയ കായിക പ്രതിഭ
അലൻ മാത്യു
(4x100 മീറ്റർ റിലേ)
സംസ്ഥാന പ്രതിഭകൾ
സുചിത്ര കെ. എം.
പ്രവർത്തി പരിചയ മേള
(ബാംബു പ്രൊഡക്ട്സ് )
തേജസ് പി. ദിനേശ്
സോഷ്യൽ സയൻസ് ക്വിസ്
റോസമ്മ സെബാസ്റ്റ്യൻ
സംസ്ഥാന കരാട്ടെ ചാമ്പ്യൻഷിപ്പ്
അൻവിൻ സഞ്ജു ഷാജി
വെബ് ഡിസൈനിങ്ങ്



ചാന്ദ്രദിന ക്വിസ്
കാർഷിക ക്വിസ്
സോഷ്യൽ സയൻസ് ക്വിസ്
അക്ഷരമുറ്റം ക്വിസ്
സ്പോർട്സ് ക്വിസ്
മെഡിക്കൽ ഐ ക്യൂ ക്വിസ്
**തേജസ് പി ദിനേശ് ,ഗോവർധൻ ജി**

ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പിലേക്ക് ക്രിസ്റ്റോ പി ജെ യ്ക്ക് സിലക്ഷൻ ലഭിച്ചു. പേരാവൂർ ഇൻഡോർ സ്റ്റേഡിയത്തിൽ വച്ചു നടന്ന ഇരിട്ടി ഉപജില്ലാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ സോണിയ ടോമി , ആമന്ത ആൻഡ് ജോസഫ് .ഇരിട്ടി ഉപജില്ലാ സബ് ജൂനിയർ ചെസ്സ് മത്സരത്തിൽ ടോംലിൻ സണ്ണി നാലാം സ്ഥാനം കരസ്ഥമാക്കി.സി വി രാമൻ അനുസ്മരണത്തോടനുബന്ധിച്ച് നടത്തിയ ഉപന്യാസ മത്സരത്തിൽ ദിൽന ജോൺസൺ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ശാസ്ത്രമേളയിൽ സ്കൂളിന് രണ്ടാം സ്ഥാനം. പ്രവൃത്തിപരിചയ മേളയിൽ മുളകൊണ്ടുള്ള ഉൽപന്നങ്ങളിൽ സുചിത്ര കെഎം ഒന്നാം സ്ഥാനം. ഗണിത ശാസ്ത്രമേളയിൽ സ്കൂളിന് ഓവറോൾ ചാമ്പ്യൻഷിപ്പ്.

സബ്ജില്ലകായികമേളയിൽ സബ് ജൂനിയർ വിഭാഗത്തിൽ 400 മീറ്റർ ഓട്ടത്തിൽ ജോസിയ ബെന്നി ഒന്നാംസ്ഥാനം, ഷോട്ട്പുട്ടിൽ അലൻ മാത്യു അ ഡോണ ഒന്നാം സ്ഥാനം പങ്കിട്ടു.,ലഹരിവിരുദ്ധ വാരാചരണ ത്തോടനുബന്ധിച്ച് മാനന്തവാടി കോർപ്പറേറ്റ് മികച്ച ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള ക്യാഷ് അവാർഡ് സ്കൂളിന്. കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ കായികമേളയിൽ കരാട്ടെ അണ്ടർ 64 മത്സരത്തിൽ റോസമ്മ സെബാസ്റ്റ്യൻ ഒന്നാം സ്ഥാനം.കേരള സംസ്ഥാന സ്കൂൾ

ശാസ്ത്രോത്സവത്തിൽ മുളകൊണ്ടുള്ള ഉൽപ്പന്നങ്ങളുടെ നിർമാണത്തിൽ സുചിത്ര കെ എം ഒന്നാം സ്ഥാനം എ ഗ്രേഡ്.

തൃശ്ശൂർ കുന്നംകുളത്ത് വെച്ച് നടന്ന സംസ്ഥാനതല ഐടി മേളയിൽ വെബ് ഡിസൈനിങ് അൻവിൻ സഞ്ജു ഷാജുവിന്റെ മികച്ച പ്രകടനം. സംസ്ഥാനതല സാമൂഹ്യ ശാസ്ത്ര ക്വിസിൽ തേജസ് പി ദിനേശ് നാലാം സ്ഥാനം എ ഗ്രേഡ് .
മണത്തണ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് നടന്ന സബ്ജില്ലാ സ്പോർട്സ് ക്വിസ് ട്രാക്ക് 2019 ൽ ഒന്നാം സ്ഥാനം തേജസ് പി ദിനേശ് ,രണ്ടാം സ്ഥാനം ഗോവർധൻ ജി.

അമൃതകിരണം മെഡിക്കൽ ഐ ക്യു ക്വിസ് കണ്ണൂർ ജില്ലാ കലാമത്സര ത്തിൽ തേജസ് പി ദിനേശ്, ഗോവർധൻ ജി യുക്ക മൂന്നാം സ്ഥാനം. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് യുറീക്ക ശാസ്ത്രകേരളം വിജ്ഞാനോത്സവം അതിൽ അലോക് ജിതീഷ്, ഡോൺ ജോസ് ജില്ലയിലേക്ക് സിലക്ഷൻ ലഭിച്ചു.



കഥ

# ഒറ്റയടിപാതപോരാളി

ജീവിതം എന്ന ദുഃഖ സമുദ്രത്തിൽ ആടിയുലയുന്ന ഒരു തോണി ആയിരുന്നു അവൾ . ജീവിതം എന്ന ഒറ്റയടി പാതയിൽ പലപ്പോഴും അവർ നിസ്സഹായയായി നിന്നിരുന്നു .പ്രശ്നങ്ങൾ അവളുടെ ജീവിതത്തിൽ സർവ്വസാധാരണമായിരുന്നു. ജീവിതം കടന്നു പോകാൻ അവൾ ആഗ്രഹിക്കാത്ത ഒറ്റയടിപ്പാത, എങ്കിലും ജീവിത സാഹചര്യങ്ങൾ അവളെ അതിലൂടെ കടന്നു പോകാൻ നിർബന്ധിച്ചു.

അച്ഛൻ ,അമ്മ ,മുത്തശ്ശി ഇവരടങ്ങുന്ന അവളുടെ സ്വർഗ്ഗതുല്യമായ ജീവിതത്തിൽ അസാധാരണമായി ആണ് ആ ക്ഷണിക്കപ്പെടാത്ത അതിഥി കടന്നുവന്നത് .മരണം കരിനിഴൽ വിരിച്ച അവളുടെ ജീവിതം ഒരിക്കലും ഒരു മനുഷ്യനെന്ന നിലയിലോ സ്ത്രീ എന്ന നിലയിലോ ചിന്തിക്കാവുന്നതിലും അപ്പുറമായിരുന്നു. അച്ഛൻ , അമ്മ ഇങ്ങനെ ഓരോരുത്തരായി അവളെ വിട്ടകന്നുകൊണ്ടേയിരുന്നു.


എത്രയെത്ര സങ്കടങ്ങൾ ഉണ്ടായാലും ഒരാളുടെ ജീവിതത്തിൽ സന്തോഷത്തിന്റെ പൂക്കാലം വരാതിരിക്കുക ഇല്ലല്ലോ .അങ്ങനെ അവളുടെ ജീവിതത്തിൽ ആനന്ദത്തിന്റെ പൊൻ വസന്തം വന്നെത്തി. നാട്ടുകാരുടെ സഹായത്തോടെ ആണെങ്കിലും അവൾ പന്ത്രണ്ടാം ക്ലാസിൽ നിലച്ച പഠനം പുനരാരംഭിച്ചു .ദൈവം കൈതൊട്ട ഒരു നല്ല ഡോക്ടർ- ഇതായിരുന്നു അവരുടെ ലക്ഷ്യം. അവളതിനായ് നന്നായി അധ്വാനിച്ചു. അങ്ങനെ ഒരു നാൾ അവൾ തന്നെ ലക്ഷ്യം നേടിയെടുത്തു. അപകടങ്ങളിൽ തകരാതെ അവൾ പോരാടി-ജീവിതത്തിനായി .

എന്നാൽ കരുതി ഇരിക്കാതെ ജീവിതത്തിൽ മരണം വീണ്ടും ഒരു വേട്ടയാടൽ നടത്തി. അവൾക്ക് എല്ലാമെല്ലാമായ മുത്തശ്ശിയെയും മരണം കൊണ്ടുപോയി .അവൾ കുറെ കരഞ്ഞു എന്നാൽ വിണ്ടുകീറിയ നെഞ്ചുമായി അവൾ ഉയർത്തെഴുന്നേറ്റു . അതിജീവനത്തിന്റെ പാതയിൽ, ആ ഒറ്റയടി പാതയിൽ തന്റെ പോരാട്ടവീര്യം തെളിയിച്ച് ലോകം സ്മരിക്കുന്ന ഒരു ഡോക്ടറായി ഒരു എഴുത്തുകാരിയായി അവൾ മാറി. ജീവിതമെന്ന ഒറ്റയടി പാതയിൽ തിരിഞ്ഞു നോക്കാതെ അവൾ നടന്നു നീങ്ങി ഒരു പോരാളിയായി. **സോനു ജോൺ ബിനോയ്**

നേട്ടം\

# പ്രവൃത്തിപരിചയം

2019 – 2020 സെന്റ് മേരീസ് എച്ച് എസ് എസ് എട്ടരിൽ വെച്ച് നടന്ന പ്രവർത്തി പരിചയമേളയിൽ 16 വിദ്യാർഥികൾ പങ്കെടുത്തു.



| ഇനങ്ങൾ | പങ്കെടുത്തവർ |
|---|---|
| ബാംബൂ പ്രോഡക്റ്റ് | സുജിത്ര കെ എം |
| ചന്ദന തിരി നിർമാണം | അമൃത കെ എസ് |
| ബീഡ്സ് വർക്ക് | അപർണ ബാലൻ |
| ബുക്ക് ബയന്റിംഗ് | കൃഷ്ണപ്രിയ എം എസ് |
| എംബ്രോയിഡറി | സ്നേഹ മാത്യൂ |
| ഫാബ്രിക് പെയിൻറിംഗ് | ആൽബിൻ തോമസ് |
| വെജിറ്റബിൾ പ്രിൻറിംഗ് | സോന ബ്രിജിറ്റ് സിബി |
| ഗാർമെന്റ് മേക്കിങ് | അനപ്രിയ ജോഷി |
| മെറ്റൽ എൻഗ്രേവിങ് | ബ്ലെയ്സ് ചാക്കോ |
| ഫയൽ മേക്കിങ് | ആൽബിൻ മാത്യൂ |
| റെക്സിൻ,ക്യാൻവാസ് , ലതർ | ആർഷാജ്ഞലി പി ട |
| ത്രഡ് പാറ്റെൺ | അഭിനവ് എം ബി |
| ക്ലേ മോഡലിംഗ് | ബിജിലറ്റ് ബിജു |

ജില്ല മേള തിരുവങ്ങാട് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് നടന്നു. അതിൽ നമ്മുടെ വിദ്യാർത്ഥികൾ പങ്കെടുത്തു.ബാംബു പ്രോഡക്റ്റ്-സുജിത്ര കെ എം, റെക്സ്സിൽ ക്യാൻവാസ് ലെതർ – ആർഷാഞ്ജലി പി സ്,നെറ്റ് മേയ്ക്കിംഗ്-ആദർശ് ടി കെ

സംസ്ഥാന മേള തൃശ്ശൂർ വെച്ച് നടന്നു. അതിൽ സുജിത്ര കെ എം ബാംബു പ്രോഡക്ടിൽ പങ്കെടുത്തു. സുജിത്രയ്ക്ക് സംസ്ഥാന 1st A ഗ്രേഡ് ക്യാഷവാർഡ് പ്രശസ്തി പത്രം എന്നിവ ലഭിച്ചു.

**കവിത**

## കൂടെ

സ്നേഹിച്ചു ഞാനെന്റെ ചേച്ചിയെ ആവോളം
പൊൻ തണ്ടിൽ ഊയലാടുന്നൊരു മുല്ലപോൽ
കൂടെ കളിക്കുവാൻ മാറത്തുറക്കുവാൻ
എന്നുമുണ്ടെൻ ചേച്ചി എന്റെ കൂടെ
സ്നേഹിച്ചു ലാളിച്ചു കൊഞ്ചിച്ചുവെൻ ചേച്ചി.

എന്നെ ഉറക്കുവാൻ കാത്തുനിന്നു
തേനൂറും വാക്കുകളോതിത്തന്നു
കാലു വളരാനും കൈകൾ വളരാനും
കാത്തുനിന്ന എപ്പോഴുമെന്റെ ചേച്ചി.



- അജന്യ അശോക്

ഐതിഹ്യം

# ഓണം

പണ്ട് പണ്ട് കേരളം ഭരിച്ചിരുന്ന നീതിമാനായ ഭരണാധിക്കാരി ആയിരുന്നു മഹബലി. അദ്ദേഹം നല്ലൊരു ദാനശീലനായിരുന്നു. തന്റെ പ്രജകളെ വളരേയേറെ സ്നേഹിച്ചതിരുന്നു. അദ്ദേഹത്തിന്റെ ഭരണത്തിൽ പ്രജകൾ വളരെ സന്തുഷ്ടരായിരുന്നു. മഹാബലിയുടെ നല്ല ഭരണത്തിൽ അസൂയ പൂണ്ട ദേവന്മാർ മഹാവിഷ്ണുവിനോട് പരാതിപ്പെട്ടു. ദേവന്മാരുടെ പരാതി തീർക്കാൻ മഹാവിഷ്ണു വാമനന്റെ വേഷത്തിൽ മഹാബലിയുടെ സദസ്സിലെത്തി. തനിക്ക് തപസ്സുചെയ്യാൻ മൂന്നടി മണ്ണ് മഹാബലിയോട് ആവശ്യപ്പെട്ടു. ദാനദർമിഷ്ടനായ മഹാബലി മൂന്നടി മണ്ണ് എടുത്തുക്കൊള്ളാൻ സമ്മതിച്ചു. സൂത്രശാലിയായ വാമനൻ ഭീമാക്കാരനായ മനുഷ്യരൂപം പൂണ്ട ഒന്നാമത്തെ അടി ഭൂമിയിലും രണ്ടാമത്തെ അടി ആകാശത്തും അളന്നു. മൂന്നമത്തെയടി മണ്ണിനായി മഹാബലി തന്റെ ശിരസ്സ് കാട്ടിക്കൊടുത്തു. വാമനൻ മഹാബലിയെ പാതാളത്തിലേക്ക് ചവിട്ടിതാഴ്ത്തി. ചവിട്ടിതാഴ്ത്തുന്നതിനു മുമ്പ് മഹാബലി ഒരു കാര്യം ആവശ്യപ്പെട്ടു. വർഷത്തിൽ ഒരിക്കൽ തന്റെ പ്രജകളെ കാണാൻ വരാൻ അനുവദിക്കണമെന്ന് പറഞ്ഞു.മഹാബലി തന്റെ പ്രജകളെ കാണാൻ വരുന്ന ദിവസമാണ് ഓണം.



– അനീറ്റ ബിജു

യാത്രാവിവരണം

# എന്റെ യാത്ര

ഞാൻ ഈ കഴിഞ്ഞ അവധിക്കാലത്ത് അച്ഛന്റെയും അമ്മയുടേയും അനിയന്റെയും കൂടെ പോയത് മൈസൂർക്കാണ്. ഞാൻആദ്യമായാണ് ഒരു വിനോദയാത്രയ്ക്ക് പോകുന്നത്. പോയത് മാനന്തവാടി വഴിയായത് കൊണ്ട് ഞങ്ങൾക്ക് ഒരുപാട് മൃഗങ്ങളെ കാണാൻ കഴിഞ്ഞു. മൈസൂരിൽ ചെന്ന് ആദ്യം പോയത് ചാമുണ്ഡേശ്വരി ക്ഷേത്രത്തിലാണ്. ഒരു വലിയ മലയുടെ മുകളിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. അവിടെ നിന്നു നോക്കിയാൽ മൈസൂർ നഗരം മുഴവൻ കാണാൻ നമ്മുക്കു കഴിയുന്നു. അവിടെ പക്ഷിസങ്കേതവും സന്ദർശിക്കാൻ പോയി. മുന്നൂറിൽ പരം തത്തകൾ അവിടെയുണ്ട് . വലുതും ചെറുതുമായ പലനിറത്തിലുള്ളതുമായ ഒട്ടനേകം തത്തകളെ കണ്ടു. അതിനുശേഷം മൃഗശാലയിലേക്കും പോയി.ഏക്കറുകളോളം നീണ്ടുകിടക്കുന്ന ഒരു വലിയ മൃഗശാലയായിരുന്നു അത്. അവിടെ വലിയ തിരക്കാണ്. എന്റെ ജീവിതത്തിലെ മറക്കാനാകാത്ത നിമിഷങ്ങളായിരുന്നു അത് .



– നന്ദന ശശി

ക്വിസ്

# ഉത്തരം പറയാമോ?

1.കർക്കിടക മാസത്തിലെ ഓണത്തിനു പറഞ്ഞിരുന്ന പേര്?

ഉ:പിള്ളേരോണം

2.കേരലത്തിലെ പുഷ്പസമൃതമായ കാലം ഏതാണ്?

ഉ:ഓണക്കാലം

3.ഓണക്കാലത്ത് പച്ചക്കറി വാങ്ങിയിരുന്ന ദിവസങ്ങളേതായിരുന്നു?

ഉ:മൂലം,പൂരാടം ദിവസങ്ങൾ

4. ജന്മിക്ക് ഓണക്കാഴ്ചയായി സാധാരണ സമർപ്പിക്കാറുണ്ടായിരുന്ന വിഭവങ്ങൾ ഏതെല്ലാമായിരുന്നു?

ഉ:ചേന,മത്തങ്ങ,കുമ്പളങ്ങ,ഏത്തക്കുല

5.ഓണക്കാലത്ത് പൂമാറ്റുന്ന ചടങ്ങ് നടത്തുന്ന ദിവസമേത്?

ഉ:ഉത്രാടം അവസാനിച്ച് തിരുവോണം വെളുക്കുന്നതു വരെ

6.വറുക്കലും പൊരിക്കലുമെല്ലാം ഏതു ദിവസങ്ങളിലായിരുന്നു ചെയ്തിരുന്നത്?

ഉ:പൂരാടം,ഉത്രാടം ദിവസങ്ങളിൽ

- ഗോവർദ്ധൻ . ജി

ചിത്രീകരണം

# പ്രകൃതി

"ഇനിയും മരിക്കാത്ത ഭൂമി നിന്നാസന്നമതിയിൽ നിനക്കാത്മ ശാന്തി"



പ്രസംഗം

# ഓണം

വേദിയിലിരിക്കുന്ന വിശിഷ്ടവ്യക്തികളെ ,അധ്യാപകരേ, പ്രിയ കൂട്ടുകാരേ,

ഇന്നെന്റെ പ്രസംഗവിഷയം ഓണം എന്നതാണല്ലോ.പത്ത് ദിവസം നീണ്ടുനിൽക്കുന്ന ഒരാഘോഷമാണ് നമ്മുടെ നാട്ടിൽ ഓണം.അതിൽ പ്രധാനപ്പെട്ട ദിവസം തിരുവോണമാണ്.തിരുവോണ ദിവസമാണ് പുലിക്കളി, വിവിധത്തരത്തിലുള്ള കലാപരിപാടികൾ,പൂക്കളമിടൽമത്സരം,തുടങ്ങിയ കലാപരിപാടികൾ ജാതിമതോഭേതമന്യേ എല്ലാവരും ഏർപ്പെടുന്ന ദിവസമാണ് തിരുവോണദിവസം.അന്നത്തെ ദിവസം പ്രത്യേക സദ്യ തന്നെ ഉണ്ടാകും.അന്ന് എല്ലാവരും ഒരുമിച്ചിരുന്നാണ് ഓണസദ്യ കഴിക്കുന്നത്.എല്ലാവരും ഓണക്കോടി ഉടുത്താണ് അന്നത്തെ ദിവസം നിൽക്കുന്നത്.ലോകമെമ്പാടുമുള്ള എല്ലാ മലയാളികളും ഓണം ആഘോഷിക്കാറുണ്ട്.ഇത്രയും പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു. നന്ദി.

**- രത്യ കെ.ആർ**



ലഘുവിവരണം

# വിഷുപക്ഷി

വിഷുക്കാലത്ത് വിരുന്നുവരുന്ന പക്ഷിയാണിത്. കുയിൽ, ഉത്തരായണകിളി, കതിരുകാണാകിളി എന്നെല്ലാം ഇതിനെ വിളിക്കാറുണ്ട്.മുട്ടയിട്ട് കുഞ്ഞുങ്ങളെ വിളിക്കാനാണിത് ഏപ്രിൽ മാസത്തോടെ ഇവിടെ എത്തുന്നത്. കാക്കതമ്പുരാട്ടിയുടെ കൂട്ടിലാണ് ഇത് മുട്ടയിടുക. ചക്കക്ക് ഉപ്പുണ്ടൊ....അച്ഛൻ കൊമ്പത്ത്....അമ്മവരമ്പത്ത്....കണ്ടാൽ മിണ്ടാതെ തുടങ്ങിയ പല തരത്തിലും പലരും ഇതിന്റെ ശബ്ദത്തെ അനുകരിക്കാറുണ്ട്. ഏകദേശം പുള്ളികളുള്ള കറുത്ത തടിച്ച ശരീരമാണിതിന്.

– ജോബിറ്റ് ജോണി



കവിത

## ആധുനിക ലോകത്തിന്റെ കൈപ്പിഴവ്

പരിഷ്കാരം തേടിപ്പോകുമീ കാലഘട്ടത്തിൽ
സ്നേഹബന്ധങ്ങൾ അനാഥമായി....
അമ്മയില്ല കുട്ടിയില്ല എല്ലാവരും അപരിചിതമായി
അമ്മതൻ ചൂടേറ്റു വാഴേണ്ട കാലത്ത്

ഹോസ്റ്റലുകളിൽ കുട്ടികളെ പറിച്ചു നട്ടു
അമ്മതന് ചൂടേറ്റു വാഴേണ്ട കാലത്ത്
അമ്മ തന്നെ തൻകുഞ്ഞിനെ തന്നിൽനിന്നടർത്തീടുന്നു
കാലമിന്നു മാറിമറഞ്ഞിരിക്കുന്നല്ലോ
അമ്മയില്ല ഇന്നു കുഞ്ഞുമില്ല
പെറ്റമ്മയെ തന്നെ കൊന്നു കൊലവിളിക്കുന്നവർ
എത്രയുണ്ട് ഇന്ന് നമ്മുടെ ലോകത്തിൽ
ഗുളിക പിടിക്കേണ്ട കൈകളിലാണിന്ന്
പ്രതികാരമായുധമേന്തി നിൽക്കുന്നത്
സ്വന്തം പ്രാണനെതന്നെ ബലിയാടാക്കുന്ന
കാലമായി മാറിയല്ലോ നമ്മുടെ ലോകം
ദൈവമേ നീ ഇതു കാണുന്നുണ്ടോ അതോ
കണ്ടിട്ടും കാണാതെ നിൽക്കുന്നതോ?

**-അതുല്യ സുരേഷ്**

നേട്ടം

# സ്പോർട്സ്

2018 - 2019 അധ്യയന വർഷം കായികരംഗത്ത് ഹൈസ്കൂൾ വിഭാഗത്തിൽ മികച്ച നേട്ടം കൈവരിക്കാൻ നമുക്ക് സാധിച്ചു. സബ്ജില്ല ജില്ലാ സംസ്ഥാന ദേശീയ മത്സരങ്ങളിൽ നമ്മുടെ കുട്ടികളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. സ്കൂൾ കായിക മത്സരത്തിൽ നിന്നും വിജയികളായവർ സബ്ജില്ലാ മത്സരത്തിൽ പങ്കെടുക്കുകയും പിന്നീട് ജില്ലാ തലത്തിലും ദേശീയതലത്തിലും ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ നമ്മുടെ കുട്ടികൾക്ക് സാധിച്ചു.

- **അത്‌ലറ്റിക്സ്**

സബ്ജില്ലാ അത്‌ലറ്റിക് മത്സരത്തിൽ ജോസിയ ബെന്നി, അലൻ മാത്യൂ, ആൻ ജോ തോമസ് ,ലിസ് മരിയ , നന്ദന ബാബു ,അതുല്യ, റിച്ച മാത്യൂ എന്നിവർ ഹൈസ്കൂളിൽ നിന്ന് പങ്കെടുക്കുകയും വിജയം കരസ്ഥമാക്കുകയും ചെയ്തു. അലൻ മാത്യൂ സബ്ജില്ലാ തലത്തിൽ മൂന്ന് ഇനങ്ങളിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി , ജോസിയ ബെന്നി രണ്ട് ഇനങ്ങളിലും ഒന്നാം സ്ഥാനം നേടി ശ്രദ്ധേയ താരങ്ങളായി മാറി. അലൻ മാത്യുവിന്റെ ജില്ലാ സംസ്ഥാന മത്സരങ്ങളിലെ മികച്ച പ്രകടനം ദേശീയതലത്തിലേക്ക് താരത്തെ എത്തിച്ചു. പഞ്ചാബിൽ നടന്ന ദേശീയ മത്സരത്തിൽ ഈ കൊച്ചു മിടുക്കനും നമുക്കിടയിൽ നിന്നും മത്സരിച്ചിരുന്നു .ജോസിയ ജില്ലാ മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.



- **കരാട്ടെ**

സബ്ജില്ലാ കരാട്ടെ മത്സരത്തിൽ നമ്മുടെ താരങ്ങളായ റോസമ്മ സെബാസ്റ്റ്യനും അവിഷ് ജോസഫും പങ്കെടുത്തു. റോസമ്മ സെബാസ്റ്റ്യൻ ജില്ലാ

മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഈ മിടുക്കി സംസ്ഥാന കരാട്ടെ മത്സരത്തിൽ പങ്കെടുക്കുകയും ആറാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു .

- **ചെസ്**

സബ്ജില്ല ചെസ് മത്സരത്തിൽ സബ് ജൂനിയർ ആൺകുട്ടികളുടെ വിഭാഗത്തിൽ നമ്മുടെ താരങ്ങളായ ടോമിലിൻ സണ്ണിയും ബെയസൻ തോമസ് എന്നിവർ പങ്കെടുക്കുകയും രണ്ട് റൗണ്ട് വിജയിക്കുകയും ചെയ്തു.

- **ബാഡ്മിന്റൺ**

സബ്ജില്ലാതല ബാഡ്മിന്റൺ മത്സരത്തിൽ നമ്മുടെ താരങ്ങളായ സോണിയ ടോമി ,അഭിയ റോയി ,സ്നേഹ മരിയ ,നീരജ കെ .എസ് ,അമന്റ ആൻസ് എന്നിവർ പങ്കെടുക്കുകയും സോണിയ ടോമിയും അമന്റ ആൻസ് ജില്ലാ മത്സരത്തിൽ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ച വയ്ക്കുകയും ചെയ്തു.

- **ഫുട്ബോൾ**

സബ്ജില്ലാ ഫുട്ബോൾ മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് ജിതിൻ അൽഫോൻസ് , മാർട്ടിൻ , ആൻ ജോ, അഭിനന്ദ് |അശ്വിൻ , ആകാശ്,വിനായക്, ബിജിൻ എന്നിവർ ജൂനിയർ ആൺകുട്ടികളുടെ വിഭാഗത്തിൽ മികച്ച പ്രകടനം കാഴ്ചവച്ചു.



ശൈലി

# കഥകളി ശൈലികൾ

| | |
|---|---|
| കാർക്കോടകൻ: | ദുഷ്ടൻമാരെ സൂചിപ്പിക്കുന്ന |
| കൈയും തലയും കാണിക്കുക: | ആഗ്യം കാണിക്കുക |
| ശ്ലോകത്തിൽ കഴിക്കുക: | ഒരു കാര്യം ഏറ്റവും ചുരുക്കി ആവതരിപ്പിക്കുക |
| ശങ്കിടി പിടിക്കുക: | എല്ലാം അനുസരിക്കുന്ന,പിന്തുണയ്ക്കുന്ന സഹായിയായി കൂടെ കൂടുക. കഥകളിയിൽ പാട്ടുകാരന്റെ സഹായി ശങ്കിടി |
| കഥയറിയാതെ ആട്ടം കാണുക: | കഥയറിഞ്ഞ് കളി കണ്ടാലെ ആസ്വദിക്കാൻ കഴിയൂ. വസ്തുതക്കൾ വേണ്ടതു പോലെ മനസ്സിലാക്കാതെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെ സൂചിപ്പിക്കാൻ ഈ ശൈലി ഉപയഗിക്കുന്നു |
| കച്ചകെട്ടുക: | കഥകളി അഭ്യാസത്തിനായി കളരിയിലെത്തുന്ന ഒരു വിദ്യാർത്ഥി ഗുരുവിന് ദക്ഷിണ നൽകിയ ശേഷം ആദ്യമായി അനുഷ്ടിക്കുന്ന ഒരു ചടങ്ങാണ് കച്ചകെട്ട്. തയാറാക്കുക ഒരുങ്ങുക എന്നീ അർത്ഥത്തിൽ ഈ ശൈലി ഉപയോഗിക്കുന്നു |
| കലാശം ചവിട്ടുക: | അവസാനിപ്പിക്കുക എന്ന അർത്ഥത്തിലാണ് ഈ ശൈലി ഉപയോഗിക്കുന്നത് |

**ധനാശി പാട്ടുക(മംഗളം പാട്ടുക):** കഥകളിയുടെ അവസാനം സൂചിപ്പിക്കുന്ന മംഗളാചരണം.നാടകത്തിലെ ഭരതവാക്യത്തിന് സദൃശ്യമാണ് ഇത്.

**വേഷം കെട്ടുക:** കഥകളിയിലെ കഥാപാത്രങ്ങൾക്ക് ഉടുത്തുകെട്ട് തയ്യാറാക്കുന്നതിനെ വേഷം കെട്ടുക എന്നാണ് പറയാറുള്ളത്. നാടകത്തിലെയും സിനിമയിലേയ്ക്കും യഥാർത്ഥ വേഷങ്ങളിൽനിന്ന് വ്യത്യസ്തമാണ്  ഉടുത്ത്. അതിനാൽ യഥാർത്ഥ്യം പ്രകടമാക്കാത്ത ആളുകളുടെ പെരുമാറ്റത്തെ വേഷംകെട്ട് എന്ന പറയുന്നു.


**കത്തിവേഷം:** കഥകളിയിൽ ദുഷ്ടകഥാപാത്രങ്ങൾക്ക് നൽകുന്ന വേഷമാണ് കത്തി.



**– അക്ഷയ് കെ**

കവിത

# കാലത്തിൻെറ നിറവ്



കാലമേ നീ എന്നെ മറന്നുവോ...
കാലം മറന്നാലും കാറ്റിന്റെ കാവലായ്
കണ്ണായി കാതായ് കാലമേ നിന്നോട്ടു കൂടെ
ഞാൻ ചേരും...ചേരുവാൻ

കാലം വിസമ്മതമരുളരുതേ...
കാലമേ നിന്നിലാണെന്റെ അന്ത്യം
നിന്നോട്ടു കൂടെ ഞാൻ അലിഞ്ഞ്
തീരട്ടെ...കാലമേ...നിന്നിലാണെന്റെ അന്ത്യം

- അനഘ കെ എ

അനുസ്മരണം

# കെ. പി. അപ്പൻ

മഴയേയും കാർമുകിലിനേയും സ്നേഹിച്ച് ലേഖനം എഴുതുന്ന ആളാണ് ഇദ്ദേഹം. മലയാള സാഹിത്യനിരൂപണരംഗത്ത് ശ്രദ്ധേയനായ എഴുത്തുകാരനുമാണ്. 1936 ആഗസ്റ്റ് 25-ന് ആലപ്പുഴയിൽ ജനിച്ചു. കോളേജ് അധ്യാപകനായിരുന്നു.കലഹവും വിശ്വാസവും, ഉത്തരാധുനികത വർത്തമാനവും വംശാവലിയും,തിരസ്കാരം,മധുരം നിന്റെ ജീവിതം,മാറുന്ന മലയാള നോവൽ എന്നിവ എഴുതി.മധുരം നിന്റെ ജീവിതം' എന്ന കൃതിക്ക് കേരളസാഹിത്യ അക്കാദമി അവാർഡും,'ഉത്തരാധുനികത വർത്തമാനവും വംശാവലിയും'എന്ന കൃതിക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു.1972-ലാണ് കെ പി അപ്പന്റെ ആദ്യ കൃതിക്ഷോഭിക്കുന്നവരുടെ സുവിശേഷം പ്രസിദ്ധീകരിക്കുന്നത്. 2008 ഡിസംബർ 15 അന്തരിച്ചു.



– അനഘ ജോസഫ്

നേട്ടം

# രാജ്യ പുരസ്കാർ സ്കൗട്ട്

അരവിന്ദ് ബാബു ,ജോയൽ ജോസഫ്, വിനായക് ഡി വി, മിഥുൻ എസ് കൃഷ്ണ, ഷോൺ ജോസഫ്, അൽഫോൻസ, അഭിനവ് റ്റി എം എന്നി കുട്ടികൾ 2019 20 വർഷത്തെ രാജ്യപുരസ്കാർ അവാർഡ് കരസ്ഥമാക്കി .

നവംബർ 14 -2019

സ്കൗട്ട് ഗൈഡ് അംഗങ്ങൾ ശിശുദിനത്തോട്അനുബന്ധിച്ച് കൊട്ടിയൂർ ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള 2 ,4 ,10 ,11 വാർഡുകളിൽ ഉള്ള അംഗൻ വാടികളിൽ സന്ദർശിച്ചു. കുട്ടികൾക്ക് മധുര പലഹാരങ്ങൾ നൽകി വിവിധ കലാപരിപാടികൾ നടത്തി.

**ദ്വിതീയ സോപാൻ പരിശീലനങ്ങൾ**

### വടക്കുനോക്കിയന്ത്രം (compass)

ഒരു വടക്കുനോക്കിയന്ത്രത്തിന്റെ പ്രായോഗിക ഉപയോഗം അറിയുകയും 16 ദിശകൾ മനസ്സിലാക്കുകയും ചെയ്യുന്നു. വളരെ വർഷങ്ങൾക്കു മുമ്പു മുതൽ തന്നെ കപ്പൽ യാത്രക്കാർ ദിക്കുകൾ മനസ്സിലാക്കുന്നതിന് ഉപയോഗിച്ചിരുന്ന ഒരു ഉപകരണമാണ് കോമ്പസ് . പലവിധത്തിലുള്ള കോമ്പസ്സുകൾ ഇന്ന് നിലവിലുണ്ട് .

a) Needle type compass
b) Disc type compass
c) Prismatic compass
d) Gyro compass



ഒരു കൊമ്പസ്സിന്റെ പ്രധാന പ്രായോഗിക ഉപയോഗം കാന്തിക വടക്ക് കണ്ടു പിടിക്കുക എന്നുള്ളതാണ്. വൃത്താകൃതിയിലുള്ള ഒരു ഡയലിന്റെ നടുവിലായി ഒരു കാന്ത സൂചി തിരശ്ചീനമായി നിർത്തിയിരിക്കുന്ന .പ്രധാനമായും 16 ദിശകളെ വലത്തുനിന്ന് ഇടത്തോട്ട് രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രധാന ദിശകൾ ( Cardinal points )

വടക്ക് (North) , തെക്ക് (South), കിഴക്ക് (East), പടിഞ്ഞാറ് (West)

ഉപ പ്രധാന ദിശകൾ (Semi Cardinal points )

വടക്ക് കിഴക്ക് (North East)

തെക്കുകിഴക്ക് (South East)

തെക്കുപടിഞ്ഞാറ് (South West)

വടക്കുപടിഞ്ഞാറ് (North West)

അർദ്ധ് ധ്രുവ പ്രധാന ദിശകൾ (Inter Mediate Cardinal points )

| | |
|---|---|
| North North East | NNE |
| East South East | ESE |
| South South west | SSW |
| West North West | WNW |
| East North East | ENE |
| South South East | SSE |
| West South west | WSW |
| North North West | NNW |

കോമ്പസിൽ കാണുന്ന വടക്ക് മാഗ്നെറ്റിക് നോർത്ത് ആയിരിക്കും. ഇന്ത്യയിൽ നോർത്ത് അല്പം പടിഞ്ഞാറാണ് .



**ഓർമ്മക്കുറിപ്പ്**

# പണ്ടത്തെ ഓണസ്മരണകൾ

കർക്കിടകമാസത്തിലെ തിരുവോണത്തോടെ ഓണത്തിൻെറ ഒരുക്കങ്ങൾ തുടങ്ങുകയായി. കർക്കിടകത്തിലെ ഓണത്തിന് പറഞ്ഞിരുന്നത് പിള്ളേരോണം എന്നായിരുന്നു. ചിങ്ങമാസത്തിലെ തിരുവോണത്തിന് കൃത്യം ഇരുപത്തിയെട്ടു ദിവസം മുൻപാണത് അതൊരു ചെറിയ ഓണമായിരുന്നു. അതിനു ശേഷം ഓണത്തിനായി എല്ലാ വീട്ടിലും കഴിവിനനുസരിച്ച് പ്രത്യേകം നെല്ല് കരുതിവയ്ക്കും. ഇങ്ങനെ കരുതി വച്ചിട്ടില്ലാത്തവർ കടംകൊള്ളണം.

കന്യകമാരുള്ള വീട്ടിൽ അത്തം മുതൽ പൂവിടും. ഓണക്കാലം പുഷ്പസമൃദ്ധമാണ്. ചെത്തിപ്പൂവാണ് പൂക്കളിൽ പ്രധാനം. കുട്ടികൾ ദൂരെ പോയി പൂക്കൾ പറിച്ചുകൊണ്ടു വരും. ചോതിയാകുമ്പോൾ ഓണത്തിനുള്ള നെല്ല് പുഴുങ്ങും.കുടുംബത്തേക്കുള്ള ഓണനെല്ലളവ് മാത്രമല്ല അന്ന് നടക്കുന്നത് വേലക്കാർക്ക് കൊടുക്കുകയും വേണം. ആണാള്,പെണ്ണാള് എന്ന കണക്കിന് ഓണമുണ്ണാനുള്ള നെല്ലിനു പുറമേ അക്കൊല്ലത്തെ ഓണപ്പണിക്കാരൻ എന്നു വിളിക്കുന്ന സ്ഥിരം ജോലിക്കാരന് പ്രത്യേക നെല്ലും കൊടുക്കും. കൂട്ടത്തിൽ കടമായും നെല്ലുകൊടുക്കും.

ഓണപ്പണിക്ക് നെല്ല് കടം പറ്റിക്കഴിഞ്ഞാൽ അക്കൊല്ലം ആ വേലക്കാരൻ അവിടത്തെ സ്ഥിരം പണിക്കാരനാണ്. വിശാഖം മുതൽ കച്ചവടസ്ഥലങ്ങളെല്ലാം ചരക്കുകൾ കൊണ്ട് നിറഞ്ഞിരിക്കും. ഗൃഹനാഥന്മാർ കഴിവനുസരിച്ച് ആലപ്പുഴയിലും മറ്റും പോയി ഓണച്ചരക്കു വാങ്ങും. ചരക്കിൻെറ വില മേടമാസത്തിൽ കൊയ്ത്തുകഴിഞ്ഞ് കളത്തിൽ നിന്ന് നെല്ലളന്ന് കൊടുത്താണ് തീർക്കുക. മൂലം,പൂരാടം ദിവസങ്ങൾ പച്ചക്കറി വാങ്ങാനുള്ളതാണ്. കൃഷിക്കാരൻ

ഒരേ സമയം ജന്മമിയും പാട്ടക്കരനുമായിരിക്കും.മിക്കവാറും വീട്ടുകളിൽ ഓണക്കാഴ്ച്ച വരും. അത് പൂരാടം,ഉത്രാടം ദിവസങ്ങളിൽ വരുമായിരുന്നു.

അക്കാലത്ത് പെണ്ണുങ്ങൾ നെല്ല്കുത്തുന്നത് ഉലക്കയും ഉരലും കൊണ്ടാണ്. അത് ഉരപ്പുര ഭാഗത്തെ ഒരുഉത്സവമാണ്. മൂന്നുനാലു ദിവസം രാപകൽ പെണ്ണുങ്ങളുടെ ജോലി ഓണത്തിനുള്ള നെല്ലുകുത്തലാണ്. അതൊരാഘോഷമാണ്. മിക്കവാറും വീട്ടുകളിലെല്ലാം അത്തത്തിനു മുൻപുതന്നെ തേങ്ങ ആട്ടി വെളിച്ചെണ്ണ ശേഖരിച്ചിരിക്കും.അന്നു യന്ത്രത്തിലെല്ല കൊപ്ര ആട്ടുന്നത്,മരച്ചക്കകളിലാണ് അന്നു വീട്ടുകളിൽ വിളക്കു കത്തിച്ചിരുന്നത് പുന്നയ്ക്കാ എണ്ണ കൊണ്ടാണ് ചക്കും ചക്കാട്ടുന്നവരും നാട്ടിൽ ഒഴിച്ചു കൂടാൻവയ്യാത്ത ആവശ്യങ്ങളായിരുന്നു. അവരാണ് വീടിനു വെട്ടം തന്നിരുന്നത്.

പൂരാടം,ഉത്രാടം ദിവസങ്ങളിലാണ് വറുക്കലും. നാലിനം ഉപ്പേരി,ശർക്കര വരട്ടി എന്നിവയാണ് ഉണ്ടാക്കുന്നത്. ഓണം ആഘോഷിക്കാൻ കഴിവില്ലാത്തവരെ മറ്റുള്ളവർ സഹായിക്കും. ഓണം കൈക്കൊള്ളാൻ വരുന്നവരെ ഒരിക്കലും വെറും കൈയോടെ അയയ്ക്കുമായിരുന്നില്ല. പച്ചക്കറികളുടെ കാര്യത്തിൽ അടുത്ത വീട്ടുകാരെല്ലാം പരസ്പരം സഹകരിക്കും.

പൂവിട്ടടുത്തു പൂമാറ്റുന്ന ചടങ്ങുണ്ട്. അതിന് പൂവട എന്ന പലഹാരം നിർബന്ധം. ഉത്രാടം അസ്തമിച്ച് തിരുവോണം വെളുക്കുമ്പോഴാണ് പൂമാറ്റ്. നാടാകെ പൂമാറ്റത്തിന്റെ കുരവയും ആർപ്പും കൊണ്ട് ശബ്ദമുഖരിതമായിരിക്കും. വലിയ ആഘോഷമായിരുന്നുഅത്. രാവിലെ മക്കൾക്കും അനന്തരവർക്കും ഓണക്കോടി കിട്ടും. അന്നൊക്കെ സദ്യയല്ല പ്രധാനം, ആഘോഷമാണ്.

ഊണുകഴിഞ്ഞ് ചെറുപ്പാക്കാർ പലതരത്തിലുള്ള കളികളിൽ ഏർപ്പെടും. പെൺകുട്ടികൾ തുള്ളൽ തുടങ്ങിയ വിനോദങ്ങളിലേർപ്പെടും. സ്ത്രീകൾ തിരുവാതിര കളിക്കും. ഓണം അക്കാലത്ത് വലിയ ആഘോഷമായിരുന്നു. ഇന്ന് അതൊരു ഒഴിവുകാലമായി മാറിയിരിക്കുന്നതായി തകഴി ഓർമ്മിക്കുന്നു. ഇന്ന് ഉപ്പേരിക്കും

ശർക്കര പുരട്ടിക്കും സ്വാദില്ല. അവിയലും എരിശ്ശേരിയും എന്നും കഴിക്കുന്ന കറികളാണ്.ഇന്ന് ഓണം ഉണ്ണുന്നത് എന്നും ഉണ്ണുന്നതുപോലെയാണ്. തിരുവാതിരകളി ഓഡിറ്റോറിയത്തിൽ സർക്കാർ സംഘടിപ്പിക്കുന്ന ഓണാഘോഷത്തിൻെറ ഭാഗമായി മാറിക്കഴിഞ്ഞതായി അദ്ദേഹം സങ്കടപ്പെടുന്നു. അങ്ങനെ അത് തിരുവാതിരകളി അല്ലാതെയുമായി. ഇന്ന് ഓണവും അതിൻെറ ആഘോഷവും ഒരുപാടു മാറിപ്പോയി.



– അനീറ്റ വിൽസൺ

കവിത

# വേർപാട്

ഉമ്മറത്തിണ്ണയിൽ നിന്നാരോ ശബ്ദിച്ചപോൾ

അമ്മയാണെന്ന  ഞാൻ നിനച്ചു......

ഉമ്മറപടിയിൽ നിന്നു നോക്കി

ആരുമില്ല എങ്ങുമശാന്തത.......

എന്തെ അമ്മ വരാൻ ഇനിയും വിളമ്പമോ

എവിടേക്കുപോയി എന്നുമറിയില്ല......

ആളുകളോരോന്നായി ഉമ്മറത്തിണ്ണയിൽ ഒത്തുകൂടവേ

എന്തെന്നറിയാതെ ഞാൻ നോക്കി നിൽക്കവേ....

മുറ്റത്തുവന്നാരോ വണ്ടിയിൽ നിന്നൊരു ശരീരം

തിണ്ണയിൽ കൊണ്ടുകിടത്തവേ....

മാറത്തടിച്ചുകരയും മുത്തശ്ശിതൻ വേദന

കാണാതെ ഞാനും കരഞ്ഞുപോയി....

എന്തെന്നുചൊല്ലി ഞാൻ അരികിൽ ചെന്നപ്പോൾ

മാറോടണച്ച് മുത്തശ്ശി ചെല്ലീടവേ....

നമ്മളെ വിട്ടുപോയല്ലോ പൊൻമക്കളെ

നിന്നുടെ അമ്മ....



മുത്തശ്ശിചൊല്ലിയ വാക്കുകൾ കേട്ടപ്പോൾ

അറിയാതെ ഞാനും പൊട്ടിക്കരഞ്ഞുപോയി....

എന്തിനാണമ്മേ ഞങ്ങളെ വിട്ടു പോയ്

ഇന്നലെയല്ലെയോ അമ്മ പറഞ്ഞത് അമ്മയില്ലാത്ത

നാൾ വരുമ്പോളച്ഛനെ നോക്കുമോയെന്ന്....

ഉമ്മറത്തിണ്ണയിൽ നിന്നു ഞാനച്ഛനെ നോക്കവേ

അവിടെങ്ങുമച്ഛനെ കാണുവാനായില്ല..

ഒരു ഭ്രാന്തനെപ്പോലച്ഛൻ

പറമ്പിലൂടലഞ്ഞൂ നടന്നകലുന്നു....

എന്തുകൊണ്ടമ്മേ നീകുറച്ചുനാൾ മൂകയായി

നിൻ പരിഭവങ്ങൾ എന്തുക്കൊണ്ടമേ

എന്നോട് പറഞ്ഞതില്ല....

## അമ്മ



– അജിൻ ബെന്നി

കഥ

# മലയോരത്തിന്റെ ഒറ്റയടിപ്പാത

ഒറ്റയടിപ്പാതയിലൂടെ സന്ധ്യാസമയത്ത് കുറേ ആൾക്കാർ നടന്നു പോകുന്നുണ്ടായിരുന്നു. പാതയുടെ സമീപത്ത് അധികം വീടുകൾ ഒന്നും ഉണ്ടായിരുന്നില്ല.വളരെ വിജനമായിരുന്ന അത്.ചുറ്റിലും ഇടതൂർന്നു നിൽക്കുന്ന മരങ്ങൾ.മനുഷ്യാധ്വാനത്തിന്റെ ഫലങ്ങൾ.മരത്തിലൂടെ ചാടിക്കളിക്കുന്ന കുരങ്ങൻ മാർ. മൃഗങ്ങളുടെ വാസസ്ഥലം കൂടിയാണ് ആ പാതയോരം. പ്രകൃതി രമണീയമായ ഒരു ഗ്രാമം.പാതിര ആകുമ്പോൾ അതിലൂടെ അലഞ്ഞുതിരിഞ്ഞു ഏകാന്തതയിൽ അലയടിച്ച നടക്കുന്നവർ. അപ്പുവും ദൊപ്പുവും എന്നു പറയുന്ന രണ്ട് കുട്ടികൾ ഉണ്ടായിരുന്നു. അവർക്ക് മാതാപിതാക്കൾ ഇല്ലായിരുന്നു.അവർ കഷ്ടപ്പെട്ടാണ് ജീവിതം മുന്നോട്ട് നയിച്ചിരുന്നത്. അവർക്ക് കൂട്ടായി മൃഗങ്ങൾ ആയിരുന്നു ഉണ്ടായിരുന്നത്. മനുഷ്യശക്തിയുടെ പ്രതീകമായി ഈ കുട്ടികൾ മാറിയിരിക്കുകയാണ്

.



**- കീർത്തന എസ് നായർ**

റിപ്പോർട്ട്

# എസ് പി സി 2019-20

2019 20 വർഷത്തെ സി പി ഒ ആയി സുനീഷ് സർ ചാർജ് എടുത്തു. പുതിയ ബാച്ചിന് ഫിസിക്കൽ ടെസ്റ്റ് നടത്തി. വായന വാരത്തോടനുബന്ധിച്ച് കേഡറ്റുകൾക്ക് ലൈബ്രറി തുടങ്ങുന്നതിനായി ഓരോ കേഡറ്റ് വീടുകൾ കയറി പുസ്തക ശേഖരണം നടത്തി. ലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് ലഹരി വിരുദ്ധ റാലി നടത്തി. നീണ്ടു നോക്കി യിൽ നടന്ന മീറ്റിങ്ങിൽ ഹെഡ് മാസ്റ്റർ സണ്ണി സാർ, സി പി ഒ സുനീഷ് സാർ, സീനിയർ കേഡറ്റ് ടോണിഷ വർഗീസ്, അശ്വന്ത് പ്രമോദ് എന്നിവർ സംസാരിച്ചു.

ജനസംഖ്യാ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു. മന്ദംചേരി എസ് എൻ എൽ പി സ്കൂളിൽ വച്ച് നടന്ന വിമുക്തി പ്രോഗ്രാമിൽ സീനിയർ കേഡറ്റുകൾ പങ്കെടുത്തു. കാർഗിൽ ദിനത്തോടനുബന്ധിച്ച് വീരമൃത്യു വരിച്ച ജവാൻ മാരോടുള്ള അനുസ്മരണം നടത്തി. മെഴുകുതിരി കത്തിച്ച് ജവാൻമാരെ അനുസ്മരിച്ചു. തുടർന്ന് കാർഗിൽ വിജയദിനവു മായി ബന്ധപ്പെട്ട ഒരു ഷോർട്ട്ഫിലിം പ്രദർശനം നടത്തി. എസ് പി സി ദിനാചരണവുമായി ബന്ധപ്പെട്ട് പതാക ഉയർത്തൽ ചടങ്ങ് കേളകം എസ് ഐ അബ്ദുൽ റഹ്മാൻ സാർ നിർവഹിച്ചു. എസ് പി സി യുടെ ലൈബ്രറി വികസനത്തിന്റെ ഭാഗമായി കേഡറ്റുകൾ ശേഖരിച്ച പുസ്തകം ഹെഡ്മാസ്റ്ററിന് എസ് ഐ സാർ നൽകി. പയ്യന്നൂർ ഹയർസെക്കൻഡറി സ്കൂളിൽ വെച്ച് സ്കൂളിലെ കേഡറ്റുകളുടെ തെരുവ് നാടക പ്രദർശനം നടന്നു.

പ്രളയവുമായി ബന്ധപ്പെട്ട ദുരിതാശ്വാസക്യാമ്പ് കേഡറ്റുകൾ സന്ദർശിക്കുകയും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. സ്വാതന്ത്ര്യദിന ആഘോഷത്തോടനുബന്ധിച്ച് കേഡറ്റുകൾ സ്കൂളിലെത്തി പതാക ഉയർത്തൽ ചടങ്ങിൽ പങ്കാളികളായി. നിറവ് 2019 ഓണം ക്യാമ്പ് നടന്നു. പശ്ചിമഘട്ടത്തെ കുറിച്ചും ജൈവവൈവിധ്യത്തെ കുറിച്ചും ക്ലാസുകൾ ഉണ്ടായിരുന്നു. യോഗ പരിശീലനം, ലഹരിയുടെ ദൂഷ്യ ഫലങ്ങൾ, മോട്ടിവേഷൻ ക്ലാസ്, സൈബർ സുരക്ഷ ബോധവൽക്കരണം എന്നിവ ക്യാമ്പിന്റെ മാറ്റുകൂട്ടി.

ഗാന്ധി ജയന്തിയോടനുബന്ധിച്ച് കേഡറ്റുകൾ സ്കൂൾ പരിസരം ശുചീകരിച്ചു തുടർന്ന് നീണ്ടുനോക്കി ബാവലി പുഴ ശുചീകരണത്തിൽ ഏർപ്പെട്ടു. ബ്ലഡ് ഡൊണേഷൻ പ്രൊജക്റ്റ് ഭാഗമായി എല്ലാ കേഡറ്റുകളും 5 ബ്ലഡ് ഡോണർ മാരെ കണ്ടെത്തി. ശുചീകരണ പ്രവർത്തനത്തിന് ഭാഗമായി ആശുപത്രി ശുചീകരണത്തിൽ കേഡറ്റുകൾ സജീവമായി പ്രവർത്തിച്ചു. സ്കൂൾ പച്ചക്കറി തോട്ടത്തിൽ തൈകൾ നട്ടുപിടിപ്പിച്ചു. ശിശുദിനത്തോടനുബന്ധിച്ച് എസ് എൻ എൽ പി സ്കൂളിൽ വെച്ച് കലാപരിപാടികൾ അവതരിപ്പിച്ചു. ശിശു ദിന ഘോഷയാത്ര നടത്തി.

നവംബർ 27 ന് ജൂനിയർ കേഡറ്റുകളുടെ ക്യാപ്പിങ് സെറിമണി നടന്നു. ക്രിസ്മസ് ആഘോഷത്തിന് ഭാഗമായി കേക്ക് മുറിച്ച് കരോൾ ഗാനം ആലപിച്ചു. ക്രിസ്മസ് ട്രീ അലങ്കരിച്ചു. കോർണർ പിടിഎ യുടെ ഭാഗമായി കേഡറ്റുകൾ വിൽപാട്ട് അവതരിപ്പിച്ചു. ഫീൽഡ് ട്രിപ്പിന്റെ ഭാഗമായി കൊട്ടിയൂർ ദേവസ്വം ബോർഡിന് കീഴിലുള്ള അവന് പരിധിയിൽ പോയി പൂമ്പാറ്റകളെ പരിചയപ്പെട്ടു. എക്സൈസ് ഡിപ്പാർട്ട്മെന്റ് നേതൃത്വത്തിൽ വിമുക്തി പ്രോഗ്രാം കേളകം, പേരാവൂർ, നീണ്ടുനോക്കി, എന്നിവിടങ്ങളിൽ നടന്നു. പരിപാടിയിൽ കേഡറ്റുകൾ ഫ്ലാഷ് മോബ് അവതരിപ്പിച്ചു.



നാടകം

# ശകുന്തള-2.5

അണിയറയിൽ,

'കുണുങ്ങി കുണുങ്ങി
അടുത്തുവായന്റെ അരയന്നപിടയേ...'

എന്ന ഗാനത്തിൽ ടിക്ക്-ടോക്ക് ചെയ്തുകൊണ്ട് സർവ്വധമനനും താപസിമാരും രംഗപ്രവേശനം ചെയ്യുന്നു.

സർവ്വ : താപസിമാരേ, എനിക്കിപ്പോൾ ടിക്ക്-ടോക്കിൽ രണ്ടു മില്ല്യൺ ഫോളോവേഴ്സ് ആയി. അറിയാമോ......

താപസി : എടാ കള്ളാ.......നീ കൊള്ളമല്ലോ.......

സർവ്വ : താങ്ക്യൂ താങ്ക്യൂ

താപസി : എന്നാ ഇനി നമ്മുക്ക് ' on the floor baby' എന്ന പാട്ടിൽ ടിക്ക്-ടോക്ക് ചെയ്യാം

സർവ്വ : അതൊക്കെ ശരി. പക്ഷെ, ഒരു കുഴപ്പമുണ്ട് പാട്ട് ഞാൻ തീരുമാനിക്കും സമ്മതമാണോ?

താപസി : എന്താ സർവ്വ............അതെന്താ..........ഞങ്ങൾ പറഞ്ഞ പാട്ടിൽ ടിക്ക്-ടോക്ക് ചെയ്യാത്തേ........

സർവ്വ : Because, നിന്റെ തന്തയല്ല എന്റെ തന്ത.

[സർവ്വ പൊട്ടിച്ചിരിക്കുന്നു. താപസിമാർ അവനെ രൂക്ഷമായി നോക്കുന്നു.]

താപസിമാർ : സർവ്വ..... നീയെന്തിനാ നിന്റെ അമ്മേടെ ഇൻസ്റ്റാഗ്രാം ഓപ്പൺ ചെയ്യുന്നത്? അമ്മ അറിഞ്ഞാൽ നിന്നെ തല്ലിക്കൊല്ലും

സർവ്വ : അയ്യോ..... എന്റെ പൊന്ന് താപസിമാരേ

"പാടില്ലാ പാടില്ല നമ്മെ നമ്മൾ
പാടെ നെറ്റീനൊന്നും ചെയ്യുകൂട..."

താപസി : അങ്ങനെ വഴിക്കുവാ. അപ്പൊ നിനക്ക് ഞങ്ങളെ പേടിയുണ്ടല്ലേ....

സർവ്വ : കോപ്പാണ് ഇതിപ്പം എന്റെ ഫോണാ. അമ്മ പുതിയ ഫോൺ വാങ്ങി. ഞാൻ എന്റെ ഇൻസ്റ്റയാ ഓപ്പൺ ചെയ്തത്. അയ്യോ....പാവം....

കുറച്ച് കഞ്ഞിയെടുക്കട്ടെ താപസിമാരേ...........

[സർവ്വ പിന്നെയു പൊട്ടിച്ചിരിക്കുന്നു. താപസിമാർ രോക്ഷാകുലരായി പോകുന്നു.]

താപസി : പോടാ........ നിനക്ക് ഞങ്ങൾ കാണിച്ചുതരാം.......

[സർവ്വ ഫുക്രുവിനൊപ്പം ടിക്ക്-ടോക്ക് Duet ചെയ്യുമ്പോൾ ദുഷ്യധൻ കടന്നുവരുന്നു]

ദുഷ്ഷ : (ചിന്തിക്കുന്നു)

എന്റെ ടിക്ക്-ടോക്ക് ദൈവങ്ങളെ...... ഞാനന്താണീ കാണുന്നത്? ഈ കൊച്ചുബാലൻ ഫുക്രുവിന്റെ ടിക്ക്-ടോക്ക് Duet ചെയ്യുന്നുവെന്നോ..... ഇവൻ കൊള്ളാലോ. എന്താപോലും ഇവന്റെ വീഡിയോ കാണാൻ എനിക്കിത്ര തൽപര്യം? ആ ഫോളോവേഴ്സ് ഇല്ലാത്തതിനാലാകണം

സർവ്വ :(Tik-Tok-ൽ) താനാരുവാ?

ദുഷ്ഷ : (അറിയാതെ) ഞാൻ.......ഞാൻ........

സർവ്വ : ഓ.... നാശം നശിപ്പിച്ച്. ഒരു 100 like മിനിമം കിട്ടേണ്ട വീഡിയോ ആയിരുന്നു

സമാധാനമായല്ലോ?

ദുഷ്ഷ :100 like ഓ നിന്റെ ടിക്ക്-ടോക്കിലെ പേരെന്താണ് കുട്ടി.....

സർവ്വ : Hey Dude. I am not കുട്ടി. call me **sarvu.** ok.

ദുഷ്ഷ : OK.എന്ന നിന്റെ Tik-Tok പേര് പറയു.

സർവ്വ : പറയാം. പക്ഷേ one condition. എല്ലാ വീഡിയോയ്ക്കും like , share , comment ഇവ ചെയ്യണം. കൂടാതെ follow ചെയ്യാനും മറക്കണ്ട.

ദുഷ്ഷ : OK, OK. വേഗം പേര് പറ.

സർവ്വ : Sarvu @ Shaku

ദുഷ്ഷ : Oh My God... ഇവന്റെ വീഡിയോസിലെ ഈ സ് ത്രീയെ കണ്ടിട്ട് എന്റെ ശകുന്തളയെപ്പോലെ തോന്നുന്നുവല്ലോ. ഇത് നിന്റെ MOM ആണോ?

സർവ്വ : oh My Mother........ എന്റെ പൊന്ന് dude. ഇത് മോമോ ഒന്നും അല്ല എന്റെ അമ്മ സകുന്തളയാണ്.

ദുഷ്ഷ : ഓ എന്റെ മകൻ എന്നെ കടത്തിവെട്ടിയിരിക്കുന്നു. എന്റെ മോനേ....

സർവ്വ : അതെ ശരിക്കും താനാരാ........

ദുഷ്ഷ : എടാ പൊട്ടാ..... ഞാനാണ് നിന്റെ അപ്പൻ.

സർവ്വ : ഒന്നു പോ dude. രാവിലെത്തന്നെ തള്ളനായിട്ട് ഇറങ്ങിയേക്കുവാ...
കെട്ട്യോള് രാവിലെ പുട്ടാണോ തിന്നാൻ തന്നത്?
ദുഷ്യ :എടാ....
സർവ്വ :വേണ്ട ഒന്നും പറയണ്ടാ. എന്റെ അപ്പൻ ദുഷ്യധൻ ആണ്. താനല്ല. പിന്നെ എന്റെയടുത്ത് അധികം കളിക്കാൻ നിക്കണ്ട. ഞാൻ ഭയങ്കര പെശകാ.....
ദുഷ്യ : നീ എന്റെ മകൻ തന്നെ....
[സന്തോഷത്തോടെ സർവ്വവിനെ നോക്കുന്നു.]
സർവ്വ : എന്താടോ നോക്കുന്നേ....
ദുഷ്യ : Hey Sarvu . If you are bad ; I am your Dad.
സർവ്വ : O.M.G....! അമ്മാ അമ്മാ...
[സർവ്വ ഫോണെടുത്ത് ശകുന്തളയുടെ അടുക്കലേക്ക് ഓടുന്നു. ദുഷ്യധൻ അവനെ പിന്തുടരുന്നു ]
സർവ്വ : അമ്മേ....അമ്മേ....
ശകു : എന്താ സർവ്വ പ്രശ്നം?
സർവ്വ : ഇതേ ഈ Dude ഉണ്ടല്ലോ എന്നെ മോനേന്ന് വിളിച്ചു. ഞാൻ പറഞ്ഞു താനല്ല ദുഷ്യധൻ ആണ് എന്റെ അച്ഛൻ എന്ന്. അപ്പോ അങ്ങേര് പറയുവാ If you are bad ; I am your Dad. ന്ന്
ശകു : Don't worry sarvu അത് Marri-2 വിലെ പഞ്ച് ഡയലോഗാ...... നീയത് ടിക്ക് ടോക്ക് ചെയ്തതല്ലേ. അതുപോലെ അയാളും ചെയ്തതാകും
സർവ്വ : അല്ലമ്മേ....
ശകു : എവിടെ അയാൾ ഞാൻ ചോദിക്കട്ടെ....
[ശകുന്തള വീടിനു പുറത്തിറങ്ങുന്നു. ദുഷ്യധനെ കാണുന്നു]
ദുഷ്യ : ശകു.... നീ ഇവിടെ..
ശകു : Dear Hubby, You Come again....
ദുഷ്യ :I am come back ശകു...
ശകു : മാണ്ടാ. എന്നോട് മിണ്ടണ്ട.
ദുഷ്യ : ശകു...
ശകു : വേണ്ട Hubby ക്ക് ഭയങ്കര ജാടയാ
സർവ്വ : ജാടയോ.... അത് ഞാൻ വെച്ചു പൊറുപ്പിക്കില്ല.

ദൃഷ്ഷ : എന്റെ കുട്ടിതേവാങ്കേ ഒന്ന മിണ്ടാതിരി. ശകു....മുത്തേ നീ ഒന്ന് കേട്ടേ....

ശകു : വേണ്ട,വേണ്ട സെന്റിമെൻസൊന്നും ഇവിടെ വേണ്ട. ഈ സ്നേഹമൊന്നും അന്നെന്നെ തേച്ചൊട്ടിച്ച് പോകുമ്പോൾ ഇല്ലായിരുന്നല്ലോ. ഇപ്പോ ഇതെവിടുന്ന വന്ന

ദൃഷ്ഷ : മുത്തേ എന്റെ ഫോണിന്ന് ആ Sim Card എവിടെയോ വീണ പോയി. കഴിഞ്ഞ ദിവസം അത് കിട്ടി. അപ്പോ നിന്റെ നമ്പറും കിട്ടി അതാ ഞാൻ വേഗം ഇങ്ങ് പോന്നത്. സത്യം

ശകു : Pinki promise

ദൃഷ്ഷ :Pinki promise

[രണ്ട പേരു നൃത്തം ചെയ്യുന്നു]

ദൃഷ്ഷ : ശകു സർവ്വ ഭയങ്കര മിടുക്കനാണല്ലോ ....Tik-Tok ൽ ഇവൻ തകർത്താടുകയല്ലേ

ശകു : എന്തായാലും ഇവൻ എന്റെ മോനല്ലേ....

ദൃഷ്ഷ : അത് ശരിയാ എന്റെ പൊന്നേ ഇവനെ ഞാനങ്ങ് എടുക്കുവാ

[ദൃഷ്ഷ സർവ്വവിനെ പൊക്കിയെടുക്കുന്നു.]

സർവ്വ : Sorry അച്ഛാ ഞാൻ ആളറിയാതെ

ദൃഷ്ഷ : അത് സാരമില്ലടാ കുട്ടാ

സർവ്വ : എന്നാ എനിക്കൊരു bike വാങ്ങി തരാവോ? ഈ അമ്മ വാങ്ങിതരുന്നില്ല.

ദൃഷ്ഷ : പിന്നെന്തിനാ മുത്തേ അച്ഛൻ ഇവിടെ ജീവിച്ചിരിക്കുന്നേ.. ഏതാ നിനക്ക് വേണ്ടേ?

സർവ്വ : എനിക്ക് Duke മതി .

ദൃഷ്ഷ : നീ കൊള്ളാലോ. ശകു ഈ സന്തോഷവേളയിൽ നമുക്കൊരു ടിക്ക്-ടോക്ക് ചെയ്യാം.

ശകു : ആ ശരിയ എനിക്ക് ഇൻസ്റ്റയിൽ പോസ്റ്റ് ചെയ്യാൻ ഒരു ഫോട്ടോയും

[മാരീചനും അതിദിയും താപസിമാരുമെല്ലാം രംഗത്തെത്തുന്നു]

മാരീചൻ : hey Guys,നമ്മുക്ക് Free Fire കളിക്കാം. ആ ഇതാരിത് ദൃഷ്ഷവോ ഇതെപ്പോ വന്ന

ദൃഷ്ഷ : കുറച്ച് നേരായീ

ശകു : എനിക്ക് ദൃഷ്ഷവിന്റെ കൂടെ കളിക്കാൻ മടിയുണ്ട്.ആരും കൊല്ലാത്ത എന്നെ

ചിലപ്പോൾ ദുഷ്ഷു ആദ്യം കൊന്നേക്കും.

ദുഷ്ഷു : എന്താ Darling ഇത്? ഞാൻ കൊല്ലൂല്ല. Please വരുന്നേ...

ശകു : മാണ്ട

ദുഷ്ഷു : മുത്തേ

ശകു : മാണ്ട

സർവ്വ : Hey Bro ശ്ശെ എന്റെ പൊന്നച്ചാ. അമ്മയിപ്പം മുഴുവനും ഫ്രീക്കാ. അപ്പോ...

ദുഷ്ഷു : ആ കിട്ടി..

" എടി ശകുവേ ഫ്രീക്ക് ശകുവേ
എന്നടെ കൂടെ പോരടി ശകുവേ
എന്നടെ കൂടെ പോന്നാലോ
ലൈഫ് ഫുള്ളാ free fire ബേബി"

[എല്ലാവരും ഒന്നിച്ച് Free Fire കളിക്കുന്നു. ശേഷം സർവ്വവിന്റെ Duke ന് വീട്ടിലേക്ക് മടങ്ങി പോകുന്നു.]



– ഷഫ ഹെന

**പേരുകളുടെ ചരിത്രം**

## ചുങ്കക്കുന്ന്, നീണ്ടുനോക്കി, കൊട്ടിയൂർ

## ഓരോ സ്ഥലപേരിനും ഓരോ കഥയുണ്ട്

കേരളത്തിലെ കണ്ണൂരിൽ സ്ഥിതി ചെയ്യുന്ന കൊട്ടിയൂർ ക്ഷേത്രം ഏറെ പ്രശസതമാണ്. കാളിയെ ആരാധിക്കുന്നതിനാൽ ത്രിമൂർത്തികളായ ബ്രപ്മ, വിഷ്ണു, ശിവൻ, ആദിമാതാവായ ദേവതയായ ഭഗവതി, സർവ്വ ദേവൻമാർ എന്നിവരുടെ ദിവ്യസാന്നിദ്ധ്യം കൊണ്ട് അനുഗ്രഹീതമാണ് ഈ ക്ഷേത്ര.ത്രിമൂർത്തികളുടെ സാന്നിധ്യത്തിൽ ദുഷ്ടശക്തികൾ പുണ്യ ക്ഷേത്രത്തിന്റെ പ്രവേശന കവാടത്തിൽ പ്രവേശിക്കില്ല എന്നാണ് വിശ്വാസം. ദേവന്മാരും കൂടിയ ഊർ എന്നാണ് കൊട്ടിയൂർ അർത്ഥമാക്കുന്നത്. കാലാങ്ങളായി വാഴ് മൊഴിയിലൂടെ കൂടിയ ഊർ കൊട്ടിയൂർ ആയി മാറിയതാണ്കൊട്ടിയൂർ.

ക്ഷേത്രത്തിന് ദക്ഷിണകാശി എന്നും പേരുണ്ട്. യാത്രക്കിടയിൽ തളർന്ന് ദേവി വിശ്രമത്തിനായി ഇരുന്നിടത്ത് വഴിയരുകിലായി ഒരു കുളയുണ്ടായിരുന്നു. ആ സ്ഥലം ഇപ്പോൾ കേളകം എന്ന് അറിയപ്പെടുന്നു. യാഗശാലയിലേക്കുള്ള വഴിയിൽ ചുങ്കം അഥവാ നികുതി കൊടുക്കേണ്ട ഇടമുണ്ടായിരുന്നു. സതീദേവി അവിടെ ചുങ്കം നൽകിയിട്ടാണ് തന്റെ യാത്ര തുടർന്നത് സതീദേവി ചുങ്കമടച്ച സ്ഥലം ചുങ്കത്തറ എന്ന് അറിയപ്പെടുന്നു. യാത്ര ചെയത് ക്ഷീണിച്ച് വിശ്രമത്തിനായി തളർന്നിരുന്ന സ്ഥലം പിന്നീട് അയ്യോംചൽ എന്നറിയപ്പെടുന്നു. തളർച്ചയകറ്റുവാനും വിശ്രമത്തിനായും ഇരുന്ന ദേവിയും പരിചാരങ്ങളും തങ്ങളുടെ വിശപ്പും ദാഹവും അകറ്റുന്നതിനായി പാല് കാച്ചി

കുടിയ്ക്കുകയുണ്ടായിയത്രെ.ദേവിയും പരിവാരങ്ങളും പാൽ കാച്ചിയ സ്ഥലത്തെ പാലുകാച്ചിമല എന്നു വിളിക്കുന്നു.

യാഗശാലയിൽ നിന്നുള്ള ശാന്തിമന്ത്രങ്ങളും ശബ്ദങ്ങളും കേട്ട് സ്ഥലം എത്തിച്ചേർന്നുവോ എന്ന് ആകാംക്ഷ അടക്കാനാവാതെ സീതാദേവി തലനീട്ടി എത്തിനോക്കിയ സ്ഥലമാണ് നീണ്ടുനോക്കി എന്നറിയപ്പെടുന്ന കൊട്ടിയൂരിനടുത്തുള്ള മിക്ക സ്ഥലങ്ങളും ഇപ്രകാരം അക്ഷയാഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. വർഷത്തിലൊരിക്കൽ നടക്കുന്ന മലബാറിന്റെ മഹോത്സവമായ വൈശാഖോത്സവത്തിന് ത്രിമൂർത്തികളും മുപ്പത്തിമുക്കോടി ദേവികളും സമ്മേളിക്കുന്നതിനാൽ ക്ഷേത്രത്തിൽ എത്തിചേരുവാൻ സാധിക്കുന്നതു തന്നെ പുണ്യമായി ഭക്തജനങ്ങൾ വിശ്വസിക്കുന്നു.

– **മിന്നു സോണി**

കവിത

# മനസ്സിനായി പെയ്തത്

കാറ്റെത്തി തണുപ്പെത്തി മഴയോട് കൂട്ടുകൂടാൻ
മഴയിൽ ആശ്വാസമായി വന്നവർ
ചാറ്റൽ മഴയ്ക്കായിട്ടവരെത്തി
ഒന്നിച്ച കളിച്ച ധരണിയിൽ

മഴത്തുള്ളി വീണതറിഞ്ഞു ഞാൻ
പൊടിയുയരും പുതു മണ്ണിൻ
ഗന്ധം എൻ ചുറ്റും നിറഞ്ഞു
പെയ്തതെൻ മനസ്സിനുള്ളിൽ

ജന്തുക്കളെല്ലാം കുതിച്ചുചാടി
കണ്ടാസ്വദിക്കാൻ ചെടികൾ
തൻ കൈകൾ നീട്ടി
മഴയെ സ്പർശിച്ചറിയാൻ

മഴതൻ ചെറുതുള്ളികളായി
ഈ ഭൂമിതൻ മടിയിലെത്തി
അമ്മയാം ഈ ഭൂമി അവളെ
വാത്സല്യത്തോടെ താലോലിച്ചുറക്കി

പിന്നീടവളാർത്തു പെയ്തു
എൻ മനം കുളിരാൽ നിറഞ്ഞു
വേദനിപ്പിക്കുമെൻ ദുഃഖങ്ങളെല്ലാം



പുഴയായ് ഒലിച്ചെവിടെയോ മറഞ്ഞു
സാന്ത്വനത്തിൽത്തുവൽ സ്പർശമായി
എൻ മനം കവർന്നെടുത്തവൾ
എപ്പോഴോ അവളെന്റെ ഹൃദയത്തിൽ
നിരാശ നീക്കുംസുഹൃത്തായി
മഴയായി വരവറിഞ്ഞ കിളികൾ
ആഹ്ലാദോന്മത്തരായി
മയിലുകൾ തൻ കുട വിടർത്തി

കുയിലുകൾ മധുരഗാനം പാടി
കാറ്റും തണുപ്പും മനസ്സിനെയിളക്കി
എൻഹൃദയമാകെയുണർന്നു
കാറ്റായി എങ്ങോ പോയെൻ ദുഃഖം
തണുപ്പായി ഉറച്ചു എൻ സ്നേഹം·

– ജോസ്റ്റിൻ ജെയ്സൺ

നിർമ്മാണം

# ഓഫീസ് ഫയൽ



ആവശ്യമായ വസ്തുക്കൾ

32 ഔൺസ് സ്റ്റോ ബോർഡ്, കാലിക്കോ , വൈറ്റ് ടാഗ് ക്രാഫ്റ്റ് പേപ്പർ ,പശ

ഉപകരണങ്ങൾ

മൾട്ടി കട്ടർ,കത്രിക ,മീറ്റർ സ്കെയിൽ

നിർമ്മാണരീതി

- 60 cm x 10 cm അളവിൽ കാലിക്കോ യും ഇതേ അളവിൽ ക്രാഫ്റ്റ് പേപ്പറും മുറിച്ചെടുക്കുക. ഇത് പരസ്പരം ഒട്ടിച്ച് ചേർക്കുക (രണ്ടിന്റെയും പരുക്കനായ ഭാഗത്ത് പശ തേച്ച് ഒട്ടിക്കണം ) ഇതിനെ ഫ്ലാപ് എന്ന് പറയുന്നു.
- 56 cm x 2 cm അളവിൽ 2 പീസ് കാലിക്കോ മുറിച്ചെടുക്കുക.
- 32 cm x 23 cm അളവിൽ സ്റ്റോ ബോർഡ് മുറിച്ചെടുത്ത് 56 cm x 2 cm അളവിൽ മുറിച്ചെടുത്ത് കാലിക്കോ നാലു വശങ്ങളിലും ഒട്ടിക്കുക.
- 31 cm x 22 cm അളവിൽ രണ്ടു പീസ് ക്രാഫ്റ്റ് പേപ്പർ മുറിച്ചെടുക്കുക .ഇതിൽ ഒരെണ്ണം എടുത്തു പരുക്കനായ ഭാഗത്തു പശ തേച്ച് ബോർഡിന്റെ നാലു വശങ്ങളിലും അര സെന്റിമീറ്റർ വീതിയൽ കാലിക്കോകാണുന്ന വിധത്തിൽ ഏതെങ്കിലും ഒരുവശത്ത് ഒട്ടിക്കുക.
- ക്രാഫ്റ്റ് പേപ്പർ ഒട്ടിച്ച ഭാഗത്ത് നടുവിലായി 10 സെൻറീമീറ്റർ വീതിയിൽ പശതേക്കുക

  നേരത്തെ ഒട്ടിച്ച ഫ് ളേപ്പ് ബോർഡിൽ പശ തേച്ചഭാഗത്ത് ഒട്ടിക്കുന്നു. ബോർഡിൻറെ ഒരുവശത്തു 23 സെൻറീമീറ്റർ ഉം മറുഭാഗത്ത് 13 സെൻറീമീറ്റർ പുറത്തേക്ക് തള്ളി നിൽക്കും വിധം ഒട്ടിക്കുക.
- ഒട്ടിച്ച ഫ്ളേപ്പ് ബോർഡറിന്റെ ഇരുവശങ്ങളിൽ നിന്നും മൂന്ന് സെൻറീമീറ്റർ അകലത്തിൽ ഉള്ളിലേക്ക് നാടയുടെ വീതിയിൽ മുറിക്കുക .ഇതിലൂടെ 90 cm നീളത്തിലുള്ള നാട കടത്തി വിടുന്നു രണ്ടു വശങ്ങളിലും നാട തുല്യമായി വരുത്തിയതിനു ശേഷം നേരത്തെ തയ്യാറാക്കിയ അളവിലുള്ള ക്രാഫ്റ്റ്പേപ്പർ ഉൾഭാഗത്ത് ഒട്ടിക്കുക.

റിപ്പോർട്ട്

# ലിറ്റിൽ കൈറ്റ്സ്

2019 20 അക്കാദമിക വർഷത്തെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനം ജൂൺ പന്ത്രണ്ടാം തീയതി ബുധനാഴ്ച ആരംഭിച്ചു. അംഗങ്ങൾക്ക് സംഘടനയുടെ ലക്ഷ്യം, സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ അറ്റൻഡൻസ്, യൂണിറ്റ് ഡയറി, വർക്ക് ഡയറി എന്നിവ വിശദമാക്കി . ലിറ്റിൽ കൈറ്റ്സ് യൂണിഫോം എല്ലാ ബുധനാഴ്ചകളിലും ധരിക്കുവാൻ തീരുമാനിച്ചു. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സജീവ സാന്നിധ്യം നിർബന്ധമാക്കി. ഹൈടെക് ഉപകരണങ്ങളുടെ കൈ കാര്യത്തിനായി ക്ലാസ് അടിസ്ഥാനത്തിൽ ലീഡർ മാരെ തെരഞ്ഞെടുത്തു കമ്മിറ്റികൾ രൂപീകരിച്ചു.

ഒമ്പതാം ക്ലാസിലെ യൂണിറ്റ് പ്രതിനിധികളായി തേജസ് പി ദിനേശ്, മിഷേൽ വർഗീസ് എന്നിവരെ തിരഞ്ഞെടുത്തു. ഹൈടെക് ഉപകരണങ്ങൾക്ക് ലോഗിൻ, ഇഷ്യു രജിസ്റ്റർ അംഗങ്ങളുടെ നേതൃത്വത്തിൽ സജ്ജമാക്കി. 8 9 ക്ലാസിലെ അംഗങ്ങൾ ചേർന്ന് ലിറ്റിൽ കൈറ്റ്സ് സ്കൂൾ ഡോക്യുമെന്ററി ടീം, റിപ്പോർട്ടിംഗ് ടീം, എഡിറ്റിംഗ് ടീം, മോണിറ്ററിംഗ് & ഹൈടെക് ഡിസിപ്ലിൻ ടീം, ഐടി ലാബ് ടീം എന്നിങ്ങനെ കമ്മറ്റികൾ രൂപീകരിച്ചു.



എല്ലാ ബുധനാഴ്ചകളിലും നടക്കുന്ന റൂട്ടീൻ ക്ലാസ്സിൽ ആനിമേഷൻ, ഗ്രാഫിക്സ്, മലയാളം കമ്പ്യൂട്ടിംഗ്, ഇന്റർനെറ്റ്, സ്ക്രാച്ച് പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, പൈത്തൺ പ്രോഗ്രാമിങ്, ഇലക്ട്രോണിക്സ്, റോബോട്ടിക്സ് തുടങ്ങിയവ മൊഡ്യൂൾ അനുസരിച്ച് നടത്താൻ തീരുമാനിച്ചു.



ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ സ്കൂളിൽ വ്യാഴാഴ്ചകളിൽ ഐടി ക്വിസ് മത്സരം ആരംഭിച്ചു. ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പിലേക്ക് പ്രോഗ്രാമിംഗ് വിഭാഗത്തിൽ ക്രിസ്റ്റോ പി ജെയ്സ്ക്ക് സെലക്ഷൻ ലഭിച്ചു.

2018 20 ബാച്ച് കാരുടെ ഗ്രൂപ്പ് വ്യക്തിഗത പ്രോജക്ട് അവതരണവും സമർപ്പണവും പ്രോജക്ട് ഫെസ്റ്റ് നടന്നു. 2019 22 ബാച്ച് കാരുടെ ആദ്യഘട്ട പരിശീലനം നടന്നു എട്ടാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ലീഡർ മാരായി ജോയൽ ടോം തോമസ്, സമീറ ടിഎസ് എന്നിവരെ തെരഞ്ഞെടുത്തു. സ്കൂളിലെ വിവിധ പ്രവർത്തനങ്ങളിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സജീവ സാന്നിധ്യം ശ്രദ്ധേയമാണ്.



പ്രസംഗം

# അധ്യാപക ദിനം

പ്രിയ ഗുരുക്കന്മാരെ കൂട്ടുകാരെ നിങ്ങൾക്ക് നമസ്കാരം. അറിവിന്റെ ലോകത്തിലേക്ക് നമ്മെ നയിക്കുന്ന ഗുരുക്കന്മാരുടെ മുൻപിൽ കൈകൂപ്പി ആദരിച്ചുകൊണ്ട് ഞാൻ രണ്ടു വാക്ക് പറയട്ടെ. ഇരുളിന്റെ ലോകത്തുനിന്ന് അറിവിന്റെ പ്രകാശത്തിലേക്ക് നമ്മെ നയിക്കുന്നവരാണ് ഗുരുക്കന്മാർ. ഗുരു ദൈവം തന്നെയാണ്. ദൈവത്തോടുള്ള ഭക്തി പോലെതന്നെയാണ് ഗുരുവിനോടുള്ള ഭക്തിയും. വിടരുവാൻ ഓരോ പൂവും വിതുമ്പി നിൽക്കുന്നത് പോലെയുള്ള നമ്മളിലേക്ക് അധ്യാപകർ പല വർണ്ണങ്ങൾ വാരി വിതറുന്നു. മഹാഭാരതത്തിലെ ഏകലവ്യൻ കഥ നിങ്ങൾ കേട്ടിട്ടില്ലേ? ഒരിക്കൽ പോലും കാണാത്ത തന്റെ ഗുരു ദ്രോണാചാര്യർക്ക് തന്റെ തള്ളവിരൽ ദക്ഷിണയായി നൽകിയ പാരമ്പര്യം ഉള്ളവരാണ് നാം. അപ്പോൾ നാം ഒരിക്കലും നഷ്ടമാകാതെ കൊണ്ടുനടക്കേണ്ട അതുല്യ ഗുണമാണ് ഗുരുഭക്തി. ഒരിക്കൽ കൂടി ഞാൻ പറയുന്നു.

ഹത്വം ദേവോ ഭവ
അതിഥി ദേവോ ഭവ
ഗുരു ദേവോ ഭവ

ഇതൊന്നും നമ്മുടെ ഓർമയിൽ സൂക്ഷിക്കാം. ജയ്ഹിന്ദ്.

– അലീന മോൾ എം

ആത്മകഥ

# അമ്മ എന്ന സ്നേഹ ദേവത

അമ്മ എന്ന പദം ഓർക്കുമ്പോൾ എന്റെ മനസ്സിൽ ഒരായിരം ചിന്തകൾ ആടിയുലയുന്നുണ്ട്. ഏതു മനുഷ്യനെ സംബന്ധിച്ചായാലും തന്റെ അമ്മയെക്കുറിച്ച് പറയുവാൻ ഒരായിരം കാര്യങ്ങൾ ഉണ്ടാകും. അത് ചിലപ്പോൾ നല്ലതാകാം മോശം ആകാം. എങ്കിലും ഓർക്കാനും പറയാനും എന്തെങ്കിലും ഉണ്ടല്ലോ.

എനിക്ക് എന്റെ അമ്മയെക്കുറിച്ച് പറയുവാനാണെങ്കിൽ ഏറെ കാര്യങ്ങൾ ഉണ്ട്. എവിടുന്ന് പറഞ്ഞു തുടങ്ങണം എന്ന് യാതൊരു പിടിയുമില്ല. ഓർമ്മ വയ്ക്കാത്ത കാലത്തിലെ കാര്യങ്ങൾ പറഞ്ഞു കേട്ടിട്ടേയുള്ളൂ. കരുതലോടെയും വാത്സല്യത്തോടെയും കരുണയോടെയും എന്നെ നോക്കി വളർത്തിയ എന്റെ അമ്മ. എന്തിന് പത്തുമാസം എന്നെ വയറ്റിൽ ചുമന്ന് എനിക്ക് വേണ്ടതെല്ലാം നൽകി എനിക്ക് ജന്മമേകിയ എന്റെ അമ്മ. ഞാൻ പിച്ചവച്ച നടന്ന കാലം വരെയും എന്നെ മാറോടു ചേർത്ത് അണച്ച് എന്നെ കൈപിടിച്ച നടത്തിയ എന്റെ അമ്മ. ഞാൻ രാവിലെ ഉണരുമ്പോൾ ആദ്യ കണിയായി എന്നും കണ്ടിരുന്നത് എന്റെ അമ്മയുടെ മുഖമായിരുന്നു. അന്നേ ദിവസങ്ങളിൽ ഞാൻ അനുഭവിക്കുന്ന സ്നേഹത്തിനും സമാധാനത്തിനും സന്തോഷത്തിനും അതിരില്ലായിരുന്നു.

എനിക്ക് ചെറുപ്പത്തിൽ അമ്മയും അമ്മ പറയുന്ന ഓരോ വാക്കുകളുമായിരുന്നു വലുത്. ദൈവം നേരിട്ട് അയച്ച, എന്നെ നേർവഴിക്ക് നടത്തുന്ന കാവൽമാലാഖയായിരുന്നു എനിക്ക് എന്റെ അമ്മ. അമ്മയുടെ വാത്സല്യവും സ്നേഹവും വേണ്ടുവോളം ഞാൻ അനുഭവിച്ചു. എന്തൊക്കെ എനിക്ക് ആവശ്യം ഉണ്ടോ അതെല്ലാം വാങ്ങിയും പറഞ്ഞും തന്നെന്റെ അമ്മ. ഇതൊക്കെ തന്നെയാണ് -അല്ല ആയിരുന്നു എന്റെ പഴയ കാല ഓർമ്മകൾ.

ഇന്ന് ഞാൻ അമ്മയുടെ വാക്കുകൾക്ക് ഒരു വിലയും കല്പിക്കാത്ത അവസ്ഥയിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. എനിക്ക് അമ്മയെക്കാളും അറിയാം എന്നുള്ള വിചാരം ആണ് ഇപ്പോൾ. അമ്മയുടെ ശാസനകൾ ഒരു ശല്യമായി, അമ്മയുടെ നിർദ്ദേശങ്ങൾ ഒരു ഭാരമായി എനിക്ക് മാറിപ്പോയി. നേർവഴിക്കെന്നെ നയിക്കാനുള്ള മാതാപിതാക്കളുടെ ഔഷധങ്ങൾ ആയിരുന്നു അത് എന്ന് ഞാൻ മനസ്സിലാക്കാൻ വൈകിപ്പോയി. അതിന്റെ കുറ്റബോധം ഇന്നെനിക്ക് ഉണ്ട്. എന്തെല്ലാം എനിക്ക് ചെയ്തു തന്നതാണ് എന്റെ അമ്മ. പക്ഷേ കഷ്ടപ്പാടിനും

സ്നേഹത്തിനും കരുതലിനും ഇന്നേവരെ ഒരു പ്രത്യുത്തരം നൽകുവാൻ എനിക്ക് സാധിച്ചിട്ടില്ല.

നമ്മുടെ മനസ്സുകളിലെ സൃഷ്ടാവായ ദൈവത്തിന് അപ്പുറം ഭൂമിയിലെ ദേവതയാണ് ഓരോ അമ്മമാരും. നാടിനെയും രാജ്യത്തെയും ലോകത്തെയും എന്തിന് ഈ ഭൂമിയുടെ തന്നെയും അഭിമാനം ആയിത്തീരുന്ന ഓരോ മനുഷ്യർക്കും ജന്മമേകുന്ന ഐശ്വര്യത്തിന്റെ ദേവതയാണ് ഓരോ അമ്മമാരും. അങ്ങനെയുള്ള ഒരു ദേവതയാണ് എന്റെ അമ്മയും.

എന്റെ മാതാപിതാക്കൾക്ക് എന്നെക്കുറിച്ച് ഒരായിരം പ്രതീക്ഷകളുണ്ട്. എന്നെക്കുറിച്ചുള്ള മോഹങ്ങളുടെയും ആഗ്രഹങ്ങളുടെയും ഒരു ഗോപുരം തന്നെ അവർ പണിതീർത്തിട്ടുണ്ട്. അമ്മയ്ക്കാണ് ഏറ്റവും കൂടുതൽ ആഗ്രഹങ്ങളും പ്രതീക്ഷയും. പക്ഷേ അമ്മ ആഗ്രഹിക്കുന്നതും ഞാൻ ആഗ്രഹിക്കുന്നതും രണ്ടും രണ്ടാണ്. എന്നെക്കുറിച്ചുള്ള അമ്മയുടെ ഒരായിരം ആഗ്രഹങ്ങൾക്ക് മുൻപിൽ അമ്മയെ തളർത്തിയില്ല എന്ന് ഞാൻ വാക്കു നൽകുന്നു. അമ്മ ആഗ്രഹിക്കുന്നത് അല്ലെങ്കിലും ഞാൻ ആഗ്രഹിക്കുന്ന എന്റെ ലക്ഷ്യത്തിൽനിന്ന് ഉന്നത വിജയം കൈവരിച്ച അമ്മയെ ഞാൻ സംതൃപ്തയും സന്തോഷവതിയും ആകുമെന്ന് എന്ന് ഞാൻ ഉറപ്പ് നൽകുന്നു.


എന്റെ ജനനം മുതൽ ഇന്നേവരെയുള്ള കാലഘട്ടത്തിൽ എന്റെ മാതാപിതാക്കൾ പ്രത്യേകിച്ച് എന്റെ അമ്മ പകർന്നു തന്ന അതിരില്ലാത്ത സ്നേഹത്തിന് ഇന്നേവരെ ഒരു തൃപ്തികരമായ മറുപടി നൽകാൻ എനിക്ക് സാധിച്ചിട്ടില്ല. എന്റെ ജീവിത വിജയങ്ങൾ ഇലൂടെ ഞാൻ അവരെ സന്തോഷിപ്പിക്കും. ഞാൻ അവർക്ക് ഒരു അഭിമാനം ആയിത്തീരും. എന്നും എന്റെ നല്ലത് ആഗ്രഹിക്കുന്ന എന്റെ അമ്മയോടൊപ്പം ഇനിയും സന്തോഷിക്കാനും അമ്മയുടെ ആഗ്രഹങ്ങൾക്ക് സന്തോഷം നൽകുന്ന രീതിയിൽ ഒരു പ്രത്യുത്തരം നൽകാൻ എനിക്ക് സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു. എന്റെ സ്നേഹ ദേവതയായ അമ്മ എന്നോടുകൂടെ എന്നും ഉണ്ടായിരിക്കണേ... എന്റെ സന്തോഷങ്ങളിൽ പങ്കു ചേരണേ... ആ അമ്മയോട് കൂടെ ഇനിയും ഒരായിരം ദിനങ്ങൾ ചെലവഴിക്കാൻ എനിക്ക് സാധിക്കുമെന്ന പ്രത്യാശയിൽ ഞാൻ ഇരിക്കുന്നു... കാത്ത് കാത്തു ഇരിക്കുന്നു.... ഇന്നും എപ്പോഴും...

– ടെസ്സ തെരേസ് ലിജോ

കവിത

# പ്രളയം


കേരളമെന്നൊരു ദൈവത്തിൻ നാട്
ഭീകരമായൊരു പ്രളയത്താലെ
കേവലമൊരു മണ്ണായിത്തീർന്നു
ഇനി എന്താണൊരു കാര്യമതങ്ങനെ
അവിടെയുമിവിടെയും തിങ്ങിനിറഞ്ഞു
എന്നാൽ അവരത് പുനർ ജീവിച്ചു
ഒരുമിച്ച് കൈകോർത്തൊന്നായി
ഒരുമിച്ചൊരു സ്വരമായി തീർന്നു
പ്രളയം എന്നൊരു ദുരന്തമതല്ല
കേരള ജനതതൻ പാഠവുമാണ്



– ജഫ്രീന കെ ജോസഫ്

ഉപന്യാസം

# മഹാത്മാഗാന്ധി



ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ ജനകീയ മുന്നേറ്റത്തിന്റെ മുന്നണി പോരാളിയായിരുന്നു മഹാത്മാഗാന്ധി. ആയുധമേന്താതെ ഒരു വൻ ശക്തിയെ മുട്ടുകുത്തിച്ച മഹാ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ഇന്ത്യയുടെ രാഷ്ട്രപിതാവായ അദ്ദേഹത്തിന്റെ സമരം സഹനം ആയിരുന്നു. കരംചന്ദ് ഗാന്ധിയുടെയും പുത്തലിഭായിയുടെയും മൂന്നു പുത്രന്മാരിൽ ഇളയവനായി 1869 ഒക്ടോബർ രണ്ടിന് ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു. രാജ്കോട്ടിൽ ആയിരുന്നു പ്രാഥമികവിദ്യാഭ്യാസം. ബാല്യകാലത്ത് ലജ്ജാലുവായിരുന്ന മോഹൻദാസ് കരംചന്ദ് ഗാന്ധി പിന്നീട് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഒരു കൊടുങ്കാറ്റായി പറന്നു നടന്നു. ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ സാമ്രാജ്യത്തിന്റെ ഭരണാധികാരികളെ ഈ കൊച്ചു മനുഷ്യൻ പ്രകമ്പനം കൊള്ളിച്ചു എന്നത് ഭാരതീയരായ നമ്മേ രോമാഞ്ചം കൊള്ളിക്കുന്നു.

– അലൻ്റിന

സെമിനാർ

# കാട്ടുതീ – സസ്യജന്തു വൈവിധ്യത്തിന്റെ കലവറയായ വനങ്ങൾ നേരിടുന്ന ഭീഷണിയെക്കുറിച്ച്

കാടുകളിലോ മറ്റ് ചെടികൾ തിങ്ങിനിറഞ്ഞിരിക്കുന്ന ഇടങ്ങളിലോ ഉണ്ടാകുന്ന അനിയന്ത്രിതമായ തീപിടുത്തത്തെയാണ് കാട്ടുതീ എന്ന് പറയുന്നത്. പ്രകൃത്യാലുള്ള കാരണത്താലോ മനുഷ്യരുടെ വിവേചനരഹിതമായ പ്രവർത്തനങ്ങളാലോ ആണ് കാട്ടുതീ ഉണ്ടാവുക.

വളരെയധികം ചൂടുള്ള ഉഷ്ണകാലത്താണ് കാട്ടുതീ സാധാരണ ഉണ്ടാവുക. ഓസ്ട്രേലിയയും അമേരിക്കയും കാനഡയും ചൈനയും എല്ലാം കാട്ടുതീയുടെ ദുരന്തം അനുഭവിക്കുന്ന സ്ഥലങ്ങളാണ്. എല്ലായിടത്തും ഇത് പാരിസ്ഥിതികവും സാമ്പത്തികവുമായ പ്രശ്നങ്ങളുണ്ടാക്കുന്നു. കാട്ടുതീ ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കും. ദൈനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ചൂടും കാലാവസ്ഥ വ്യതിയാനവും കാട്ടുതീയുടെ തോത് കൂട്ടും.

കേന്ദ്ര പരിസ്ഥിതി വകുപ്പ് 2015 ൽ പുറത്തുവിട്ട കണക്കുപ്രകാരം ഇന്ത്യയിൽ ആകെയുള്ള വനമേഖല 7.9 4 2 ലക്ഷം ചതുരശ്ര കിലോമീറ്റർ ആണ്. അതായത് രാജ്യത്തെ ആകെ വിസ്തൃതിയുടെ 24.1 6%. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി 30 മുതൽ 90 ശതമാനംവരെ കാടുകളിൽ കാട്ടുതീ ഉണ്ടാകാറുണ്ടെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ (എഫ് എസ് ഐ) കണക്കുപ്രകാരം ഇന്ത്യയിൽ വനങ്ങളുടെ ഏതാണ്ട് 50 ശതമാനവും കാട്ടുതീ ഭീഷണിയിൽ ആണ്. ഇവയിൽ ഏകദേശം ആറ് ശതമാനം വനങ്ങളിലും കാട്ടുതീമൂലം വർഷംതോറും കനത്ത നാശനഷ്ടം ഉണ്ടാകുന്നു.

2016 ജനവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ ഇന്ത്യയിലാകെ കാട്ടുതീ പടർന്നത് ഇരുപതിനായിരത്തിലേറെ തവണ!! 2015 ഏകദേശം 16000 തവണ കാട്ടുതീ ഇന്ത്യയിൽ ഭീഷണി ഉയർത്തി. 2017 മാർച്ച് 5 വരെയുള്ള

ഔദ്യോഗിക കണക്കനുസരിച്ച് കേരളത്തിൽ 2613 ഹെക്ടർ കാട് കത്തിനശിച്ചു. 10 ജില്ലകളിലായി 616 സ്ഥലങ്ങളിൽ കാട്ടുതീ പടർന്നു.

കാട്ടുതീ പ്രധാനമായും മൂന്ന തരത്തിലുണ്ട്. സർഫസ് ഫയർ അഥവാ ഗ്രൗണ്ട് ഫയർ, ക്രൗൺ ഫയർ, സബ് സർ ഫസ് എന്നിവയാണവ. ഇന്ത്യയിൽ ഏറ്റവുമധികം കണ്ടുവരുന്നത് സർഫസ്സയറും ക്രൗൺ ഫയർ മാണ്. ഇവ രണ്ടിനും ഇടയിൽ മിഡ് ലെവൽ ഫയർ എന്ന് പേരുള്ള ഒരുതരം തിരിവും കേരളത്തിന്റെ കാട്ടിലെ തീയ്ക്ക് ഉണ്ട്. 1987 ൽ ആമസോണിൽ മാത്രമുണ്ടായ കാട്ടുതീയുടെ എണ്ണം 1,70,000 ആണ്. ഈ വർഷം ലോകത്തെ നടുക്കിയ കാട്ടുതീയാണ് ആമസോൺ കാട്ടിൽ ഉണ്ടായത്. ഒമ്പത് ലക്ഷത്തി ആറായിരം ഹെക്ടറാണ് കത്തി നശിച്ചത് അതായത് 22 ലക്ഷത്തി നാൽപതിനായിരം ഏക്കർ!!

ഇടിമിന്നൽ, അഗ്നിപർവ്വത സ്ഫോടനം, പാറയിൽ നിന്നുള്ള തീപ്പൊരി, അപ്രതീക്ഷിതമായ ജ്വലനം എന്നിവയാണ് കാട്ടുതീ ഉണ്ടാകുവാനുള്ള നാല് പ്രകൃതിജന്യ കാര്യങ്ങൾ. അലക്ഷ്യമായി ഉപേക്ഷിക്കുന്ന സിഗരറ്റ് കുറ്റി, യന്ത്രങ്ങളിൽ നിന്ന് ഉണ്ടാകുന്ന തീപ്പൊരി, വൈദ്യുത കമ്പികളിൽ നിന്ന് ഉണ്ടാകുന്ന തീ തുടങ്ങിയ മനുഷ്യ ജന്യമായ കാരണത്താലും കാട്ടുതീ ഉണ്ടാകുന്നു.

കാട്ടുതീ തടയാനായി കാടിന് തീയിടുന്ന രീതി ഇന്ന് ലോകത്തിൽ പലയിടങ്ങളിലും നിലവിലുണ്ട്. വരൾച്ച തുടങ്ങുംമുമ്പേ പുൽമേടുകളും മറ്റും നിയന്ത്രിതമായ രീതിയിൽ തിട്ട വേനൽക്കാലത്ത് ഉണ്ടായേക്കാവുന്ന വ്യാപകമായ കാട്ടുതീ ഒഴിവാക്കാൻ ഉള്ള സൂത്രമാണിത്. ഈ രീ.രം കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ഇന്റഗ്രേറ്റഡ് ഫോറസ്റ്റ് പ്രൊട്ടക്ഷൻ സ്കീം( ഐ എഫ് പി എസ്). 2007 മുതൽ ഈ പദ്ധതിയുടെ പേര് ഇന്റൻസിഫിക്കേഷൻ ഓഫ് ഫോറസ്റ്റ് മാനേജ്മെന്റ് സ്കീം എന്നാക്കി. ലോകത്തിലെ ഏറ്റവും സമ്പന്നമായ ആവാസവ്യവസ്ഥകളിൽ ഒന്നായ പശ്ചിമഘട്ടത്താൽ അനുഗ്രഹീതമാണ് നമ്മുടെ കേരളം. പത്തൊമ്പതാം നൂറ്റാണ്ടിലെ തുടക്കത്തിൽ ഇവിടെ 75 ശതമാനവും വനമായിരുന്നു. നൂറ് വർഷം കൊണ്ട് ഇത് 50 ശതമാനമായി കുറഞ്ഞു. ഇരുപതാം നൂറ്റാണ്ടിലെ ആദ്യ മൂന്ന് ദശകങ്ങളിൽ ഇത് 35 ശതമാനമായി ചുരുങ്ങി. നിലവിലുള്ള ഔദ്യോഗിക കണക്കുകൾ പ്രകാരം ഏതാണ്ട് 11309 ചതുരശ്ര കിലോമീറ്റർ വനഭൂമിയാണ് നമുക്ക് ഇന്ന് ഉള്ളത്. അതായത് കേരളത്തിലെ ആകെ വിസ്തൃതിയുടെ ഏതാണ്ട് 29 ശതമാനം മാത്രം.

കാടിനെയും സസ്യ ജന്തുക്കളെയും ആവാസവ്യവസ്ഥയെയും പ്രകൃതിയെയും തന്നെ നശിപ്പിക്കുന്ന കാട്ടുതീ മനുഷ്യന്റെ വീഴ്ച കൊണ്ടാണ് കൂടുതലും സംഭവിക്കുക. ഈ വർഷം ആമസോൺ കാട് കത്തിനശിച്ചു. അതുപോലെ വരും വർഷങ്ങളിൽ പല വനങ്ങളും കത്തി നശിച്ചേക്കാം... ഇത് നമുക്കുള്ള മുന്നറിയിപ്പാണ്... കൂടുതൽ ജാഗ്രതയോടെ പ്രകൃതിയെ സംരക്ഷിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്.



**– ജോയൽ ടോം തോമസ്**

വിവരണം

# സൈബർ കുറ്റകൃത്യം

കമ്പ്യൂട്ടർ അല്ലെങ്കിൽ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധപ്പെട്ട് കുറ്റകൃത്യമാണ് സൈബർ ക്രൈം അഥവാ സൈബർ കുറ്റകൃത്യം. പരമ്പരാഗത സ്വഭാവത്തിലുള്ള കുറ്റകൃത്യങ്ങൾ ആയ മോഷണം, വ്യാജരേഖ ചമയ്ക്കൽ, വഞ്ചന, അപകീർത്തിപ്പെടുത്തൽ തുടങ്ങിയവ കമ്പ്യൂട്ടറോ കമ്പ്യൂട്ടർ ശൃംഖലയുമായോ ബന്ധപ്പെടുത്തി നടക്കുമ്പോഴാണ് അവയെ സൈബർ കുറ്റകൃത്യം എന്ന് വിളിക്കുന്നത്. മൊബൈൽ ക്യാമറ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളും ഇതിന്റെ പരിധിയിൽപ്പെടുത്താറുണ്ട്. ഇത്തരം സംവിധാനങ്ങളിലൂടെ വ്യക്തിയുടെ സ്വകാര്യ അവകാശങ്ങളെ ഹനിക്കുന്ന കുറ്റകൃത്യങ്ങൾ സൈബർടോർട്സ് എന്ന പേരിൽ അറിയപ്പെടുന്നു.

ഇന്ത്യൻ ശിക്ഷാനിയമത്തിലെ പകരം ഇൻഫർമേഷൻ ടെക്നോളജി നിയമത്തിലെ വകുപ്പുകൾ പ്രകാരമാണ് ഈ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട നിയമ നടപടികൾ സ്വീകരിക്കുന്നത്. പ്രധാനമായും രണ്ട് വിധത്തിൽ സൈബർ കുറ്റകൃത്യങ്ങളെ തരംതിരിക്കാം - കമ്പ്യൂട്ടർ ഒരു ലക്ഷ്യമായി കണ്ടുകൊണ്ടുള്ളതും കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഉള്ളതും.




- ജോസഫ് ജോർജ്ജ്

കവിത

# എന്റെ അമ്മ

അമ്മയെന്ന ആ രണ്ട് അക്ഷരത്തിൽ
ഒതുങ്ങുന്നതല്ലാ സ്നേഹവാത്സല്യം
അമ്മയെ ഓർക്കുന്ന നേരം പകരും
എൻ മനസ്സിൽ കുളിരലകൾ
ആ സ്നേഹവാത്സല്യം തുടിപ്പു എൻ ഹൃത്തിൽ
അമ്മ നൽകുന്ന ഓരോ പവിഴ-
 മുത്തങ്ങളും ചന്ദ്രനേക്കാൾ വെണ്മഏറ്റുന്നു
ആ സ്നേഹ ചുംബനത്തിൽ ഞാനലിയുന്നു
ഓരോ നേരവും ആ അമ്മ തൻ
സ്നേഹം മനസ്സിൽ നിറയുന്നു
കോപി ചീട്ടും എന്നോടമ്മ,
ദുഃഖത്തിലാണ്ട് പോകും ഞാൻ
സങ്കടങ്ങളിൽ ആടിയുലയും നേര-
മൊരു കുളിർകാറ്റു പോലെ തഴുകിയെന്നെ
പൂക്കളിൽ വിടരും പുഞ്ചിരി പോലെൻ
മുഖം വിടരുമപ്പോൾ...
സങ്കടങ്ങളെല്ലാം ഒരു
മഴവെള്ളപ്പാച്ചിലെന്നപോലാ
മഹാസമുദ്രത്തിൽ അലിഞ്ഞു തീരുന്നു.



– ആൽഗ്രിറ്റ് ആൻ ജോസഫ്

**Essay**

# Man made calamities


The world is full of wonders. Everything we see is a wonder. We think how and when did the science develop. From the world of simple things we the new world of people has changed the world to the World of Wonders. But somewhere somehow the world has misused the powers they made change our world to a populated world. Now a days we can't even breathe fresh air due to the increase of scientific things. What have they done? From the world that used cycles we turned to the world that use vehicles. From the air we breathe it turned to smoke. Science has developed a lot but it's increase has caused our world a lot of problems. The man created cycles that did not cause any harm then man created motor vehicles that has created harm to environment mostly to our atmosphere. Thus they created air pollution.

From the logs that we have used for rafting men developed ship and boards for rafting and speed now a days we can read in newspapers that because of oil leak ship has burnt in the middle of the sea. What happened out there actually? We the people does not give enough care for protection for the Ship they made. see How the man has developed!! Creating the sea populated and killing the innocent sea creatures the men who cared our world now started to hurt the world by creating water pollution.

The man itself has caused soil pollution which was not a thing in early world of people. The modern world of people has started to destroy the soil whichgave us the food for our livelihood. Why we humans hurt our mother world Just for our needs yes man has caused 98 percentage of the calamities that we face now. For me I don't need to take all these examples for these reasons to show the man has caused everything that we face now I only want to take the example of Kerala floods. What have caused itif our government hard given enough care about the dams we could have overcome

80% of the damage when rain started the government knew that the water level in the dams was arising but they didn't care that carelessness caused the damage can you imagine how many lies properties land etc have lost?

Soil erosion that caused due to this floods could have been stopped if we had planted trees or if we had done soil pumping from the start we could have stopped this. We could have been able to save the number of life that lost during this calamity. Can't even imagine how modern world has changed.



The man is developing new things day to day. We don't know that these things will create harm or these things will be useful to us. Living in the world of modern people we can't know when or what will happen something strange. As the technology develops the fear among common people also arises. From the development of simple instruments to the development of nuclear things the world has changed.

When one group of people create new things other group ofpeople will make that is double strong or valuable than the other. These make the most scariest or strongest or valuable things has created war between people and now even between countries. Now can we stop them??

By seeing everyone as equal, patience and most having kindness we can stop this. Some earthquakes are caused due to the extreme pressures affected on the surface of earth. Machine use of man has made stop hurting our environment. It is the land that made our life possible. Stop damaging by the decrease in the use of instruments. Save our environment by using simple things. New development we can save a world. Don't bejealous to make new things heavy or harmful things. Please try to love our world. We can change this world of pollution to the world of joy. If we have created this calamities then we can change this destruction. Save the world and have the life. Make the world to live with joy than making the world living with fear.

**- Deena Johnson**

കവിത

# നമ്മൾ തൻ ജീവിതം

സ്നേഹമാണമ്മ ആനന്ദമാണമ്മ
അമ്മതൻ സഹനമാണ് നമ്മൾ തൻ ജീവിതം
വിശുദ്ധിയാണമ്മ യാഥാർത്ഥ്യമാണമ്മ
അമ്മതൻ ത്യാഗമാണ് നമ്മൾ തൻ ജീവിതം
നന്മയാണമ്മ സത്യമാണമ്മ
അമ്മതൻ അധ്യാപനമാണ് നമ്മൾ തൻ ജീവിതം.



– ആര്യ പീറ്റർ ബിനോയ്

ഉപന്യാസം

# വിദ്യാർത്ഥികളും അച്ചടക്കവും

വിദ്യാർത്ഥികൾക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് അച്ചടക്കം. അച്ചടക്കം എന്നാൽ അടിമത്തം ആണെന്ന് ചിലരെങ്കിലും ധരിച്ചിട്ടുണ്ട്. മറ്റൊരാൾക്ക് കീഴ് പ്പെടൽ അല്ല അച്ചടക്കം. സ്വയം നിയന്ത്രിക്കുന്നതിനുള്ള ഒരു നടപടിക്രമം ആണ് അച്ചടക്കം എന്ന് പറയാം. വിദ്യാർഥികൾ അച്ചടക്കത്തിന്റെ ആദ്യപാഠങ്ങൾ പഠിക്കുന്നത് വീട്ടിൽ നിന്നാണ്. ഇതിൽ രക്ഷകർത്താക്കൾക്കുള്ള പങ്ക് വളരെ ഏറെയാണ്.



വിദ്യാലയത്തിൽ വച്ചാണ് അച്ചടക്കത്തെ സംബന്ധിച്ച് ശരിയായ ധാരണ കുട്ടികൾക്ക് ലഭിക്കുന്നത്. വിദ്യാലയത്തിലെ ശിക്ഷണവും മേൽനോട്ടവും കുട്ടികൾക്ക് സ്വയം നിയന്ത്രിക്കുവാനുള്ള കഴിവും അച്ചടക്കബോധവും ഉണ്ടാക്കും. ശരിയായ അച്ചടക്കം ശീലിക്കുന്ന വിദ്യാർത്ഥികൾ പ്രായമായാലും ചിട്ടയായ ജീവിതം നയിക്കുകയും ജീവിത വിജയം നേടുകയും ചെയ്യും.

വിദ്യാലയങ്ങളിൽ അച്ചടക്കത്തിന് ഏറ്റവും വലിയ പരിഗണനയാണ് നൽകുന്നത്. വീടുകളിൽ നിന്നും അച്ചടക്കത്തിന്റെ ബാലപാഠങ്ങൾ പഠിച്ചെത്തുന്ന വിദ്യാർത്ഥികളിൽ നല്ല സ്വഭാവം രൂപീകരിക്കപ്പെടും. വിദ്യാലയങ്ങളിൽ ഇതിന് അധ്യാപകരാണ് വലിയ പങ്കുവഹിക്കുന്നത് . അച്ചടക്കമില്ലാതെ പെരുമാറുന്ന പല കുട്ടികളും ഉണ്ടായിരിക്കും. അവരെ ശരിയായ വിധത്തിൽ കൈകാര്യം ചെയ്തു അച്ചടക്കമുള്ള നല്ല കുട്ടികളാക്കി തീർക്കുവാൻ അധ്യാപകർക്കു കഴിയണം. അധ്യാപകർക്കും രക്ഷാകർതൃ സമിതിക്കും ഇതിൽ നല്ല പങ്ക് വഹിക്കാൻ കഴിയും.

– ഡോൺ ജോസ്

Poem

# Equal As Real Mum

What can be said? She is a relief or a mother?
She rocks me in a cradle
With a shooting touch
I slept for hours
As Long she touched  me softly
Definitely she is a mother
Who cares us well
She heals me in my sorrow
And laughs with  my pleasure
But if done a mistake
She will forgive   for many
But if i didn't make it  right
She will give a punishment
How can she be defined?
A friend or a way maker? !
Every word suits for her character
Not mere words
It is mother!
Oh my friend...
Oh my mother nature...!
You are really great
As soothing as a real mum
She is not only mum for me
But  for Sthe whole world
She grows many plants
She gives food for many children
No other words suits for her
No other expressions suits her
But this is mother...
Mmother for the whole world!!

**- Deena  Jose**

കവിത

# എന്റെ വിദ്യാലയം

ആദ്യ ചുവടിനായ് എത്തിയത് ഒരു വിദ്യാലയം
ആദ്യാക്ഷരത്തിനായി എത്തിയത് ഒരു സരസ്വതീക്ഷേത്രം
കൂടെ കളിക്കുവാൻ കൂടൊന്നു കൂട്ടുവാൻ
ആർത്തുല്ലസിക്കുവാൻ തോഴിമാർ ഏറെ

മഴയിലും വേനൽച്ചൂടിലും നിന്നെത്രയോ
പാടി കളിച്ച ഒരു ബാല്യകാലം
ആ പോയ കാലം ഓർക്കുന്നു ഞാൻ
എന്റെ മനസ്സും പിളർന്നു ഞാൻ തേടുന്നു.

- അജന്യ അശോക്

ഉപന്യാസം

# കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

**" ജീവിതമാണ് തകർക്കരുത് "**

ഇന്ന് ലോകജനത നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ. ഭക്ഷ്യ ഉൽപ്പന്നങ്ങൾക്ക് വേണ്ടി ഓരോ മനുഷ്യനും ആദ്യമെത്തുന്നത് ഒരു കർഷകന്റെ അടുക്കലാണ് . നാം ആദ്യം തന്നെ പരിഹരിക്കേണ്ട പ്രശ്നം ഒരു കർഷകന്റേതു തന്നെയാണ്. അവർ നേരിടുന്ന പ്രശ്നങ്ങൾ പുറംലോകം അറിയുന്നില്ല. സമയത്തിന് ഭക്ഷണം നമ്മുടെ ഭക്ഷണമേശകളിൽ എത്തുന്നു, അതിന്റെ പുറകിലെ കഷ്ടപ്പാടുകൾ ആരും അന്വേഷിക്കുന്നില്ല, അറിയുന്നില്ല. എല്ലാവർക്കും അവരവരുടെ കാര്യങ്ങൾ... കർഷകരെ സഹായിക്കാനോ അവരുടെ ബുദ്ധിമുട്ട് കേൾക്കാനോ ആരും തയ്യാറാവുന്നില്ല - ആർക്കും സമയം കിട്ടുന്നില്ല എന്നതാണ് സത്യം.

ഓരോ കർഷകനെയും രക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്, ഉത്തരവാദിത്വമാണ്. അവരില്ലെങ്കിൽ അവരുടെ അധ്വാനം ഇല്ലെങ്കിൽ ഈ ഭൂമിയിൽ ഒന്നും ഉണ്ടാകില്ല. അതിനായി ആദ്യം നാം അവരുടെ പ്രശ്നങ്ങൾ കേൾക്കാൻ തയ്യാറാവണം. കർഷക ആത്മഹത്യകൾ ഒഴിവാക്കണം. അവരുടെ വിയർപ്പ് വീണ മണ്ണിൻ വിളകളാണ് ഒരു നേരമെങ്കിലും നാം ഭക്ഷിച്ചത് എന്നോർക്കണം.


കർഷകരുടെ ആവശ്യങ്ങൾക്ക് നേരെ അധികാരികൾ കണ്ണടക്കുന്നത് കൊണ്ടാണ് ഇന്ന് പല കാർഷിക കുടുംബങ്ങളും ആത്മഹത്യയുടെ വക്കിൽ എത്തി നിൽക്കുന്നത്. ഓരോരുത്തർക്കും ഓരോ ജോലി നിശ്ചയിച്ചിട്ടുണ്ട് അത് അവർ ചെയ്യേപറ്റൂ. അത് അവരുടെ ഉത്തരവാദിത്വമാണ്.

രണ്ടാമത് കാർഷികമേഖല നേരിടുന്ന പ്രശ്നമാണ്. ഭക്ഷ്യവിളകളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ. ഇന്ന് പല സംസ്ഥാനങ്ങളിൽ നിന്നും വിഷം നിറച്ച പല ഭക്ഷ്യ വിളകളും നമ്മുടെ നാട്ടിലേക്ക് എത്തുന്നു. അത് നമ്മുടെ ഘാതകർ ആണെന്ന് പലരും വിചാരിക്കുന്നു. വിഷം അടിക്കാൻ പ്രേരിപ്പിക്കുന്നത് അവരുടെ

ബുദ്ധിമുട്ടുകളാണ്. അതിനാൽ അത്തരം സാഹചര്യം ഒഴിവാക്കാൻ നമുക്ക് കർഷകരെ സഹായിക്കാം.

കാർഷിക മേഖല നേരിടുന്ന മറ്റൊരു പ്രശ്നമാണ് പച്ചക്കറികൾക്കും പഴവർഗങ്ങൾക്ക് വില കുറയുന്നത്. എത്ര വില കൂടിയാലും അതുപോലെതന്നെ മിന്നൽവേഗത്തിൽ വിലയിടിഞ്ഞിറങ്ങും. ഇതും ഏറെ ബാധിക്കുന്നത് കർഷകരെയാണ്. അവരുടെ അധ്വാനഫലം കൈക്കലാക്കാൻ നമുക്കൊരു അവകാശവുമില്ല. അധികാരികളാണ് ഇത് ആദ്യം ശ്രദ്ധിക്കേണ്ടത്. ഒരു പ്രോസസ്സിലൂടെയാണ് ഈപ്പണം കർഷകരുടെ കൈകളിലെത്തുന്നത്. അതോ വളരെ തുച്ഛമായതും ദാരിദ്ര്യ പൂർണമായ ജീവിതം നയിക്കുന്ന കർഷകർക്ക് ഒരിക്കലും ഉൾക്കൊള്ളാനാവാത്ത സാഹചര്യമാണ്.

കർഷകർ ഉണ്ടെങ്കിലേ കാർഷിക മേഖല ഉണ്ടാവുകയുള്ളൂ എന്ന് നാം ആദ്യം മനസ്സിലാക്കണം. അവരെ കൈവിട്ടു കളയരുത്. ഭക്ഷ്യവിളകൾക്ക് വേണ്ടി മാത്രം നാം അവരെ അന്വേഷിക്കുന്ന പ്രകൃതം ശരിയല്ല. ഭക്ഷണത്തിന്റെ വില മനസ്സിലാക്കുന്ന ഓരോ ഭാരതീയനും കർഷകരെ ബഹുമാനിക്കും. കർഷകനാണ് നാടിന്റെ നട്ടെല്ല് എന്ന് നമുക്ക് ഓർക്കാം. കർഷകർ നമ്മുടെ നാടിന്റെ അഭിമാനമാണ് അവർ നേരിടുന്ന പ്രശ്നങ്ങളെ നമുക്ക് പരിഹരിക്കാം. നമ്മുടെ നാടിന്റെ കാർഷികമേഖല ഒരു ഭീഷണി നേരിടാതെ മുന്നേറട്ടെ എന്നാശംസിക്കുന്നു.



**– അശ്വിൻ ഷാജി**

**Story**

# Fake

It was late night. I was sitting on my chair near to the wall. My friend was really depressed. His fiancee passed away yesterday. He was shocked by this news. tTe monsoon was getting worse. Our place was totally flooded. We were waiting for the rescue. All our gadgets where lost and we were trapped.

We heard someone screaming! Just looked out through a window. We saw a lady sinking in that red coloured water. My friend suddenly grabbed a rope. He threw one end of the rope towards the lady through the window. She grabbed the rope hurriedly. We dragged her inside.

We wear shocked!! We couldn't believe... It was my friend's fiancee. Seeing our face she was also surprised. we told about the news we heared yesterday. hearing the news she became mad and hugged my friend. Both of them didn't know what happened. We came to the conclusion that it was a fake news spread through social media. Someone's heartless joke. We were wondering how anyone can do this in this phase of time.

We lost everything and was hurt. Thought internet would help us but it doesn't. It was not the problem of internet but it was the mad guys... When he heard the fake news yesterday he tried to embrace death. I hope the cruelties of the people will end when they lose someone they need.



**- Nivin George M V**

ഉപന്യാസം

## ഹിരോഷിമ ദിനം

മനുഷ്യരാശിക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത 74 വർഷങ്ങൾക്കുമുമ്പുള്ള കറുത്ത ദിനം. 1945 ഓഗസ്റ്റ് ആറിന് ലോകത്തെ നടുക്കിയ സമാനതകളില്ലാത്ത കൊടും ക്രൂരതയാണ് അമേരിക്ക ജപ്പാൻ നഗരമായ ഹിരോഷിമയിൽ നടത്തിയത്. ഭൂമുഖത്ത് ആദ്യമായി അണുബോംബ് വർഷിച്ച നിമിഷങ്ങൾക്കകം 1,40,000 ആളുകൾ കത്തിച്ചാമ്പലായി. അന്തരീക്ഷത്തിലെ ഊഷ്മാവ് 2500 ഡിഗ്രിയിലും കൂടുതൽ ഉയർന്ന കുട്ടികളും സ്ത്രീകളും സകല ജീവജാലങ്ങളും കത്തിക്കരിഞ്ഞു.

വെന്തു കരിഞ്ഞ കരിഞ്ഞശരീരവുമായി ആർത്തലച്ച് ജീവനുവേണ്ടി കൊതിച്ച് ജനങ്ങൾ നാലുപാടും ഒഴുകി. കടലിലും പുഴയിലും കിണറുകളിലും എല്ലാം വെള്ളം തിളച്ച് മറിഞ്ഞു. അണുബോംബിലെ പാർശ്വഫലങ്ങൾ ആയി ലുക്കീമിയ പോലുള്ള ക്യാൻസറും മാരകരോഗങ്ങളും പകർച്ചവ്യാധികളും ജപ്പാൻ ജനതയെ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ഫ്രാൻസ് ബ്രിട്ടൻ ചൈന ഇസ്രായേൽ പാകിസ്ഥാൻ ഉത്തരകൊറിയ ഇന്ത്യ തുടങ്ങിയ രാജ്യങ്ങളുടെ കൈവശം അണുബോംബ് ഉണ്ടെന്ന് പ്രഖ്യാപനം നടന്നു കഴിഞ്ഞു.


ആറ്റം ബോംബിന് ജന്മം നൽകിയ അമേരിക്കൻ സംഘത്തിന്റെ തലവൻ റോബർട്ട് ഓപ്പൺ ഹൈമർ "ഞാൻ ലോകം നശിപ്പിക്കുന്നവനായി "എന്ന് ദുഃഖാർത്തനായി ഈ ലോകത്തോട് വിളിച്ചു പറഞ്ഞു കൊണ്ടാണ് വിടവാങ്ങിയത്. ഇനി ഒരു അണുബോംബ് പ്രയോഗം ഉണ്ടായാൽ പിന്നെ ഒരു യുദ്ധം ഉണ്ടാകില്ല. കാരണം മനുഷ്യർ ആരും ഭൂമിയിൽ ഉണ്ടാകില്ല. രാജ്യങ്ങൾ ഉണ്ടാകില്ല. ലോകം കത്തിക്കരിഞ്ഞ് ചാമ്പലാകും. സംഘട്ടനങ്ങളും സംഘർഷങ്ങളും ഒഴിഞ്ഞ സമാധാനത്തിന്റെ പാതയിൽ കൂടെ മാത്രമേ നാടിന്റെ വികസനം സാധ്യമാകൂ എന്നതിരിച്ചറിവാണ് സമാധാന പ്രസ്ഥാനത്തിന് കരുത്ത് പകരുന്നത്. ഇനിയൊരു യുദ്ധം ഉണ്ടാകരുതെന്ന പ്രാർത്ഥന മാത്രം.

**– അബിൻ മാത്യു**

कविता

# शुभगमन

आया है आया है 2020 आया है
सबके मन में खुशी आया है|
देखो देखो सबको खुशी देखो
2020 आया है|
द्वेष घृणा मिठाकर
समाधान की नववरष
मुसकुराकर आती है
समृद्धी और संतेष मिलाकर
मित्‌रता के साथ
जान चलाती है
2020 अच्छा है|



**- Aneeta Maria**

**Riddles**

# Seven Second Riddles



a) Can you solve this:
   7+7/7+7x7-7 =..........

b) What math symbols are missing?
   7 3 7 3 = 24


c) Add one line to make it fine.

   9.50= 10 10 10

   5+5+5+5 = 555

Answers

a= 50
b =7x((3/7)+3)=24
c= 9.50=10 T0 10
  = 545+5+5=555




**- Abhinav M Biju**

പ്രവർത്തനം

# ജെ ആർ സി 2019 – 20

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സ്കൂൾ പരിസരം വൃത്തിയാക്കി. ഒരു കേഡറ്റ് ഒരു തൈ എന്നപേരിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു. ഗാന്ധി ജയന്തിയോടനുബന്ധിച്ച് പച്ചക്കറിവിത്തുകൾ കൊണ്ടുവരികയും അടുക്കളത്തോട്ടത്തിൽ വച്ചു പിടിപ്പിക്കുകയും ചെയ്തു . പോസ്റ്ററുകൾ തയ്യാറാക്കി. ശിശുദിനാഘോഷ ത്തിന്റെ ഭാഗമായി മന്ദം ചേരി എസ് എൻഎൽ പി സ്കൂളിൽ കുട്ടികൾക്ക് വേണ്ടി കലാപരിപാടികൾ അവതരിപ്പിച്ചു.മധുരപലഹാരം നൽകി .

പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസിന്റെ ഭാഗമായി എല്ലാ ബുധനാഴ്ചയും സ്കൂൾ പരിസരത്തു നിന്ന് പ്ലാസ്റ്റിക് ശേഖരിച്ച് പരിസരം വൃത്തിയാക്കുന്നു . ജെ ആർ സി കേഡറ്റുകൾക്ക് സാമാന്യമര്യാദയെ കുറിച്ച് ക്ലാസ്സെടുത്തു . സി ലെവൽ പരീക്ഷയിൽ എല്ലാ കേഡറ്റുകളും പാസ്സായി.

ജെ ആർ സി കേഡറ്റുകൾ എല്ലാ വ്യാഴാഴ്ച്ചയും തെറ്റുവഴിയുള്ള മരിയസദനിലേക്ക് പൊതിച്ചോർ നല്കി വരുന്നു.



കവിത

# പ്രളയം

ഒരു നായ ആയ ഞാൻ
പ്രളയമെന്നതിനെ ക്കുറിച്ച്
ഒന്നു പറയട്ടെ,
വീട്ടുകാരുടെ സ്നേഹത്തിൽ
പൊറുതിമുട്ടി കഴിയുന്നവനായിരുന്നു ഞാൻ,
ഇങ്ങനെയിരിക്കെ പ്രളയമെന്ന ആ മഹാദുരന്തം
എന്റെ ജീവിതത്തിലേക്കാഞ്ഞടിച്ചു.
എന്നെ പുഴ മുക്കി മുക്കി
മരണത്തെ ഞാൻ മുഖാമുഖം കണ്ടു.
അപ്പോളതാ ഒരു കൈ എൻ നേരെ നീട്ടി
ഒരു മനുഷ്യന്റെ  ആ രണ്ടു കൈകൾ
ദൈവമാണ് ആണ് ഇന്നെനിക്കാമനുഷ്യൻ

– അശ്വന്ത് പ്രമോദ്

കഥ

# പ്രതിഫലം

ഒരിടത്ത് ഒരു മാല കച്ചവടക്കാരൻ ഉണ്ടായിരുന്നു.അയാൾ എന്നും പത്ത് മാലകൾ വിൽക്കാൻ കൊണ്ടുവരും. അതിൽ ഒൻപതെണ്ണം മാത്രം വിൽക്കും. ഒരു മാല മാത്രം മാറ്റിവയ്ക്കും. ഇത് ഒരു വ്യക്തി ശ്രദ്ധിച്ചിരുന്നു. അദ്ദേഹം കച്ചവടക്കാരന്റെ അടുത്ത് വന്നു ചോദിച്ചു: "എന്തുകൊണ്ടാണ് നിങ്ങൾ ഒരു മാല എന്നും മാറ്റി വയ്ക്കുന്നത്? ഞാനായിരുന്നെങ്കിൽ അതും കൂടി വിറ്റ് പ്രതിഫലം നേടുമായിരുന്നു." കച്ചവടക്കാരൻ ഒന്ന് പുഞ്ചിരിക്കുക മാത്രം ചെയ്തു. അയാൾ ആ മാല കടൽത്തീരത്ത് കളിച്ചുകൊണ്ടിരുന്ന ഒരു കുട്ടിക്ക് കൊടുത്തു. കുട്ടിക്ക് വളരെ സന്തോഷമായി. കച്ചവടക്കാരൻ ആ വ്യക്തിയുടെ അടുത്തു ചെന്നു പറഞ്ഞു." ഈ ചിരിയും സന്തോഷവും ആണ് എനിക്ക് ലഭിക്കുന്ന ഏറ്റവും വലിയ പ്രതിഫലം."



– സംഗീത് സിബി


മഹത് വചനം **ഗാന്ധിജി**

" തെറ്റ് പറ്റാത്തവരായി ആരുമില്ല. സജ്ജനങ്ങൾക്ക് പോലും തെറ്റുപറ്റാം. സജ്ജനങ്ങൾ എന്ന് നാം അവരെ വിളിക്കുന്നത് അവർക്ക് തെറ്റ് പറ്റാത്തത് കൊണ്ടല്ല, മറിച്ച് സ്വന്തം തെറ്റുകൾ കണ്ടെത്താനും അവ മറച്ചുവയ്ക്കാതെ തിരുത്താനും അവർ ശ്രമിക്കുന്നത് കൊണ്ടാണ്."

കവിത

# കണ്ണട

പുറത്തെ കാഴ്ചകൾ വ്യക്തമായി കാണാൻ
ഒരു കണ്ണട വാങ്ങണമെന്ന് ഞാൻ ആശിച്ചു
വ്യക്തമായ കാഴ്ചകൾ കാണുമ്പോ-
ഴെല്ലാം നെഞ്ചു പിടയുന്നു.
വെട്ടലും കുത്തലും വ്യക്തമായി കണ്ട്
എൻ കണ്ണിൻ പ്രകാശം ഇരുളായി മാറി
മനസ്സിനി മങ്ങാതിരിക്കാൻ
കണ്ണട മാറ്റി ശീലിക്കുന്നു ഞാനിപ്പോൾ.



– അജിൻ ജിമ്മി

**ഉപന്യാസം**

# പ്രളയം

2018 ആഗസ്റ്റ് 8. കേരളം ഭീതിയോടെ നോക്കി കണ്ട സമാനതകളില്ലാത്ത ദുരന്തം. പ്രളയം നമ്മുടെ നാടിനെ ആകെ വിഴുങ്ങി. മനുഷ്യർ ചെയ്ത ക്രൂരതയ്ക്ക് പ്രകൃതി നൽകിയ തിരിച്ചടി. എന്നാൽ മനുഷ്യൻ അത് താങ്ങാൻ ആയില്ല. എവിടെയും വെള്ളപ്പൊക്കം. ഒരുപാട് മരണങ്ങൾ. എത്രയെത്ര ദുരിതാശ്വാസക്യാമ്പുകളാണ് കേരളമൊട്ടാകെ തുറന്നത്. ഓരോ ക്യാമ്പിലും എത്രയെത്ര ആളുകൾ .ജാതി മത വർഗ്ഗ വർണ്ണ വ്യത്യാസമന്യേ മനുഷ്യർ കൈകോർത്ത് പ്രളയത്തോട് പോരാടി. ഒരുപാട് സ്ഥലത്ത് ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മരണം... പുഴയെ ദ്രോഹിച്ചപ്പോൾ മഴയ്ക്ക് സഹിച്ചില്ല, മഴയും പ്രതികരിച്ചു. പക്ഷേ ആ പ്രതികരണം മനുഷ്യർക്ക് താങ്ങാൻ കഴിഞ്ഞില്ല എന്ന് മാത്രം.

മനുഷ്യർ വരുത്തി വെച്ചതാണ് ഇത്രയധികം ഭീകരമായ പ്രളയം. മനുഷ്യർ ചെയ്ത ക്രൂരതയ്ക്കും അവരുടെ അഹങ്കാരത്തിനും പ്രകൃതി കൊടുത്ത തിരിച്ചടിയാണ് ഈ പ്രളയം. എന്നാൽ മനുഷ്യർ ഒന്നിച്ചുനിന്ന് പോരാടി. മനുഷ്യരുടെ ഐക്യത്തിനു മുൻപിൽ പ്രളയം അന്ന് തോറ്റു മടങ്ങി. എന്നാൽ മനുഷ്യർ അവരുടെ ക്രൂരത അവസാനിപ്പിച്ചില്ല. അതിനെല്ലാം പ്രകൃതി വീണ്ടും തിരിച്ചടിച്ചു . എന്നാൽ ഇപ്രാവശ്യം കേരളത്തെ മുഴുവനായി പ്രളയം എടുത്തില്ല. പകരമായി രണ്ട് സുന്ദരമായ ഗ്രാമങ്ങൾ – കവളപ്പാറയും പുത്തുമലയും. ആ രണ്ട് ഗ്രാമങ്ങളെ പ്രളയം മുഴുവനായി തുടച്ചുനീക്കി .നിരപരാധികളായ ഒരുകൂട്ടം മനുഷ്യരുടെ സ്വപ്നങ്ങളാണ് പ്രളയം എടുത്തത് .രാത്രി സമയത്താണ് രണ്ടു സ്ഥലത്തും മല ഇടിഞ്ഞു വീണത് .അതിനാൽ രക്ഷപ്പെടാൻ ആർക്കും സാധിച്ചില്ല.രണ്ട് ഗ്രാമങ്ങളും മല ഇടിഞ്ഞു വീണ് മണ്ണിനടിയിൽ ആയിപോയി.

ആരോ ചെയ്ത ക്രൂരതയ്ക്ക് അനുഭവിച്ചത് ഒന്നുമറിയാത്ത കുട്ടികളടക്കമുള്ള രണ്ട് കൊച്ചു ഗ്രാമങ്ങളിലെ മനുഷ്യർ!! ആദ്യവർഷത്തെ പ്രളയത്തിൽ മരിച്ചവരുടെ എണ്ണത്തേക്കാൾ കൂടുതലായി രണ്ടാമത്തെ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം. 2018 ഓഗസ്റ്റ് എട്ടിനാണ് ആദ്യത്തെ പ്രളയം വന്നത്. അതിന്റെ ഒന്നാം വാർഷികത്തിലാണ് കേരളനാടിനെ മുഴുവൻ കണ്ണീരിലാഴ്ത്തിയ പുത്തുമലയിലെ സംഭവം അരങ്ങേറിയത്. ഒരാഴ്ച പോലും കഴിയും മുമ്പ് കവളപ്പാറയിലും. ഈ രണ്ടു സ്ഥലങ്ങളിലെയും മനുഷ്യരെ കണ്ണീരോടെ ഓർക്കുന്നു. ഈ പ്രളയം ഒരു തുടർക്കഥ ആവാതിരിക്കട്ടെ.

**- നിതിൻ ഷാജു**

ക്വിസ് 

# കമ്പ്യൂട്ടർ പരിജ്ഞാനം

1. കമ്പ്യൂട്ടർ എന്ന പദം ഉത്ഭവിച്ചത് ലാറ്റിൻ ഭാഷയിലെ കമ്പ്യൂട്ടസ് എന്ന വാക്കിൽ നിന്നാണ്.

2. അഞ്ചാം ജനറേഷൻ കമ്പ്യൂട്ടറിന്റെ പ്രധാനസവിശേഷത- ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

3. ഒന്നാം ജനറേഷൻ കമ്പ്യൂട്ടർ -വാക്വംട്യൂബ്

4.കീബോർഡിലെ ഫംഗ്ഷൻ കീ കളുടെ എണ്ണം-12

5. കമ്പ്യൂട്ടർ കീബോർഡിലെ ഏറ്റവും വലിയ കീ - സ്പെയ്സ് ബാർ കീ

6.കമ്പ്യൂട്ടറിൽ ഉപയോഗിക്കുന്ന ഒരു പോയിന്റിങ് ഉപകരണം- മൗസ്

7.മൗസ് കണ്ടു പിടിച്ചത് ആര്- ഡഗ്ലസ് ഏംഗൽബർട്ട്

8.കമ്പ്യൂട്ടർ മൗസിന്റെ വേഗത അളക്കാനുള്ള യൂണിറ്റ്- മിക്കി

9. മൗസ് വികസിപ്പിച്ചെടുത്ത കമ്പനി മൗസ് വികസിപ്പിച്ചെടുത്ത കമ്പനി - സിറോക്സ് പാർക്ക്

10. മത്സരപരീക്ഷകളിലെ മൂല്യനിർണയം നടത്താൻ ഉപയോഗിക്കുന്ന സംവിധാനം- ഓ എം ആർ

11. ഫ്ലോപ്പി ഡിസ്ക് കണ്ടുപിടിച്ചത്- അലൻ ഷുഗാർട്ട്

12. ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനം- ഡിസംബർ 2

13. കമ്പ്യൂട്ടർ സുരക്ഷാ ദിനം കമ്പ്യൂട്ടർ സുരക്ഷാ ദിനം -നവമ്പർ 30

14. വേൾഡ് ടെലികമ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ സൊസൈറ്റി ഡേ – മെയ് 17

15. ഇന്ത്യയുടെ സിലിക്കൺ വാലി എന്ന് അറിയപ്പെടുന്നത്- ബംഗളൂരു

16. ലിനക്സ് വികസിപ്പിച്ചത് -ലിനസ് ബെനഡിക്റ്റ് ടോർവാൾഡ്സ്

17. ലിനക്സിനെ ലോഗോ- ടക്സ് എന്ന പെൻഗ്വിൻ

18. മെഷീൻ ലാംഗ്വേജിൽ  ഉപയോഗിക്കുന്ന സമ്പ്രദായം- ബൈനറി

19.www വിന്റെ ഉപജ്ഞാതാവ്- ടിം ബർണേഴ്സ് ലീ

20. ലോകത്തിലെ ആദ്യ സെർച്ച് എൻജിൻ -ആർച്ചി

21.ഇന്ത്യ വികസിപ്പിച്ച സെർച്ച് എഞ്ചിൻ -ഗുരുജി

22. ഏറ്റവും വേഗതയേറിയ വെബ് ബ്രൗസർ – സഫാരി

23. കമ്പ്യൂട്ടർ സയൻസിന് പിതാവ്- അലൻ ട്യൂറിങ്

24. കേരളത്തിൽ നടപ്പാക്കി വരുന്ന കമ്പ്യൂട്ടർ സാക്ഷരത പദ്ധതി- അക്ഷയ

25. ഗൂഗിളിന്റെ  ആപ്തവാക്യം -ഡോണ്ട് ബി ഈവിൾ

പ്രധാന കണ്ടുപിടിത്തങ്ങൾ

കീബോർഡ്- ക്രിസ്റ്റഫർ ഷോൾസ്

ലോഗരിതം -ജോൺ നേപ്പിയർ

സൂപ്പർ കമ്പ്യൂട്ടർ -സീമോർ ക്രേ

കോംപാക്ട് ഡിസ്ക്- ജെയിംസ് ടി  റസ്സൽ

വാക്വം ട്യൂബ്- ജോൺ ജോൺ എ ഫ്ലെമിംഗ്

സ്ഥാപകർ

ഗൂഗിൾ- ലാറി പേജ് സെർജി ബ്രിൻ

ഇമെയിൽ- റേ ടോം ലിൻസൺ


വിക്കിപീഡിയ- ജിമ്മി വെയിൽസ്, ലാറി സാങർ

യൂട്യൂബ്- സ്റ്റീവ് ചെൻ, ചോഡ് ഹർലി, ജാവേദ് കരീം

ആപ്പിൾ- സ്റ്റീവ് ജോബ്സ്

വാട്സ്ആപ്പ്- ജാൻ കോം, ബ്രിയാൽ ആക്റ്റൺ

**- ഗോവർധൻ ജി**



വിവരണം

# ഓണവിശേഷം

### മലയാള മാസങ്ങൾ

ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം, മേടം, ഇടവം, മിഥുനം, കർക്കിടകം എന്നിവയാണ മലയാള മാസങ്ങൾ.

### ചൈത്രമാസം

ശകവർഷത്തിലെ ആദ്യ മാസം ആണ് ചൈത്രമാസം. വൈശാഖം , ജ്യേഷ്ഠം, ആഷാഡം, ശ്രാവണം, ഭാദ്രപദം, അശ്വിനം, കാർത്തിക, മാർശീർഷം, പൃഷം, മാഘം, ഫാൽഗുനം എന്നിവയാണ് തുടർന്നുവരുന്ന മാസങ്ങൾ.

### ഓണ വട്ടൻ

വട്ടന്റെ ചുണ്ട് ചുവന്നാൽ അത്തം മുറ്റത്തെത്തും എന്ന പ്രയോഗം കേരളത്തിലുണ്ട് .വട്ടൻ ഒരിനം നെല്ലാണ് ഓണക്കാലം ആകുമ്പോൾ അതിന്റെ അഗ്രഹം ചുവന്ന് വരും. നെല്ല് കൊയ്യാൻ പാകമായി വന്നതിന് സൂചനയാണ് ഇത്.



– ക്രിസ്റ്റോ പി.ജെ

**കവിത**

# മഴവില്ല്

മാനത്ത് വാരിവിതറിയ

വർണ്ണക്കുടയാം  മഴവില്ല്

ആരു നിനക്കേകി വർണ്ണങ്ങൾ

എൻ കണ്ണിൽ ഇമ്പമേകാൻ



ഏഴ് വർണ്ണങ്ങളിൽ നീ നിരന്നു

ആകാശങ്ങളിൽ  ശോഭയോടെ

നടുക്ക് പച്ച മുമ്മൂന്നു നിറങ്ങൾ

ഇടത്തും വലത്തും ആരീവിധം

നിന്നെ അണിയിച്ചൊരുക്കി

എൻ കണ്ണുകൾക്ക് ഇമ്പം ഏകാൻ

വർണ്ണക്കുട യാം മഴവില്ലേ

പൊൻ പതക്കങ്ങൾ ചാർത്തി വന്ന്

എല്ലാവർക്കും സന്തോഷമേകും


മഴവില്ല് വർണ്ണക്കുടയാംമഴവില്ല്

**- Alenteena**

കഥ

# പാച്ചൻ തീവണ്ടി

ഒരിടത്ത് ഒരു തീവണ്ടി ഉണ്ടായിരുന്നു. പാച്ചൻ എന്നാണ് അവന്റെ പേര്. പാച്ചൻ എന്നും ആളുകളെയും കൊണ്ട് കാടും മലയും കടന്ന് നഗരത്തിലേക്ക് പോകും. വൈകിട്ട് മടങ്ങിവരും. ആ കാട്ടിൽ ഒരു പെരുംകള്ളൻ താമസിച്ചിരുന്നു. വഴിയിലൂടെ പോകുന്നവരെ എല്ലാം അവൻ പേടിപ്പിക്കും. എന്നിട്ട് കയ്യിലുള്ളത് തട്ടിയെടുക്കും. ഒരു ദിവസം പാച്ചൻ തീവണ്ടി നഗരത്തിലേക്ക് പോകുമ്പോൾ കള്ളൻ അതിൽ കയറിപ്പറ്റി. കള്ളൻ കയറിയ കാര്യം പാച്ചൻ അറിഞ്ഞതേയില്ല. കള്ളൻ ഒരാളുടെ ബാഗ് തട്ടിയെടുത്തു. യാത്രക്കാരുടെ കരച്ചിൽകേട്ട് പാച്ചൻ പറഞ്ഞു നമുക്ക് കള്ളനെ പിടിക്കാം. തീവണ്ടിയുടെ ഒച്ച എല്ലാം നിലച്ചു. ലൈറ്റുകൾ അണഞ്ഞു. കള്ളൻ ഇതൊന്നുമറിയാതെ പതുങ്ങി പതുങ്ങി വന്നു. അപ്പോൾ പാച്ചൻ തീവണ്ടി കൂവി. ഒച്ച കേട്ട് കള്ളൻ ഓടാൻ തുടങ്ങി. അവരും പുറകെ ഓടി. ഓടുന്നതിനിടെ ബാഗ് കള്ളന്റെ  കയ്യിൽ നിന്ന് തെറിച്ചു വീണു. ആ കള്ളൻ പിന്നീട് ആ വഴിക്ക് വന്നിട്ടില്ല.



– അലീന വി ജെ

കവിത

# ഓണത്തുമ്പികൾ

താരകത്തിൽ തുമ്പികൾ

മിന്നും പാറിപ്പറക്കുന്നു

ഊഞ്ഞാലാടി കളിക്കുന്നു

തീരം തേടി പറക്കുന്നു

ആരാമത്തിൽ വെയിൽ

പക്ഷികളിൽസൂര്യ-

നദിക്കുമ്പോൾ സന്തോഷിക്കുന്നു

നിത്യം ഉല്ലസിച്ചീടുന്നു



– എബിൻ റോബി

കഥ

# കഴുതയും പൂവൻകോഴിയും

ഒരു വനത്തിൽ ഒരു ഏകാന്ത താഴ്വരയിൽ ഒരിക്കൽ ഒരു കഴുതയും കാട്ടുപൂവൻ കോഴിയും പാർത്തിരുന്നു. മാത്രമല്ല എല്ലാ ദിവസവും അവർ ഒരുമിച്ച് കണ്ടുമുട്ടുകയും കുറച്ചുസമയം സംഭാഷണത്തിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ചിലപ്പോൾ പരസ്പരം കൂട്ട കൂടി അവർ വനത്തിലൂടെ ഭക്ഷണം തേടി പോവുകയും ചെയ്തു.

പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ കഴുത ഒരു യഥാർത്ഥ വിഡ്ഢിയായിരുന്നു. പക്ഷേ പൂവൻകോഴി ബുദ്ധിയുള്ള പക്ഷി ആയിരുന്നു. അതിന് ഇരപിടിയൻ മൃഗങ്ങളിൽ നിന്ന് രക്ഷ നേടുന്നതിനും അവയെ ഓടിക്കുന്നതിനു ധാരാളം തന്ത്രങ്ങൾ അറിയാമായിരുന്നു. പലപ്പോഴും കഴുതയെ അതിന്റെ ജീവൻ അപകടത്തിൽപ്പെടുന്നതിൽനിന്നും പൂവൻ രക്ഷപ്പെടുത്തിയിട്ടുണ്ട്. പക്ഷേ കഴുത എല്ലായെപ്പോഴും താൻ ഒരു സമർത്ഥനം കഴിവുള്ളതുമായ മൃഗം ആണെന്നുള്ള ചിന്തയിലായിരുന്നു.

ഒരു ദിവസം രണ്ടുപേരും ഒരു കുളത്തിനു സമീപം വന്നുചേർന്നു. അതിന്റെ കരയിൽ അല്പം വിശ്രമിച്ചു. ആ ദിവസത്തെ അവരുടെ നേട്ടങ്ങളും കോട്ടങ്ങളും അവർ വളരെ ഗൗരവമായി സംസാരിച്ചു. അപ്പോൾ അതുവഴി ഒരു സിംഹം വന്നുചേർന്നു. കുറച്ച് അകലെ നിന്നും സിംഹം വരുന്നത് രണ്ടുപേരും കണ്ടു. അഭയം എടുക്കുന്നതിനു വേണ്ടി ചുറ്റും ധാരാളം വൃക്ഷങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് രക്ഷപ്പെടൽ ഒരു വലിയ വിഷമം അല്ല എന്ന് പൂവന് തോന്നി. എന്നാൽ കഴുതയെ സംബന്ധിച്ചിടത്തോളം അത് എളുപ്പമായിരുന്നില്ല. പക്ഷേ പൂവൻ തന്റെ സുഹൃത്തിനെ രക്ഷിക്കാൻ ആഗ്രഹിച്ചു.

നിശിതവും ശീൽക്കാരാത്മകവുമായ ശബ്ദങ്ങൾ കേട്ടാൽ സിംഹം പിൻവലിക്കയുമെന്ന് അറിയാമായിരുന്ന പൂവൻ ഒരു മരക്കൊമ്പിൽ പറന്നു കയറി

ഉച്ചത്തിലും ഭ്രാന്തമായും നിലവിളിക്കാൻ തുടങ്ങി. സിംഹത്തിന് ആ ശബ്ദങ്ങൾ ശല്യമായി തോന്നിയതിനാൽ കഴുതയെ ഉപദ്രവിക്കാതെ തിരികെ നടന്നു പോയി.

ഇതെല്ലാം കണ്ട് കഴുത ചിന്തിച്ചു. പൂവന്റെ ശബ്ദം കൊണ്ട് സിംഹം പേടിക്കുകയാണെങ്കിൽ എനിക്ക് അതിനെ തൊഴിച്ചു കൊല്ലുവാൻ കഴിയും. ഈ നിസ്സാര പൂവൻകോഴിയെക്കാൾ കരുത്തനാണ് ഞാൻ. അങ്ങനെ ചിന്തിച്ചു കൊണ്ട് കഴുത സിംഹത്തിനെ ആക്രമിക്കുവാൻ ഓടിച്ചെന്നു. എന്നാൽ ഇര തന്റെ നേർക്ക് വരുന്നതുകണ്ട് സിംഹം ഒറ്റയടിക്ക് തന്നെ കഴുതയെ കൊല്ലുകയും അതിനെ വലിച്ചുകീറുകയും ചെയ്തു.

സിംഹം ഭക്ഷിച്ചു പോയപ്പോൾ പൂവൻ താഴെ വന്ന് തന്റെ സുഹൃത്തിന്റെ വീണ്ടുവിചാരമില്ലാത്ത പ്രവർത്തിയെ ഓർത്ത് വേദനിച്ചു കൊണ്ട് സ്വന്തം വാസസ്ഥലത്തേക്ക് പോയി.



– റിതിക് കുമാർ

കവിത

# ബാല്യകാലം

നോക്കുവിൻ നമ്മുടെ ബാല്യകാലം

എന്തൊരു രസകരമായ കാലം

കൂട്ടൊന്ന് കൂടുവാൻ കൂട്ടുകാരും

വിദ്യയേ കുന്നോരധ്യാപകരും

വെയിലത്തും മഴയത്തും ഒരു പോലെയായി

കളിച്ച ഉല്ലസിച്ച ചോര ബാല്യകാലം

ആദ്യം പഠിച്ചോരാ വിദ്യാലയം

മറക്കുവാൻ കഴിയില്ല കൂട്ടുകാരെ


പിന്നെയും പിന്നെയും പോകുവാനായി

വീണ്ടും കൊതിച്ചോരു ബാല്യകാലം

വീണ്ടും കൊതിച്ചോരു ബാല്യകാലം

എന്തൊരു രസകരമായ കാലം

മറക്കുവാൻ കഴിയില്ല കൂട്ടുകാരെ




– സമീറ ടി എസ്

കവിത

# എന്റെ യാത്ര

എവിടെയെന്നറിയാതെ യാത്ര
പൂക്കളെ ഒന്നു തഴുകി നടന്നു ഞാൻ
ചെടികളോ മന്ദസ്മിതം തൂകി നിൽക്കവേ
മഴയുണ്ട് വെയിലുണ്ട് കാറ്റുണ്ട് കൂട്ടിനായി
ഞാൻ തനിച്ച് അല്ലാത്ത യാത്ര
എന്റെ യാത്ര...
കളകളം ഒഴുകുന്ന അരുവിയുടെ കൂടെ
മഴയുടെ മധുരമാം ശബ്ദമുണ്ട്
ഇളം കാറ്റിലൂടതാ സസ്യലതാദികൾ
എൻ നേരെനോക്കി യാത്രചൊല്ലി
ആ കാറ്റിലൂടെ താ മരങ്ങളും ചാഞ്ചാടി
മധുരമാം ശബ്ദം പൊഴിച്ചിട വേ
വാനം ഒട്ടാകെ നിറത്തിൽ ആഴ്ത്തി
സൂര്യൻ ദൂരെയെങ്ങോ ട്ടോ മറഞ്ഞിട്ടു ന്നു
ഇനിയുമെൻ യാത്ര തീർന്നിട്ടും ഇല്ല
എന്നാൽ ഈ മാനമെന്തേ കറുത്തുപോയി
ഈ മാനമെന്തേ കറുത്തുപോയി



– ഫാത്തിമത് തസ്നി

# 2019 20 അക്കാദമിക് വർഷത്തിൽ സ്കൂളിൽ നടന്ന വിവിധ പ്രവർത്തനങ്ങൾ

ജൂൺ 6 പ്രവേശനോത്സവം നടന്നു. ഹയർസെക്കൻഡറി ഹൈസ്കൂൾ സംയുക്തമായി നടത്തിയ പ്രാർത്ഥനായജ്ഞം തോടെ പ്രവേശനോത്സവത്തിന് തുടക്കംകുറിച്ചു വാദ്യമേളങ്ങളുടെ അകമ്പടിയോടെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ നവാഗതർക്ക് സ്വാഗതം നൽകി. സാഹിത്യരംഗത്ത് തന്റെ തായ രചനകളിലൂടെ വ്യക്തിമുദ്രപതിപ്പിച്ച കൊണ്ടിരിക്കുന്ന കുമാരി അമൃത തങ്കച്ചൻ മുഖ്യപ്രഭാഷണം നടത്തി.

ജൂൺ 19 വായനാദിനം

വായനാദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു പുസ്തകപരിചയം പ്രസംഗ മത്സരം ക്വിസ് മത്സരം കവർ പേജ് ഡിസൈനിങ് തുടങ്ങിയവ നടത്തി.

ആദ്യത്തെ ജനറൽ ബോഡി യോഗം ജൂൺ 25 ആം തീയതി നടന്നു.

വായനാ വാര സമാപനവും വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും ജൂൺ 26 ന് നടന്നു. തുടർന്ന് എസ് പി സി ജെ ആർ സി ലിറ്റിൽ കൈറ്റ്സ് സ്കൗട്ട് ആൻഡ് ഗൈഡ് എന്നിവരുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ റാലി നടത്തി നീണ്ട നോക്കി യിൽ നടന്ന പരിപാടിയിൽ വിദ്യാർഥികൾ ഫ്ളാഷ് മോബ് അവതരിപ്പിച്ചു

വിദ്യാർഥികൾക്കായി ആരോഗ്യ വകുപ്പ് 'മഴക്കാല ജലജന്യ രോഗങ്ങൾക്ക് എതിരെ' ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. കൊട്ടിയൂർ പി എച്ച് സി മെഡിക്കൽ ഓഫീസർ ഡോക്ടർ ശ്രുതി സെമിനാറിന് നേതൃത്വം നൽകി ക്ലാസ്സുകൾ നയിച്ചു.

ജൂലൈ 1 സ്കൂളിലെ ലഹരി വിരുദ്ധ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ സൈക്കിൾ റാലിയും പോസ്റ്റർ മത്സരവും സംഘടിപ്പിച്ചു. ഹെഡ് മാസ്റ്റർ ശ്രീ ടി ടി സണ്ണി റാലി ഫ്ലാഗ്ഓഫ് ചെയ്തു.

പച്ചക്കറി വിത്ത് വിതരണം ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതിയുടെ ഭാഗമായി കൃഷിഭവൻ കൊട്ടിയൂർ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും പച്ചക്കറി വിത്ത് നൽകി.

ജൂലൈ 6 സ്കൂളിൽ ബഷീർ അനുസ്മരണം നടത്തി. തുടർന്ന് വൈക്കം മുഹമ്മദ് ബഷീറിനെക്കുറിച്ചുള്ള ആനിമേഷൻ സിനിമ ഭൂമിയുടെ അവകാശികൾ കുട്ടികൾക്കായി പ്രദർശിപ്പിച്ചു.

ജൂലൈ 16 ചക്കമഹോത്സവം



സ്കൂളിലെ വിദ്യാർഥികൾക്കായി ചക്ക മഹോത്സവം നടത്തി ചക്ക കൊണ്ടുള്ള വിവിധ വിഭവങ്ങൾ തയ്യാറാക്കി കൊണ്ടുവരികയായിരുന്നു ദൗത്യം. കുട്ടികളുടെ സജീവ പങ്കാളിത്തത്തോടെ ചക്ക മഹോത്സവം ഒരു വേറിട്ട പ്രതീതി ആയി.

ജൂലൈ 17 മുട്ടക്കോഴി വിതരണം കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പിന്റെ യും കൊട്ടിയൂർ ഗ്രാമ പഞ്ചായത്തിലെയും ചുങ്കക്കുന്ന് വെറ്റിനറി പോളിടെക്ലിക്കിന് നേതൃത്വത്തിൽ സ്കൂൾ പൗൾട്രി ക്ലബ്ബ് അംഗങ്ങൾക്കായി മുട്ടക്കോഴി വിതരണം നടന്നു.



ജൂലായ് 26 ന് കാർഗിൽ ദിനാചരണം നടത്തി. കാർഗിൽ വിജയത്തിന് ഇരുപത് വർഷം എന്ന് ഡോക്യുമെന്ററി പ്രദർശിപ്പിച്ചു.

ജൂലൈ 30 പ്രേംചന്ദ് ദിനാചരണം.

ഹിന്ദി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഹിന്ദി പ്രമുഖ സാഹിത്യകാരനായ പ്രേംചന്ദ് ജയന്തി ദിനാചരണം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. പൂസ് കി രാത് എന്ന കൃതിയുടെ വീഡിയോ പ്രദർശിപ്പിച്ചു കൊളാഷ് പോസ്റ്റർ മത്സരങ്ങൾ നടത്തി.

ആഗസ്റ്റ് 2 എസ്പിസി ദിനാചരണം സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ പത്താം വാർഷിക വാരാചരണത്തിന് വിപുലമായ ചടങ്ങുകൾ. സബ് ഇൻസ്പെക്ടർ

അബ്ദുൽറഹ്മാൻ പതാക ഉയർത്തി. കേഡറ്റുകൾ സമാഹരിച്ച് ഇരുന്നൂറോളം പുസ്തകങ്ങളുമായി പുസ്തക വരവ് സംഘടിപ്പിച്ചു.

ആഗസ്റ്റ് 6 ഹിരോഷിമ ദിനം



സുഡോക്കു കൊക്കുകളെ നിർമ്മിച്ചു പ്രദർശിപ്പിച്ചു, ഹിരോഷിമാ ദിനാചരണം നടന്നു. ഡോക്യുമെന്ററി പ്രദർശിപ്പിച്ചു.

ക്ലാസ് പി ടി എ ഓഗസ്റ്റ് രണ്ടിന് നടന്നു. എല്ലാ ക്ലാസുകളിലും ഭൂരിഭാഗം രക്ഷിതാക്കളും പിടിഎ യിൽ പങ്കെടുത്തു.

ഓഗസ്റ്റ് 11 ദുരിതാശ്വാസ ക്യാമ്പ് പ്രളയബാധിതർക്ക് വിദ്യാലയം അഭയം നൽകി അധ്യാപകർ വിവിധ സംഘടനകൾ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുകൊണ്ടു.

ഓഗസ്റ്റ് 16 വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് വിദ്യാലയം ശുചിയാക്കി. ഓഗസ്റ്റ് 29 ഫിറ്റ് ഇന്ത്യ ദിനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസംഗം കുട്ടികളെ കേൾപ്പിച്ചു.

സെപ്റ്റംബർ 2 ഓണാഘോഷം ഓണാഘോഷ പരിപാടികൾ ഹ്രസ്വവും മനോഹരവുമായി കൊണ്ടാടി. ഡിജിറ്റൽ പൂക്കള മത്സരം മാവേലി മത്സരം ഓണപ്പാട്ട് മത്സരം എന്നിവ നടത്തി. എല്ലാ വിദ്യാർത്ഥികൾക്കും പായസം സ്കൂളിൽ തയ്യാറാക്കിയിരുന്നു.




അധ്യാപക ദിനാചരണം

പി ടി എ യുടെ നേതൃത്വത്തിൽ അധ്യാപകദിനം സമുചിതമായി ആചരിച്ചു. സ്കൂൾ മാനേജർ റവ. ഫാദർ ഷാജി മുളകുടിയാങ്കലിന്റെ നേതൃത്വത്തിൽ എല്ലാ അധ്യാപക-അനധ്യാപക ആരെയും ആദരിച്ചു.

സെപ്റ്റംബർ 16 ഓസോൺ ദിനാചരണത്തോടനുബന്ധിച്ച് പോസ്റ്റർ രചന മത്സരം നടന്നു. ഓണസദ്യയും നടന്നു. സെപ്റ്റംബർ 17 സ്കൂൾ തല ശാസ്ത്ര സെമിനാർ സംഘടിപ്പിച്ചു. സെപ്റ്റംബർ 25ന് സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടന്നു. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് നടത്തിയ ആദ്യത്തെ സ്കൂൾ ഇലക്ഷൻ ആയിരുന്നു ഇത്.



സെപ്റ്റംബർ 25 സ്കൂൾ തല ശാസ്ത്ര മേള നടത്തി. ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയ ഐ ടി മേള കളിലായി ഇരുന്നൂറിൽ പരം വിദ്യാർത്ഥികൾ പങ്കെടുത്തു. ശാസ്ത്രപരീക്ഷണങ്ങൾ മൈക്രോസ്കോപ്പ് ഉപയോഗിച്ച് സ്ലൈഡ് നിരീക്ഷണം നിർമ്മാണ വസ്തുക്കളുടെ പ്രദർശനം എന്നിവ സംഘടിപ്പിച്ചു.

സെപ്റ്റംബർ 26 27 സ്കൂൾ തല കലോത്സവം സംഘടിപ്പിച്ചു വിദ്യാർഥികളുടെ വൈവിധ്യമാർന്ന പരിപാടികൾ സ്കൂൾ കലാമേള യെ ഗാംഭീര്യമുള്ള താക്കി.

ഒക്ടോബർ 2 ഗാന്ധിജയന്തി ഗാന്ധി ജയന്തിയോടനുബന്ധിച്ച് കുട്ടികൾ അധ്യാപകരുടെ നേതൃത്വത്തിൽ പരിസര ശുചീകരണവും റാലിയും നടത്തി. ഒരു കുട്ടിക്ക് ഒരു തൈ എന്ന സന്ദേശവുമായി സ്കൂൾ പരിസരത്ത് വൃക്ഷത്തൈ നട്ടു.

ഒക്ടോബർ മൂന്ന് നാല് കായിക മാമാങ്കം

സ്കൂൾതല കായികമേള ഒക്ടോബർ മൂന്നിന് ആരംഭിച്ചു ഹൈസ്കൂൾ ഹയർസെക്കൻഡറി വിഭാഗങ്ങളിൽ സംയുക്തമായി നടത്തിയ കായികമേളയിൽ വിദ്യാർഥികൾ മികവ് കാട്ടി.

ഒക്ടോബർ 10 ഐ എസ് ആർ ഒ ശാസ്ത്രജ്ഞൻ സ്കൂളിൽ

ബഹിരാകാശ വാരാചരണത്തിന് ഭാഗമായി തിരുവനന്തപുരം ഐ എസ് ആർ ഒ യിൽ നിന്നും ശാസ്ത്രജ്ഞൻ ശ്രീ ജോൺ പോൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി സെമിനാർ നയിച്ചു.

ഒക്ടോബർ 11 ഗൃഹ വൈദ്യുതീകരണം വയറിങ് പരിശീലനം



സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പത്താംക്ലാസ് വിദ്യാർഥികൾക്കായി ഗൃഹ വൈദ്യുതീകരണം വയറിങ് പരിശീലനം നടന്നു.

ഒക്ടോബർ 17 അന്നദാനം മഹാദാനം

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികളും ഒരു കുട്ടി ഒരു പൊതിച്ചോറുമായി തെറ്റു വഴിയിലേക്ക് കുട്ടികൾ കൊണ്ടുവന്ന ഭക്ഷണപ്പൊതികൾ നൽകിക്കൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ വിദ്യാർഥികൾ പങ്കുചേർന്നു. തെറ്റുവഴിയിലെ അഗതിമന്ദിരം ആയ മരിയ ഭവനിൽ എല്ലാ വ്യാഴാഴ്ചയും ജെ ആർ സി എസ് പി സി സ്കൗട്ട് ആൻഡ് ഗൈഡ്സ് വിദ്യാർത്ഥികൾ ഭക്ഷണം നൽകി വരുന്നു.

ഒക്ടോബർ 17 മാതൃ ശാക്തീകരണ ശില്പശാല നടന്നു. ക്ലാസ് തലത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ പഠന സാധ്യതകൾ അമ്മമാരെ പരിചയപ്പെടുത്തി.

ശാസ്ത്രമേള

ഇരിട്ടി ഉപജില്ലാഗണിതശാസ്ത്ര മേളയിൽകൊട്ടിയൂർ ഐ ജെ എം ഹയർസെക്കൻഡറി സ്കൂൾ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ശാസ്ത്രമേളയിൽ സബ്ജില്ലയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

മികച്ച നേട്ടം.

ലഹരിവിരുദ്ധ ആചരണ ത്തിന്റെ ഭാഗമായി മാനന്തവാടി കോർപ്പറേറ്റ് മികച്ച ലഹരി വിരുദ്ധ പ്രവർത്തനം കാഴ്ചവച്ച വിദ്യാലയത്തിനുള്ള ക്യാഷ് പ്രൈസ് ഐ ജെ എം ഹയർസെക്കൻഡറി സ്കൂളിന് ലഭിച്ചു.

നവംബർ 6 വിനോദയാത്ര




പത്താംക്ലാസിലെ 96 വിദ്യാർത്ഥികൾ അധ്യാപകരോടൊപ്പം മൂന്നാർ ആതിരപ്പള്ളി സിൽവർ സ്റ്റോം സ്നോപാർക്ക് എന്നിവിടങ്ങളിൽ വിനോദയാത്ര നടത്തി.

നവംബർ 7 സ്കൗട്ട് ആൻഡ് ഗൈഡ്സ് ഡേ ആചരിച്ചു.



നവംബർ 14 ശിശുദിനാഘോഷം

ശിശുദിനാഘോഷ ത്തിന്റെ ഭാഗമായി എല്ലാ വിദ്യാർഥികൾക്കും മധുരപലഹാരം നൽകി ഹെഡ്മാസ്റ്റർ ശിശുദിന സന്ദേശവും ആശംസയും നൽകി.

പ്രതിഭകളെ തേടി.



ഹെഡ്മാസ്റ്റർ സ്റ്റാഫ് സെക്രട്ടറി വിദ്യാർഥി പ്രതിനിധികൾ എന്നിവർ ഇന്ത്യൻ വോളിബോൾ മുൻ ചീഫ് കോച്ച്SAI കൊട്ടിയൂർ പി എ ജോസഫിനെ സന്ദർശിച്ച് അഭിമുഖം നടത്തുകയും ആദരിക്കുകയും ചെയ്തു.

കുഞ്ഞു പൂക്കൾക്കൊപ്പം

എസ് പി സി ജെ ആർ സി കേഡറ്റുകൾ അധ്യാപകരുടെ നേതൃത്വത്തിൽ എസ് എൻ എൽ പി സ്കൂൾ സന്ദർശിച്ച കുഞ്ഞു കുട്ടികൾക്ക് ആശംസ കാർഡ് മധുരപലഹാരങ്ങളും നൽകി. ഒരു മണിക്കൂർ സമയം കുട്ടികളോടൊത്ത് ചെലവഴിച്ച വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. സ്കൗട്ട് ആൻഡ് ഗൈഡ് നീണ്ട നോക്കി അംഗൻവാടി സന്ദർശിച്ച് മധുരപലഹാരവും സ്കൗട്ട് ആൻഡ് ഗൈഡ് നീണ്ട നോക്കി അംഗൻവാടി സന്ദർശിച്ച് മധുരപലഹാരവും ആശംസകാർഡുകൾ നൽകുകയും കലാവിരുന്ന് ഒരുക്കുകയും ചെയ്തു.

നവംബർ 22 ജനറൽ പിടിഎ യോഗം നടന്ന ജില്ലാ പഞ്ചായത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി യുമായി ബന്ധപ്പെട്ട പഠന കാര്യങ്ങൾ രക്ഷിതാക്കൾ വഹിക്കേണ്ട പങ്കിനെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തി. ലഹരി ഉപയോഗത്തിനെതിരെ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ബോധവൽക്കരിച്ച് ച്ചു. കുട്ടികളുടെ ആഹാരക്രമം ത്തെക്കുറിച്ച് ആരോഗ്യ കേന്ദ്രത്തിൽ നിന്നും ഡോക്ടർ ഹാഷിം ക്ലാസെടുത്തു.

നവംബർ 27

വിവിധ സംഘടനകളുടെ ഉദ്ഘാടനം



എസ് പി സി ,ജെ ആർ സി ,സ്കൗട്ട് ആൻഡ് ഗൈഡ് സ്, ലിറ്റിൽ കൈറ്റ്സ് , ആയുഷ് ക്ലബ്ബ് എന്നീ സംഘടനകളുടെ ഔപചാരികമായ ഉദ്ഘാടനം നടന്നു.

നവംബർ 28 പുഴ നടത്തം

ശുചിത്വ മിഷൻ സംഘടിപ്പിക്കുന്ന ക്ലീൻ ബാവലി ഗ്രീൻ പേരാവൂർ ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ട് പുഴയെ അറിയാൻ വിദ്യാർഥികൾ പുഴ നടത്തം നടത്തി.

ഡിസംബർ 2 കൗൺസിലിംഗ്

വിദ്യാർത്ഥികൾക്കായുള്ള കൗൺസിലിംഗ് സിസ്റ്റർ റോസ്ലി എസ് എച്ച് ആരംഭിച്ചു.

ഡിസംബർ 4 പ്രാദേശിക പി ടി എ കൂട്ടുംതേടി




2019 20 അധ്യയനവർഷത്തെ പ്രാദേശിക വീട്ടിലേക്ക് തുടക്കം കുറിച്ചു. വിവിധ മേഖലകളിലായി 11 പ്രാദേശിക പിടിഎ നടത്തി.കൂട്ടുംതേടി പ്രാദേശിക പിടിഎ സമാപനം. പാലുകാച്ചി, ഒറ്റപ്ലാവ്, ചുങ്കക്കുന്ന്, വെങ്ങലോടി, ചപ്പമല ,നീണ്ടുനോക്കി, നെല്ലിയോടി,അമ്പായത്തോട്, പാൽചുരം, പന്ന്യാമല, മന്ദംചേരി എന്നിവിടങ്ങളിൽ

നടന്ന പ്രാദേശിക പിടിഎയുടെ സമാപനം ഡിസംബർ 19 ന് മന്ത്രം ചേരിയിൽ സമാപിച്ചു. ചടങ്ങിൽ ദേശീയ താരം മാസ്റ്റർ അലൻ മാത്യുവിനെ ആദരിച്ചു.

ഡിസംബർ 5 വിമുക്തി 2019 നാളത്തെ കേരളം ലഹരി വിമുക്ത നവകേരളം- 90 ദിന തീവ്രയത്ന പരിപാടിയുടെ ഭാഗമായി ലഹരിവിരുദ്ധ ക്ലബ്ബ് പുനസംഘടന യും ഹ്രസ്വ ചിത്ര പ്രദർശനവും നടന്നു.

സ്ത്രീ സുരക്ഷാ സെമിനാർ



പെൺകുട്ടികൾക്കായി സ്വയം പ്രതിരോധ പരിശീലനപരിപാടി 'പ്രതിരോധം' സംഘടിപ്പിച്ചു.

ഡിസംബർ 20

എസ്എസ്എൽസി ക്യാമ്പിനെ കുറിച്ച് ചർച്ച നടന്നു. ക്രിസ്മസ് കേക്ക് മുറിച്ച് ആശംസകൾ കൈമാറി.

ഡിസംബർ 26 മുതൽ 28 വരെ എസ് പി സി ത്രിദിന ക്യാമ്പ് സംഘടിപ്പിച്ചു.

ഡിസംബർ 31 വർഷാവസാന ദിനം എസ് എസ് എൽ സി വിദ്യാർത്ഥികൾക്കായി സ്കൂൾ മാനേജർ പ്രത്യേക പ്രാർത്ഥന നടത്തി. എസ്എസ്എൽസി ക്യാമ്പിനെ മുന്നൊരുക്കമായി രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസും ക്ലാസ് തല

പിടിഎയും നടന്നു.ജനുവരി 4 ജെ ആർ സി കേഡറ്റുകൾ ക്കായി കാവുംപടി യിൽ വച്ച് ഇൻസ്പിരേഷൻ ക്യാമ്പ് നടന്നു.


ജനുവരി 9 നാൽപ്പത്തിനാലാമത് സ്കൂൾ വാർഷികവും സർവീസിൽ നിന്ന് വിരമിക്കുന്ന ലൗലി മാത്യു ടീച്ചർക്ക് യാത്രയയപ്പ് സമ്മേളനവും നടന്നു. മലയാള




സിനിമ സംവിധായകൻ അനുരാജ് മനോഹർ സമ്മേളനം ഉദ്ഘാടനം ചെയ്തു. നിർമ്മലഗിരി കോളേജ് റിട്ട് പ്രിൻസിപ്പൽ ജോസെലെറ്റ് മാത്യു മുഖ്യപ്രഭാഷണം നടത്തി. ദേശീയ-സംസ്ഥാന വിജയികളെ പ്രസ്തുത ചടങ്ങിൽ ആദരിച്ചു.

ജനുവരിയിൽഎസ് എസ് എൽ സി വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു.




Reminder ...
In this digital era ,
the whole world is at your finger tips.
For your parents ,
their world is also at your finger tips.

*Thanks*


MEDIA
NETWORK SEARCH
WORLD
BUSINESS